
# അപ്രമാദിത്വം



## ത്രിമൂർത്തികൾ

ഗ്രന്ഥകർത്താ →
44—൧൦ വയസ്സ്

E 272

# നിരൂപണസാഹിത്യം.

സാഹിത്യതിലകൻ

**സി. കെ. മററം.**

കെ. എച്ച്. എസ്. എഫ്. ആർ. എസ്. എ;
(ലണ്ടൻ) എം. ആർ. എ. എസ്.
കുറവിലങ്ങാട്ട്.

3-ാം പതിപ്പ് പ്രതി 1000.

ലൈ **1958.** വില. 1—8—0.

അച്ചടി
ഗുഡ് ഹോപ്പ് പ്രിൻറേഴ്സ്,
കോട്ടയം.

# NIROOPANA SAHITHYAM

By

Sahithya Tilakan
C. K. MATTOM, K. H. S; M. R. A. S; F. R. S. A. (London)
Kuravilangad, Kerala State.

Third Impression July 1958.

Copies 1000.

PRINTED AT THE
GOOD HOPE PRINTERS, KOTTAYAM.

## മൂന്നാം പതിപ്പിന്റെ

# വിജ്ഞാപനം

നിരൂപണസാഹിത്യം പണ്ടു് മദ്രാസു് യൂണിവേഴ്സിററി വിദ്വാൻ പരീക്ഷയ്ക്കു ഒരു പാഠ്യപുസ്തകമായിരുന്നു. അതിന്റെ രണ്ടു പതിപ്പുകളും വിററു തീൎന്നിട്ടു വർഷങ്ങൾ ഒട്ടുവളരെ കഴിഞ്ഞിരുന്നു. അതിന്റെ ഒരു പ്രതി കിട്ടാതെ വിഷമിച്ചിരുന്നപ്പോൾ, പ്രൊഫസ്സർ സി. ഐ. രാമൻനായരുടെ പക്കൽ നിന്നു ഒരെണ്ണം കിട്ടി. അദ്ദേഹം തന്നെ അതിലെ അച്ചടിത്തെററുകൾ സ്നേഹപൂർവ്വം തിരുത്തിത്തരുകയും ചെയ്തു. അങ്ങനെയാണിപ്പോളെങ്കിലും ഈ മൂന്നാംപതിപ്പു് ഇറക്കുവാനിടയായതു് ത്രിമൂൎത്തിവലയത്തിലെ മഹാകവി വള്ളത്തോളിനു ഉന്നതമായ ഒരു സ്ഥാനം നൽകുന്ന കവർ പേജു് ആ മഹാകവിയ്ക്കു കാണുവാൻ ഇനി സാധ്യമല്ല. അതിൽ ഖേദിക്കുന്നു. നമ്മുടെ സാഹിത്യത്തിന്റെ നിരൂപണശാഖ ഇന്നത്തെപ്പോലെ പുരോഗമിച്ചിട്ടില്ലാതിരുന്ന കാലത്തു എഴുതിയ ഒരു കൃതിയാണു് നിരൂപണസാഹിത്യം. ആ കാരണത്താൽ തന്നെ ഈ കൃതിക്കു പ്രത്യേകമായ ഒരു മൂല്യം സാഹിത്യസഹൃദയന്മാർ നൽകുമെന്നാണെന്റെ പ്രതീക്ഷ.

മഗ്ദലേനാ നിരൂപണത്തിനു പ്രാധാന്യം നൽകിക്കൊണ്ടു് രചിച്ചിരിക്കുന്ന ഈ കൃതിയ്ക്കെങ്ങനെ നിരൂപണസാഹിത്യമെന്നു പേരു വന്നുവെന്നു സന്ദേഹിക്കുന്നവർ, വിമർശന വിഹാരത്തിനു് ആയു[illegible]ൻ ശ്രീ. അനന്തൻപിള്ള എഴുതിയ മുഖവുര വായിച്ചാൽ സമാധാനം കണ്ടെത്തും. നിരൂപണസാഹിത്യത്തിന്റെ അവതാരകൻ കെ. ശങ്കരപ്പിള്ള ഇന്നു മൺമറഞ്ഞിരിക്കുന്നു. അതുപോലെ തന്നെ ത്രിമൂർത്തികൾ മൂന്നുപേരും—ഇവർ നാലുപേർക്കു് ആത്മീയശാന്തി നേർന്നുകൊള്ളുന്നു.

ഗ്രന്ഥകർത്താ

സി. കെ. മററം.

10th July 1958.
Kuravilangad P.O.

# അവതാരിക

സ്വഭാഷാപോഷണത്തിനു ഇപ്പോൾ അപരിത്യാജ്യമായിത്തീൎന്നിട്ടുള്ള പ്രസ്ഥാനവിഷയങ്ങളെ ലക്ഷീകരിക്കുന്ന സൽഗ്രന്ഥങ്ങൾ, സൎവഥാ ആദരണീയങ്ങളാണല്ലോ. ഇത്തരം ഗുണപൌരുഷ്കല്യമുള്ള ഗ്രന്ഥങ്ങളുടെ പ്രചാരത്തിൽ യഥാശക്തി ഉത്സാഹിക്കയെന്നതുപോലും പൊതുവേ ഭാഷാഭിമാനികൾക്കു ചാരിതാൎത്ഥ്യഹേതുകമായിരിക്കെ, ഏതാദൃശപ്രസ്ഥാനനിൎദ്ദിഷ്ടമായ ഒരു ഗദ്യപ്രബന്ധത്തെ അവതരിപ്പിക്കാനിടകിട്ടുന്നതു്, ഭാഷാപ്രണയദൃഷ്ടിയിൽ സൌഭാഗ്യലക്ഷ്യമായിത്തന്നേ ഗണിക്കണം. ആ സ്ഥിതിക്കു, നിരൂപണ വിഷയകമായ ഈ നൂതനഗദ്യപ്രബന്ധത്തെ ഇങ്ങനെ സജ്ജനസമക്ഷം പ്രകാശിപ്പിക്കുവാൻ അവസരം ലഭിച്ചിരിക്കുന്നതിൽ എനിക്കുള്ള ആദരപ്രണീതമായ ആനന്ദാതിശയം അപരിമേയമെന്നേ പറയേണ്ടതുള്ളു.

ഒരു നല്ല ഗദ്യകാരനെന്ന സുപ്രസിദ്ധി കുറേക്കാലം മുമ്പുതന്നേ നേടിക്കഴിഞ്ഞിരിക്കുന്ന ഫാദർ മററം, നിഷ്പക്ഷവും നിരങ്കുശവും നിശിതപ്രേക്ഷകവും ആയ വിധം സാഹിത്യകൃതികളെപ്പററി നിരൂപണം ചെയ്യുന്നവിഷയത്തിലും സമൎത്ഥനാണെന്നു തന്റെ "വിമൎശനവിഹാരം"കൊണ്ടു അഭിജ്ഞന്മാരെ സമ്മതിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. അതിനേക്കാൾ എല്ലാംകൊണ്ടും ഉയൎന്നപടിയിലാണു് പ്രസ്തുത കൃതിയായ "നിരൂപണസാഹിത്യത്തി"ന്റെനില. വിമൎശനവിഹാരത്തിൽ പ്രധാന

മായി മഗ്ദലനമറിയത്തെപ്പറ്റിയും താരതമ്മ്യദൃഷ്ട്യാ മാത്രം ആശയസാമ്മ്യമുള്ള മററു രണ്ടു മഹാകവികളുടെ കാവ്യാംശങ്ങളെ ആസ്പദമാക്കിയും മാത്രമാണു വിമർശിച്ചുകാണുന്നതു്. എന്നാൽ പ്രസ്തുത കൃതിയാകട്ടെ പൊതുവേയുള്ള സാഹിത്യനിരൂപണരീതികളെപ്പററി നേരിട്ടു വ്യവഹരിക്കുന്നു.

പ്രസ്തുത കൃതിക്കു് അടിസ്ഥാനമായുള്ള ഈ നിരൂപണമതങ്ങൾ ഉപന്യാസരൂപത്തിൽ, തിരുവനന്തപുരത്തു വച്ചുകൂടിയ സമസ്തകേരള സാഹിത്യപരിഷത്തിലെ അഭിജ്ഞാംഗങ്ങളുടെ പ്രശംസയ്ക്കുപാത്രീഭവിച്ചിട്ടുള്ളതാണെന്നുകൂടി അറിയുമ്പോൾ ഇതിൻെറ യഥാർത്ഥ സാഹിത്യഗുണസമ്പത്തിയേപ്പററി ഞാൻ പ്രത്യേകിച്ചെന്തെങ്കിലും തന്നെ പറയേണ്ട ആവശ്യമില്ല.

ഇനി, സാഹിത്യനിരൂപണചർച്ചകൾകൊണ്ടു ഭാഷയ്ക്കുണ്ടാകുന്ന ഗുണങ്ങളെ സംബന്ധിച്ചാണു് രണ്ടുവാക്കു എനിക്കു പറയാനുള്ളതു്. "ചാലേസൂകരപോതസന്നിഭങ്ങളാ"യി, ഈയിടയ്ക്കു പുറപ്പെട്ടുകൊണ്ടിരിക്കുന്ന ഭാഷാഗ്രന്ഥങ്ങളുടെ നന്മതിന്മകളേ വേർതിരിച്ചു കാട്ടിക്കൊടുക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ പലതാണു്.

"പുരാണമിത്യേവനസാധുസർവ്വം
നചാപികാവ്യംനവമിത്യവദ്യം
സന്തഃ പരീക്ഷ്യാന്യതരൽഭജന്തേ
മൂഢഃ പരപ്രത്യയനേയബുദ്ധി"

എന്ന കാളിദാസമതമനുസരിച്ചു്, "പ്രാചീനകൃതികൾ എല്ലാം നന്നെന്നും, നവീന കൃതികൾ എല്ലാം ആശങ്കനീയമെന്നും മാമൂൽപ്പടിക്കുള്ള വരാഭിപ്രായഗതി

യെ കണ്ണുമടച്ചു വിശ്വസിക്കാതെ ഏതു കൃതിയുടേയും ഗുണദോഷസാന്നിദ്ധ്യത്തെ തന്നത്താനെ പരീക്ഷിച്ചുനിശ്ചയിക്കുവാനിടയാകുന്ന" ഒരു ചിന്താശീലം വായനക്കാരുടെയിടയിൽ ഉളവാക്കുന്നുണ്ടെന്നുള്ളതാണു്, ഇത്തരം നിരൂപണഗ്രന്ഥങ്ങൾകൊണ്ടു പ്രഥമതഃസിദ്ധിക്കുന്ന ഒരു വലിയ ഗുണം. പരാശ്രയവൃത്തി മൌഢ്യലക്ഷണമെന്നറിഞ്ഞു സ്വാശ്രയ വിവേചനത്തിനുദ്യമിക്കുന്നതുതന്നേ, മാനസികമായ ഇപ്പോഴത്തെ ഉണർവിന്റെ നൈസർഗ്ഗികചേഷ്ടയാകുന്നു. ആയതു ആത്മസംസ്കരണലക്ഷ്യവും സ്വയമേ, നിർവൃതിപ്രദായകവും കൂടിയാണു്. ഏതിനേപ്പററിയും അവനവൻതന്നേ ചിന്തിച്ചു അഭിപ്രായരൂപവൽക്കരണത്തിനു് ഉദ്യമിക്കുമെങ്കിൽ ആയതു നമ്മെ ഉൽക്കർഷസോപാനദ്വാരത്തിൽ ഉപവേശിപ്പിക്കത്തക്കതാണു്. സാഹിത്യമർമ്മജ്ഞന്മാരുടെ നിരൂപണമതപ്രഖ്യാപനംകൊണ്ടു സിദ്ധിക്കുന്ന മററൊരു ഗുണം സൽഗ്രന്ഥപ്രചാരസിദ്ധിതന്നെയാകുന്നു. ഏതാദൃശനിരൂപണങ്ങൾ ജനങ്ങളുടെ ഇടയിൽ സൽഗ്രന്ഥപാരായണശ്രദ്ധയെ വർദ്ധിപ്പിക്കയും സദസദ്വ്യക്തിവിവേകബുദ്ധിയെ ജനിപ്പിക്കുകയും ചെയ്യുന്നു. ദുഷ്കൃതികളുടെ പ്രചാരലോപവും സൽകൃതികളുടെ സമൃദ്ധിയുംതന്നെയാണല്ലോ ഭാഷാഭ്യുദയത്തിനുള്ള ശാശ്വൽ പരിമാണങ്ങൾ. ഇക്കാരണങ്ങളാലത്രെ നമ്മുടെ ഭാഷയ്ക്കു് ഇപ്പോൾ നിരൂപണപരങ്ങളായ ഗ്രന്ഥങ്ങളുടെ ആവിർഭാവം അത്യാവശ്യമെന്നു വന്നിരിക്കുന്നതു്.

എന്നാൽ ഭാഷോൽക്കർഷത്തിനു വഴികാട്ടുന്ന നിരൂപണം ഏതുതരത്തിലുള്ളതായിരിക്കണമെന്നു പ്രസ്തുതകൃതി നമുക്കു കാട്ടിത്തരുന്നു. തദ്വിഷയകമായുള്ള ആംഗ്ളേയമതാന്തരങ്ങളേയും ഭാരതീയശാസ്ത്രതത്വങ്ങളേയും

വഴിപോലെ തിരഞ്ഞെടുത്തു സജ്ജീകരിച്ചിട്ടുള്ളതിലെ നിരൂപണമാർഗ്ഗനിർദ്ദേശങ്ങൾ ഏവർക്കും ഏതുഗ്രന്ഥത്തെയും വഴിപോലെ അദ്ധ്യയനം ചെയ്യുന്നതിനും സ്വതന്ത്രമായ രീതിയിൽ സ്വാഭിപ്രായങ്ങളെ രൂപവൽക്കരിക്കുന്നതിനും ശേഷിയും ശേമുഷിയും ഉണ്ടാക്കിക്കൊടുക്കുവാൻ ധാരാളം പര്യാപ്തങ്ങളാണ്. പലതരം പാഠപുസ്തകങ്ങൾ അദ്ധ്യയനം ചെയ്യാൻ നിർബന്ധിതരാകുന്ന വിദ്യാർത്ഥികൾക്ക് ഉയർന്ന ക്ലാസ്സുകളിലെ ഒരു നല്ല സ്വഭാഷാദ്ധ്യാപകനെന്ന നിലയിൽ ഒരു വ്യാഴവട്ടക്കാലം പലേ ഭാഷാഗ്രന്ഥങ്ങളുമായി ഇടപഴകി ഏതാദൃശചർച്ചാവിധാനങ്ങളിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള ഫാദർ മററത്തിൻെറ ഈ നിരൂപണമാർഗ്ഗനിർദ്ദേശം, അത്യന്തം ഉപയോഗപ്രദമായിരിക്കുമെന്നുള്ളതിനു പക്ഷാന്തരം ഉണ്ടാവില്ല.

എന്നു തന്നെയല്ലാ, നാട്ടുഭാഷാദ്ധ്യാപനരീതിക്ക് ആശാസ്യമായ പരിഷ്ക്കാരപഥങ്ങളെ യഥായോഗ്യം സ്വീകരിക്കുവാൻ സന്നദ്ധമായുള്ള ഈ കാലഘട്ടത്തിൽ ഫാദർ മററത്തിൻെറ ഈ “നിരൂപണസാഹിത്യം” നമ്മുടെ ഭാഷയ്ക്കു നാളതുവരെ ഉണ്ടായിരുന്ന ഒരു വലിയ കുറവിനെ പരിഹരിക്കയാണു ചെയ്തിട്ടുള്ളതു്. സാഹിത്യകൃതികളെപ്പററി പൊതുവെ നിരൂപിക്കുവാൻ അദ്ധ്യേതാക്കളെ പരിശീലിപ്പിക്കുവാനുതകുന്ന ഈദൃശഗദ്യഗ്രന്ഥങ്ങൾ ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ഏതെങ്കിലും ചില കൃതികളെപ്പററി അവരവർക്കു തോന്നിയിട്ടുള്ള അഭിപ്രായങ്ങളെ മണ്ഡനൈകപരമായോ ഖണ്ഡനൈകപരമായോ ഗ്രന്ഥദ്വാരാ പ്രകടിപ്പിച്ചിട്ടുള്ളതായി കണ്ടേക്കാം. എന്നാൽ സാഹിത്യതത്വപ്രകാശകമായ നിരൂപണദൃഷ്ടിയുടെ ശാസ്ത്രാനുസാരമായ ആലോചനവിധങ്ങളെ പ്രായോഗികമായി വിസ്തരിച്ചുകാട്ടുന്ന ഈ ഗദ്യപ്രബന്ധം, അക്കാ

രണംകൊണ്ടുതന്നെ ഭാഷാഭിവൃദ്ധിജന്യമായ ഒരു നൂതന പ്രസ്ഥാനം തന്നെയാണു്.

സാഹിത്യം ഒരു കലാപ്രയോഗംആണല്ലൊ. എല്ലാ കലകൾക്കും അടിസ്ഥാനമായി ഓരോ ശാസ്ത്രതത്വങ്ങൾ ഉണ്ടായിരിക്കും. ഈ നിലയ്ക്കു പൊതുവെ സാഹിത്യത്തിൽ എപ്പോഴും ഇപ്പറഞ്ഞ രണ്ടു അംശങ്ങളും ഉണ്ടായിരിക്കുന്നതാണു്. ഒന്നാമത്തു് അതിൻെറ രസാംശം. രണ്ടാമത്തു് അതിലെ ശാസ്ത്രതത്വാംശം. ഇതിൽ നിരൂപണമെന്നുള്ളതു സാഹിത്യത്തിൻെറ ശാസ്ത്രതത്വാംശത്തെപ്പററിയാണു് ഏറിയക്രമം വ്യവഹരിക്കുന്നതു്. ശാസ്ത്രപ്രതിപാദനം സ്വതേ ഗഹനമാണെന്നു് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. എന്നാൽ ഇപ്രകാരമുള്ള ഗഹനവിഷയങ്ങളേപ്പോലും എത്രയും സുലളിതവും സരളവും ആയ വിധം പറഞ്ഞുമനസ്സിലാക്കുവാൻ ഫാദർ മററത്തിൻെറ സാമർത്ഥ്യം ഒന്നു പ്രത്യേകം തന്നെയാണു്

ഇപ്രകാരം പലപ്രകാരത്തിലും പ്രശംസാർഹമായ പ്രസ്തുത കൃതിക്കു കുറേക്കൂടി കാന്തിക്ഷമവും സാക്ഷാൽ ഭൂഷണവൽപ്രകാശമാനവും ആയ അവതാരിക എഴുതിച്ചേക്കുവാൻ എന്നേക്കാൾ കൂടുതൽ പാണ്ഡിത്യവും യോഗ്യതയും തികഞ്ഞിട്ടുള്ളവരേക്കൊണ്ടു പ്രസ്തുത ഗ്രന്ഥകാരനു സുസാദ്ധ്യമായിരിക്കേ എൻെറ ഈ പ്രകാശനപ്രഭാഷണംകൊണ്ടു തൃപ്തിപ്പെടുന്ന ഫാദർ മററത്തിനു് എൻെറ പേരിൽ തോന്നിയിട്ടുള്ള അകൈതവമായ സ്നേഹാദരങ്ങൾക്കു ഞാൻ അദ്ദേഹത്തിനു സൌഹാർദ്ദമായി നന്ദിപറയുകയും അദ്ദേഹത്തിൻെറ ഏതാദൃശമായുള്ള സാഹിത്യോദ്യമങ്ങൾക്കെല്ലാം ഇപ്പോഴും മേലാലും അടിയ്ക്കടി അഭ്യുദയങ്ങളുണ്ടാകട്ടെയെന്നു ആത്മനാ ആശംസിക്കുക

യും ചെയ്തുകൊണ്ടു് പ്രസ്തുത കൃതിയെ കേരളീയരുടെ മുമ്പിൽ ഞാൻ സകൗതുകം അവതരിപ്പിച്ചുകൊള്ളട്ടെ.

എന്നു്,

| | |
|---|---|
| S. B. College<br>Changanacherry<br>22-8-31. | K. Sankara Pillai B. A.<br>Chief Lecturer in<br>Languages. |

# നിരൂപണസാഹിത്യം

## I

നിരൂപണസാഹിത്യമെന്നുവെച്ചാൽ "സാഹിത്യകൃതികളെപ്പററി സാഹിത്യപരമായി ചെയ്യുന്ന ചർച്ചകളുടെ സംഹിതയാകയാൽ" സാഹിത്യത്തിൽ ഉൾക്കൊള്ളുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്നു് അറിയേണ്ടിയിരിക്കുന്നു. ദണ്ഡിയുടെ കാവ്യാദർശം മമ്മടന്റെ കാവ്യപ്രകാശം, ജഗന്നാഥപണ്ഡിതന്റെ രസഗംഗാധരം എന്നീ ആലങ്കാരികകൃതികളിൽ നിന്നെല്ലാം സാഹിത്യത്തിനു കാതലായ കാര്യങ്ങളെക്കുറിച്ചു നമുക്കു ഗ്രഹിക്കുവാൻ കഴിയും. എന്നിരുന്നാലും സാഹിത്യത്തെ ശാസ്ത്രരീത്യാ നിർവചിക്കുവാൻ വളരെ പ്രയാസമാണു്. സാഹിത്യപദാഗമം നോക്കുകയാണെങ്കിൽ "സഹിതത"തന്നെയാണല്ലൊ സാഹിത്യം. (സഹിതമായി അഥവാ സജ്ജമായി ചേരുംപടി ചേർന്നതേതോ അതിനു സാഹിത്യമെന്ന പേരു യോജിക്കുന്നു.) അനുഭവത്തിനു യോജിക്കുന്ന വിധം, തന്മയത്വസമന്വിതമായി ചമയ്ക്കപ്പെടുന്ന കൃതികളെല്ലാം സാഹിത്യത്തിലുൾപ്പെടുന്നു. ഒരു കൃതിക്കു തന്മയത്വം അല്ലെങ്കിൽ അനുഭവഗുണം ഉണ്ടാകണമെങ്കിൽ അതു് അനുവാചകരേയൊ ശ്രോതാക്കളേയൊ ആദ്യന്തം രസിപ്പിക്കുമാറു് സുഗ്രഹവും ഗുണോജ്ജ്വലവും ആ

യിരിക്കേണ്ടതാണ്. അതുകൊണ്ടുതന്നെയാണ് രസനിഷ്പത്തിയും രീതിസാരള്യവും ഗുണസമൃദ്ധിയും സാഹിത്യത്തിന്റെ അവശ്യോപാധികളായി പണ്ഡിതന്മാർ വിധിച്ചുകാണുന്നത്.

പക്ഷെ, അനുവാചകരെയൊ ശ്രോതാക്കളേയൊ രസിപ്പിക്കുന്നതിന് ഏതുതരത്തിലുള്ളവരുടെ അനുഭവത്തെ—ഏതു തരക്കാരായ ശ്രോതാക്കളുടേയും അനുവാചകരുടേയും മനോവൃത്തിയെ—ആണ നിദാനമായി ഗണിക്കേണ്ടതെന്ന് ഒരു ക്ലിപ്തി ഉണ്ടാകേണ്ടിയിരിക്കുന്നു. അത്യന്തം വിഭിന്നങ്ങളായ പ്രകൃതികളോടുകൂടിയ ലോകത്തിൽ ചിലർ അവരവരുടെ ചുററം നടക്കുന്ന സംഗതികളെപ്പററി അല്പംപോലും നിരീക്ഷിക്കാത്തവരായിരിക്കാം. ഏതെങ്കിലും ഒരു സംഭവത്തെ എങ്ങനെയാണ് ഇക്കൂട്ടർ സ്വാനുഭവവുമായി താരതമ്മ്യപ്പെടുത്തി അതു് ഹൃദ്യമോ എന്ന് സ്വയം തീരുമാനിക്കുക? മാറെറാരുവിധം പറഞ്ഞാൽ ഇവർ വായിക്കുകയോ കേൾക്കുകയോ ചെയ്യുന്ന യാതൊന്നിലും സഹജമായ രസം താനേ അനുഭവിക്കുന്നില്ല. പ്രേക്ഷണശീലവും തന്നിമിത്തമുണ്ടാകുന്ന നിരീക്ഷണ കൗതുകവും തീരെ ഇല്ലാത്തവർക്കു എങ്ങനെയായാലും തന്മയത്വാനുഭൂതിയോ രസോല്ലാദനമോ വരുത്തിവയ്ക്കുവാൻ വിഷമമാകുന്നു. സംസ്ക്കാരത്തിന്റെ ഉല്പത്തിസ്ഥാനമെന്ന് സാധാരണ എണ്ണിവരുന്ന ഹൃദയം എന്നൊന്ന് ഇല്ലാത്തവരായി ഇവരെ പരിഗണിക്കാം.

പ്രത്യുത ആനന്ദനിഷ്യന്ദികളായ കാര്യങ്ങൾ കണ്ടും കേട്ടും ഗ്രഹിക്കാൻ ശേഷിയുള്ളവരെ "സഹൃദയന്മാർ". എന്ന് ആലങ്കാരികന്മാർ അഭിസംബോധനം ചെയ്തിരിക്കുന്നതു എത്രയും യുക്തിപൂർവ്വമായിരിക്കുന്നു. സംസ്കൃ

താലംകാരികന്മാർ 'സഹൃദയ'ശബ്ദത്തിനു കൊടുത്തിട്ടുള്ള നിർവചനം ഇവിടെ പ്രത്യേകം സ്മർത്തവ്യമത്രെ. "യേഷാം കാവ്യാനുശീലനാഭ്യാസവശാദ്വിശദീഭൂതേ മനോമുകുരേവർണ്ണനീയതന്മയീഭവന യോഗ്യതാ, തേ സ്വഹൃദയസംവാദഭാജഃ സഹൃദയാഃ" ഇതാണു് ആ നിർവചനം.

ഇങ്ങനെയുള്ള സഹൃദയന്മാരെ രസിപ്പിക്കത്തക്ക ഗുണോജ്ജ്വലങ്ങളായ കൃതികൾക്കാണു് സാഹിത്യവേദിയിൽ സ്ഥാനം കൊടുക്കേണ്ടതെന്നുള്ള ഭാരതീയമതം സ്വീകാരയോഗ്യമാകുന്നു. രസാത്മകമായിട്ടുള്ള കാവ്യമാണു് സാഹിത്യമെന്നുള്ള ഭാരതീയ നിർവചനവും ഈ തത്വത്തെത്തന്നെ വെളിപ്പെടുത്തുന്നു. "സ്വയമേവാഗതാവരാ" എന്ന സിദ്ധാന്തത്തിൽനിന്നു്, മനുഷ്യരുടെ ഹൃദയവൃത്തികൾ ചിലപ്പോൾ നൈസർഗ്ഗികമായുണ്ടാകാറുള്ള അനർഗ്ഗളോൽഗമനമാണു് സാക്ഷാൽ കവിതയെന്നു നാം അറിയണം. ഹൃദയത്തിൽ തിങ്ങിവിങ്ങി താനേ വാഗ്രൂപത്തിൽ നിർഗ്ഗളിക്കുന്ന ആശയങ്ങളെയും വികാരങ്ങളെയും ആസ്വാദ്യതരമാക്കുവാൻ ശബ്ദാർത്ഥപ്രചുരമായ പലരീതിവിശേഷങ്ങളെ ബുദ്ധിസാമർത്ഥ്യമുള്ള മനുഷ്യർ അവരുടെ ഭാഷാപ്രകൃതിക്കു യോജിച്ചവിധം നിയമനം ചെയ്തിട്ടുണ്ടു്. കർണ്ണാനന്ദകരമായ ഗാനമാധുരിക്കു പാത്രമായി തീരത്തക്കവണ്ണം സ്വരമാത്രകളെ നിബന്ധിക്കുന്ന പലതരം വൃത്തവിശേഷങ്ങൾ സ്വീകരിക്കുകമൂലം സാഹിത്യത്തിനു പദ്യമെന്നൊരു പ്രസ്ഥാന വിശേഷമുണ്ടായി. ഭാഷയിൽ വരമൊഴിക്കു പ്രചാരം സിദ്ധിക്കുന്നതിനു മുമ്പേയുള്ള അവസ്ഥയിൽപ്പോലും, പദ്യസാഹിത്യം മററുള്ളവർക്കു കേട്ടുപഠിക്കുവാൻ എളുപ്പമാകയാൽ മനുഷ്യർ അവരുടെ ഹൃദയോൽഗളിതമായ കാവ്യപ്രവാഹ

ത്തെ പ്രസരിപ്പിക്കുന്നതിനു കണ്ടുപിടിച്ച ഒന്നാമത്തെ രീതി ഈ പദ്യസരണിതന്നെയായിരിക്കണം. സംഗീത സുകരതയ്ക്കു് അനുയോജ്യമായ ശബ്ദഭംഗിയും അക്ഷര നിയമനവും മാത്രാനിബന്ധനവും പദ്യരീതിക്കു് ഒരു പ്രത്യേക വശ്യഗുണം നൽകുന്ന കൃത്രിമപ്പകിട്ടുകളാണെന്നു സമ്മതിക്കാം. ഈ കാരണംകൊണ്ടു തന്നെയാണു് സാഹിത്യത്തിൻെറ ജീവനായ ഗുണം അഥവാ കാവ്യവൃത്തി ഭാരതീയ മതപ്രകാരം പദ്യസരണിയെ മാത്രമല്ല ആശ്രയിക്കുന്നതെന്നു വന്നുകൂടുവാൻ ഇടയായതു്. പിൽക്കാലത്തു വരമൊഴിയിൽക്കൂടി ഭാഷയ്ക്കു പ്രചാരംകിട്ടിത്തുടങ്ങിയപ്പോൾ ഹാർദ്ദഭാവങ്ങളെ സാധാരണ സംഭാഷണ രീതിയിൽ പ്രസ്പഷ്ടമാക്കുന്ന ഗദ്യരീതിയെ സാഹിത്യത്തിൻെറ സ്വാഭാവികപഥാന്തരമായി ജനങ്ങൾ സ്വീകരിച്ചു. സവിസ്തരമായ ചിത്രീകരണത്തിനും യഥാർത്ഥ പ്രകൃതിയുടെ സാക്ഷാൽകരണത്തിനും അകൃത്രിമ സരണിയിൽക്കൂടി കാവ്യപരമായ രസാത്മകത്വം വരുത്തുവാനുള്ള പ്രാഗത്ഭ്യ പരീക്ഷണത്തിനും ഗദ്യം പദ്യത്തെപ്പോലെ തന്നെ വിശിഷ്ടമായ ഒരു സാഹിത്യപാന്ഥാവായിത്തിന്നു. ഈ യുക്തിയനുസരിച്ചാണു് ഗദ്യപ്രബന്ധങ്ങളും പദ്യകൃതികളും ഭാരതീയരായ നമ്മുടെ മാനദണ്ഡമനുസരിച്ചു് ഒരുപോലെ കാവ്യജാതിയിൽ ഉൾപ്പെടുത്തി വ്യവഹരിക്കാനിടയായതു്. ആധുനികപാശ്ചാത്യനിരൂപകന്മാരുടെ അഭിപ്രായവും ഇതോടു വളരെ യോജിക്കുന്നുണ്ടു്. ഗദ്യവും പദ്യവും ആകൃതിയിൽമാത്രം വ്യത്യസ്തങ്ങളായ കലാപ്രകടനമാർഗ്ഗങ്ങളെന്നത്രെ വേർഡ്സുവർത്തു്, കോൾറിഡ്ജ് മുതലായ സാഹിത്യകേസരികൾ രേഖപ്പെടുത്തിയിട്ടുള്ളതു്.

ഏതായാലും പദ്യമായോ ഗദ്യമായോ ഉത്ഭവിക്കുന്ന സാഹിത്യത്തിന്റെ ഉല്പത്തിസ്ഥാനം സഹൃദയഹൃദയമാണു്. ഈ ഹൃദയം അലിഞ്ഞു താനേ ഉത്ഗളിക്കുന്നതാണു് പദ്യരൂപത്തിലോ ഗദ്യരൂപത്തിലോ നിർഗ്ഗമിക്കുന്ന സൽക്കവിതയെങ്കിൽ തച്ഛ്രവണത്താൽ തദനുരൂപമായി ഹൃദയം അലിയുന്ന പ്രകൃതിയാണു സഹൃദയത്വം. ലോകം പരഭാഗവിലാസംകൊണ്ടാണു് നാൾക്കുനാൾ അഭിരമ്യമായിത്തീരുന്നതു്. രാജ്യഭരണം സുഗമമാകണമെങ്കിൽ ഭരണാധികാരികളും ഭരണവിധേയന്മാരും കൂടിയേ തീരൂ. വിദ്യാഭ്യാസാഭിവൃദ്ധിക്കു് അദ്ധ്യാപകമണ്ഡലവും അദ്ധ്യേതൃവൃന്ദവും കൂടാതെ കഴികയില്ല. അതുപോലെ സൽകവിതാവലി— സാഹിത്യം—കൊണ്ടു ലോകത്തിനു് എന്തെങ്കിലും പ്രയോജനമുണ്ടാകുന്നമെങ്കിൽ ആയതു് ആസ്വദിക്കുവാനുള്ള സഹൃദയത്വം ഉണ്ടാകേണ്ടിയിരിക്കുന്നു. സൽക്കവിതയുടെ ആഭ്യന്തരമഹിമകളെ അവധാനപൂർവം ചിന്തിച്ചറിഞ്ഞു മററുള്ളവരേയും ഗ്രഹിപ്പിച്ചാസ്വദിപ്പിക്കുവാനുള്ള ഉദ്യമമാണു് ഒരു സാഹിത്യവിമർശകന്റെ കൃത്യം. അതിനാൽ സാഹിത്യത്തിനു് അഭിവൃദ്ധി ഉണ്ടാക്കിക്കൊടുക്കുന്ന വിമർശനം, സാഹിത്യത്തെപ്പോലെ തന്നെ പ്രധാനവും ശ്രദ്ധേയവുമാണെന്നു ഗണിക്കണം. നിരൂപണരീതി വഴി പിഴക്കുന്നതായാൽ സാഹിത്യഗതിക്കും തദനുസരണമായ അധഃപതനം ഭവിക്കാതെയിരിക്കുകയില്ല. ജനങ്ങളിൽനിന്നു സ്വയം ഉണ്ടാകുന്ന കാവ്യപ്രസരണത്തിനു രീതി നിർണ്ണയിച്ചുകൊടുക്കുന്നതു ശ്രോതാക്കളുടെ അഭിരുചിയും, വിഷയനിർണ്ണയം ചെയ്യുന്നതു് പരിതഃസ്ഥിതികളുമാകുന്നു. അതിനാൽ അപ്പോഴപ്പോഴത്തെ സാഹചര്യങ്ങൾ അനുസരിച്ചുള്ള ജനാഭിരുചിക്കു്, മാനദണ്ഡമായുള്ള വിമർശനരീതികൾ യഥാർത്ഥ സാഹിത്യപുഷ്കലതയ്ക്കു് അപ

രിത്യാജ്യമെന്നുതന്നെ വരും. ചുരുക്കിപ്പറഞ്ഞാൽ സാഹിത്യവും വിമർശനവും, വാക്കും അർത്ഥവുമെന്നപോലെ പരസ്പരസമ്പൃക്തങ്ങളാണ്. ഒന്നിന്റെ ഫലം മററതിൽ പ്രതിബിംബിക്കാതെ ഇരിക്കുകയില്ല. ഈ പ്രതിബിംബനഫലം അതിന്റെ താദാത്മ്യത്തെ പ്രവ്യദ്ധമായി പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ഇതാണു സാഹിത്യത്തിനും തദ്വിമർശത്തിനും തമ്മിലുള്ള പരഭാഗവിലാസമെന്നു നിർദ്ദേശിച്ചിട്ടുള്ളതു്.

സാഹിത്യം ഹൃദയദ്രവീകരണമായിരിക്കുന്നതുപോലെ തന്നെ വിമർശനവും സഹൃദയന്മാരുടെ ഹൃദയാഹ്ളാദത്തെ പ്രസ്പഷ്ടമാക്കുന്നതാണു്. സാഹിത്യത്തിന്റെ സാരാംശം ആർദ്രതയാണെങ്കിൽ സാഹിത്യത്തെപ്പററി ഹാർദ്ദമായി ചെയ്യുന്ന ആസ്വാദനോൽഗീരണം സാഹിത്യസാത്മ്യത്തിൽ പെടാതിരിപ്പാൻ ഇടയില്ലല്ലൊ. സൂക്ഷ്മം ആലോചിച്ചാൽ വിമർശനം യഥാർത്ഥസാഹിത്യത്തിന്റെ ജീവജ്ജീവനായ സാഹിത്യമെന്നാണു ഗണിപ്പാനുള്ളതു്. അതുകൊണ്ടുതന്നെയാകുന്നു നിരൂപണസാഹിത്യം എന്ന സമസ്താഭിധാനത്തെ ഈ പ്രബന്ധത്തിനു നിരങ്കുശമായി കല്പിച്ചിരിക്കുന്നതും.

സാഹിത്യവും വിമർശനവും തമ്മിലുള്ള സ്വാഭാവികബന്ധം ഇങ്ങനെ വ്യക്തമാക്കിയതിനോടുകൂടി അവയുടെ സമകാലീനമായ ലൌകികോപപത്തിയും അനുമന്തവ്യമായിട്ടുണ്ടെന്നു വിശ്വസിക്കുന്നു. സാക്ഷാത്തായ സാഹിത്യം ആവിർഭൂതമായ കാലം മുതൽക്കു നിരൂപണവും തദാസ്വാദനവും ജനങ്ങളുടെ ഇടയിൽ ഉണ്ടായിത്തുടങ്ങിയിരിക്കണം. ലോകനിരീക്ഷണത്തിൽ നല്ലതെന്നു വിമർശിക്കപ്പെട്ടിട്ടുള്ള കൃതികൾക്കേ മുൻകാലങ്ങളിൽ ചിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ളു. ഇപ്പോഴത്തെപ്പോലെ മററു കാരണങ്ങളൊന്നും പുസ്തകപ്രചാരണത്തെ വർദ്ധി

പ്പിച്ചതായി കേട്ടിട്ടില്ല. ലോകത്തിൻെറ നിരീക്ഷണശക്തി, ബഹുസൂക്ഷ്മവും നിർദ്ദാക്ഷിണ്യവുമായിട്ടുള്ളതത്രെ. സാഹിത്യഗ്രന്ഥങ്ങൾ മാത്രമല്ല, നമ്മുടെ ഓരോരുത്തരുടേയും പ്രവൃത്തികൾപോലും സദാപി ലോകനിരൂപണത്തിന്ന പാത്രമായിക്കൊണ്ടാണിരിക്കുന്നതു്. ലോകത്തിലെ ചില അത്യുഗ്രവ്യക്തികളെപ്പോലും നമുക്കു യേനകേന പ്രകാരേണ സ്വാധീനപ്പെടുത്തി ആനുകൂല്യത്തിൽ വരുത്താം. പക്ഷേ ഈ വിദ്യകൾ ഒന്നും ലോകനിരൂപണദൃഷ്ടിയുടെ വ്യഗ്രതയെ ഇമ്മിക്കുപോലും കുറയ്ക്കാൻ പര്യാപ്തമാകുന്നില്ല. ലോകം വ്യക്തികളെകൊണ്ടു നിറഞ്ഞിട്ടുള്ളതാണെങ്കിലും വ്യക്തിപരമായ ശക്തികളുടെ കേവലസംഘടിതഫലമല്ലാ, ലോകത്തിൻെറ സമുച്ചയശക്തിയായി പരിണമിച്ചു കാണുന്നതു്. ഏതായാലും യാഥാർത്ഥ്യം കണ്ടുപിടിക്കുവാനും പ്രചരിപ്പിക്കുവാനും അതിസൂക്ഷ്മവും സമർത്ഥവുമായ ശക്തിവിശേഷം നിരാക്ഷേപമായി ലോകനിരൂപണദൃഷ്ടിക്കുണ്ടെന്നുള്ളതു് ഒരു വസ്തുതയത്രെ. ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണു് "ഉത്തമന്മാൾക്കും ലോകാപവാദാൽ ഭയം" എന്ന ആപ്തവാക്യത്തിന്നു പ്രാമാണ്യം സിദ്ധിച്ചിട്ടുള്ളതു്. എൻെറ ഒരു ആപ്തമിത്രവും യഥാർത്ഥ വിമർശനപ്രസ്ഥാനകാരകനെന്നു സുപ്രസിദ്ധിനേടിയ വശ്യവാക്കുമായ കെ. രാമകൃഷ്ണപിള്ള അവർകൾ ലോകനിരൂപണമഹിമയെപ്പററി ഇങ്ങനെ പറയുന്നു—"പദ്യത്തിലും ഗദ്യത്തിലും നിരവധി കൃതികൾ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അവയിൽ തീയതു തടുത്തുനിർത്തുന്നതിനോ നല്ലതിനെ പ്രോത്സാഹിപ്പിക്കുന്നതിനോ ഭാഷാ പ്രണയികളെന്നു പേരും പറഞ്ഞു് ആരും ഉദ്യമിക്കേണ്ട ആവശ്യമില്ല. ഈ ഭാഷാപ്രണയമൂർത്തികൾക്കു സ്വന്തമായി വല്ലതും ചെയ്യാമെങ്കിൽ ചെയ്തു സ്വസന്താനപരിലാളനസുഖം അനുഭവിക്കട്ടെ. ഈ ലോ

കത്തിലെ വ്യക്തികൾ മിക്കവാറും സ്വാർത്ഥപരന്മാരാണ്. പത്രാധിപന്മാരും ഭാഷാപ്രണയികളും ഇതിനു വ്യത്യസ്തമായി വരാൻ തരമില്ല. ആളും തരവും നോക്കി ഗ്രന്ഥനിരൂപണം ചെയ്തില്ലെങ്കിൽ ചിലപ്പോൾ ആൾനാശംതന്നെ ഉണ്ടായെന്നുവരാം....പുസ്തകാഭിപ്രായങ്ങളായി വികൃതപ്പെട്ടു് അവതരിച്ചുപോയി എന്നും വരാം. എന്നാൽ വ്യക്തികളുടെ സ്വാർത്ഥതയും വിരുദ്ധതയും കാലമഹാഗ്നിയിൽ ദഹിക്കുന്നു. സൽഗ്രന്ഥങ്ങൾ കാലപ്പഴക്കത്തിനു തന്നിയെ തെളിഞ്ഞുകൊള്ളും. ക്ഷുദ്രകൃതികൾ, നേരെമറിച്ചു് എത്ര പിന്താങ്ങുണ്ടായാലും കാലാന്തരത്തിൽ നശിക്കുകതന്നെ ചെയ്യും." മലയാളികളുടെ ഇടയിൽ ഇപ്പോൾ ധാരാളം പ്രചാരത്തിലിരിക്കുന്ന ഭാഷാകൃതികളെക്കൊണ്ടുതന്നെ ഈ യാഥാർത്ഥ്യം തെളിയിക്കാം. പ്രത്യേകമാരുടേയും ആനുകൂല്യം കൂടാതെതന്നെ എഴുത്തച്ഛന്റെ കിളിപ്പാട്ടുകളും, കുഞ്ചൻനമ്പ്യാരുടെ തുള്ളൽപ്പാട്ടുകളും ചെറുശ്ശേരിഗാഥകളും, വഞ്ചിപ്പാട്ടു്; കൃഷിപ്പാട്ടു, മാർഗ്ഗംകളിപ്പാട്ടു് എന്നിവയും ഇപ്പോഴും പ്രചരിച്ചുകൊണ്ടിരിക്കുന്നുണ്ടു്. പരിതഃസ്ഥിതികൾ നിമിത്തം താല്ക്കാലികമായുണ്ടായേക്കാവുന്ന പ്രതിബന്ധങ്ങളെ ജയിച്ചുപോലും ശരിയായ സാഹിത്യകൃതികൾക്കു യഥായോഗ്യം പ്രചാരം സിദ്ധിച്ചുകൊള്ളുമെന്നു് ഇങ്ങനെ നമുക്കു സമാശ്വസിക്കാം.

സാഹിത്യം ഉണ്ടായ കാലം മുതൽ തന്മിമർശനവും എത്രതന്നെ അപൂർണ്ണരീതിയിലായിരുന്നാലും ഉണ്ടായിരുന്നുവെന്നു് ഊഹിക്കാൻ കഴിയും. "എഴുത്തച്ഛന്റെ ചക്കിൽ നാലും ആറും ആട്ടും", ചെറുശ്ശേരിയുടെ എരിശ്ശേരിയിൽ ഇളക്കിനോക്കിയാൽ കഷണങ്ങൾ കാണും." "ഭട്ടതിരിപ്പാടുപോയി മീൻകൂട്ടിത്തുടങ്ങട്ടെ", എന്നിങ്ങനെ ഓരോവിധം നമ്മുടെ പൂർവ്വിക മഹാകവി

കളെപ്പററി ഐതിഹ്യവഴി പ്രചരിച്ചിട്ടുള്ള അഭിപ്രായവാക്യങ്ങൾ അതാതു കവികളുടെ കാവ്യരീതികളെപ്പററിയുള്ള വിമർശനങ്ങൾ തന്നെയല്ലയോ? കോട്ടയത്തു തമ്പുരാൻ ഒരു കഥകളിയുണ്ടാക്കി ആടിച്ചപ്പോൾ അതു കണ്ടു് അദ്ദേഹത്തിൻെറ ഗുരുനാഥൻ "ഇതു് സ്ത്രീകൾക്കു കൈകൊട്ടിക്കളിപ്പാൻകൊള്ളാമെന്നും മററും പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ അക്കാലത്തെ വിമർശനലക്ഷ്യങ്ങളായി പരിഗണിക്കരുതോ? ഇതുപോലെതന്നെ ചെമ്പകശ്ശേരി, തിരുവനന്തപുരം മുതലായ പൂർവ രാജധാനികളിൽ അതതു നാടുവാഴികളുടെ സംരക്ഷണത്തിൽ പുഷ്ടിപ്പെട്ടിരുന്ന കവിസദസ്സുകളും അക്കാലത്തെ സാഹിത്യ പരിഷത്തുകളായി ഗണിക്കണം. പ്രസ്താവിത പരിഷത്തുകളിലെ വിമർശനദൃഷ്ടിയിൽ കാവ്യഗുണോപേതമെന്നു ഗണിക്കപ്പെട്ട കൃതികളുടെ കർത്താക്കൾക്കു് അന്നത്തെ മഹാരാജാക്കന്മാർ പാരിതോഷികങ്ങൾ നൽകി അവരെ പ്രോത്സാഹിപ്പിക്കയുണ്ടായിട്ടുണ്ടു്.

ഈവിധമുള്ള സൂക്ഷ്മവും പാവനവുമായ വിമർശനങ്ങൾ ഈയിടെ കുറഞ്ഞു വരുവാൻ പല കാരണങ്ങളുമുണ്ടു്. ഇപ്പോഴത്തെ കവിതകളിൽ പലതും ഒന്നുപോലെ "സ്വയമേവാഗത"ങ്ങളല്ലെന്നുള്ളതാണു് ഒരു പ്രധാനകാരണം. സ്വാർത്ഥപരമായ ഓരോ ഉദ്ദേശസിദ്ധിക്കുവേണ്ടി പലരും ഓരോ കൃതികൾ രചിച്ചുതുടങ്ങി. ഇപ്പോഴത്തെ വിദ്യാഭ്യാസ പ്രവർത്തകമണ്ഡലത്തിൽ നിന്നും അപ്പഴപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന നിർദ്ദേശങ്ങളുടെ ബഹുലത കാവ്യങ്ങളുടെ സ്വാഭാവികമായ ഉല്പത്തിയെ ഹനിക്കുന്നു. എന്നു മാത്രമല്ലാ, ഈദൃശനിയന്ത്രികസ്ഥാപനങ്ങളിൽക്കൂടി മാത്രമെ കൃതികൾക്കു പ്രചാരമുണ്ടാകുവാൻ തരമുള്ളു എന്നു വന്നുകൂടിയിരിക്കുന്നു. കൃതികൾക്കു പ്രചാരം സിദ്ധിക്കുന്നതിനുള്ള ഏക

മാറ്റം പാഠ്യപുസ്തകക്കമ്മററിയുടെ സ്വീകരണം മാത്രമായിട്ടു് ഇപ്പോൾ പരിണമിച്ചിരിക്കുന്നു. ഏതൻമൂലം യഥാർത്ഥമായ സാഹിത്യാഭിരുചി—നല്ലനല്ല സാഹിത്യത്തെ തിരിച്ചറിയാനുള്ള സഹൃദയഗുണം—നാൾക്കുനാൾ കുറഞ്ഞു വരുന്നില്ലയോ എന്നു് ശങ്കിക്കേണ്ടിയിരിക്കുന്നു. പാവനമായ വിമർശനരീതിയുടെ അഭാവോന്മുഖതയും വേറൊരു കാരണമായിപ്പറയാം. നമ്മുടെ ഇപ്പോഴത്തെ വിദ്യാഭ്യാസരീതി, ജീവിത മൽസരത്തിലുള്ള വിഷമതകളെ ഒന്നിനൊന്നു വർദ്ധിപ്പിക്കുകയാണു ചെയ്യുന്നതു്. ഇതുവരെ ഏകയോഗക്ഷേമമായി കേരളത്തിൽ കൂടികഴിഞ്ഞുവന്നിരുന്ന പലേ വർഗ്ഗക്കാരും ഇപ്പോൾ പരസ്പരം വിരുദ്ധരായി പക്ഷംപററി പോരാടി വരുന്നതും ഏതൽ പരിണാമംകൊണ്ടത്രെ. ചുററുമുള്ള സംഗതികളുടെ നിലകൊണ്ടു് സ്വപക്ഷം പിടിച്ചു പ്രവർത്തിക്കാതെ തരമില്ലെന്നു വരുമ്പോൾ സാഹിത്യ വിമർശനത്തിലും ഈ പാർശ്വവർത്തിത്വം സങ്കലിതമായിത്തീരുന്നു. ഇങ്ങനെ വരുമ്പോഴും ഹൃദയസാക്ഷ്യമായ ഉത്തമവിശ്വാസപ്രകടനങ്ങളല്ലാ, സാഹിത്യവിമർശനങ്ങളിൽ പ്രത്യക്ഷപ്പെടുന്നതു്.

സാഹിത്യത്തിന്റെ ഉല്പത്തിസ്ഥാനം മനുഷ്യഹൃദയമാകയാൽ ആഹൃദയച്ചെപ്പ്കളായ സാഹിത്യകൃതികളെപ്പററി ഹാർദ്ദമായിത്തന്നെയാണു് പരിചിന്തിക്കേണ്ടതു്. അതിന്റെ പരിതഃസ്ഥിതികളോടു് അനുയോജിച്ച സൌഹാർദ്ദപ്രകൃതി, വിമർശകനു് ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണു് അപ്പോൾമാത്രമേ കവിഹൃദയം ശരിയ്ക്കറിയാൻ സാധിക്കയുള്ളൂ. "ഊടറിഞ്ഞേ ഓല വായിക്കാവു" എന്നുള്ള പഴമൊഴിയിൽ ഇതു സംബന്ധിച്ച തത്വങ്ങളാണു് ഉപഗൂപനം ചെയ്തുകാണുന്നതു്. ചുററുമുള്ള സംഗതികൾക്കിടയിൽ നിഴലിക്കുന്ന ആർദ്ര

ത്തുള്ളമ്പൽ ഏതുതരത്തിലാണെന്നു മനസ്സിലാക്കാതെ അതിനെ മററുള്ളവർക്കു വിളമ്പിക്കൊടുക്കുവാൻ സാധിക്കുന്നതല്ലല്ലൊ. കൃതികൾ രചിക്കപ്പെട്ടുവാനുള്ള കാലസ്ഥിതികളെ അറിയുന്നതിൽ പാശ്ചാത്യനിരൂപകന്മാർ പ്രദർശിപ്പിക്കുന്ന നിഷ്കർഷ അനുകരണീയമാണു്. തന്നമിത്തം ഒരു വിമർശകൻ ആദ്യമായി കവിയുടെ നിരീക്ഷണപഥത്തിൽക്കൂടി വർണ്ണ്യമായുള്ള പരിതഃസ്ഥിതികളെ അതേനിലയ്ക്കുതന്നെ നോക്കി അവിടെ കാണുന്ന മനോധർമ്മത്തെ വ്യക്തമാക്കുകയാണു വേണ്ടതു്. മനോധർമ്മമെന്നുവെച്ചാൽ എന്തെന്നു് അപഗ്രഥനദൃഷ്ട്യാ അല്പം വിവേചിക്കേണ്ടിയിരിക്കുന്നു. ഒരേ ജാതിയിൽ ഉൾപ്പെട്ടതായി കാണുന്ന വ്യക്തികൾ ഓരോന്നിനും ആ കൃതിയിൽ പ്രത്യേകതയുണ്ടായിരിക്കുന്നതുപോലെ മനസ്സിനും ചില പ്രത്യേക പ്രകൃതിവിശേഷങ്ങൾ ഉള്ളതായി സൂക്ഷ്മ നിരീക്ഷണത്തിൽ പ്രത്യക്ഷപ്പെടുന്നു. കവിയുടെ മാനസികമായ ഈ പ്രത്യേകത വിമർശകൻ ആദ്യമായി അറിയണം. ഈ മനസ്സ് പരിതഃസ്ഥിതികളോടും വർണ്ണ്യസന്ദർഭങ്ങളോടും എപ്രകാരം വ്യാപിച്ചിട്ടാണോ കവിത ആവിഷ്കൃതമായതു്, ആ വ്യാപാരത്തെയാണു മനോധർമ്മം എന്നു പറയാറുള്ളതു്. ഈ മനോധർമ്മചാതുര്യത്തെ വ്യക്തമാക്കുവാനാണു് വിമർശകൻ ചുമതലപ്പെട്ടു നില്ക്കുന്നതു്.

ആംഗ്ളേയകൃതികളെ സംബന്ധിച്ചിടത്തോളം ഇത്തരത്തിലുള്ള നിരൂപണങ്ങൾ പലതും ആവിർഭവിച്ചു കഴിഞ്ഞിട്ടുണ്ടു്. "ഇംഗ്ലീഷ് സാഹിത്യകാരാവലി" (English Men of Letters series)യിലെ മിക്ക സംപുടങ്ങളും, ബ്രാഡ്‌ലി(Bradley)ഡൌഡൻ(Dowden) മുതലായവരുടെ ഷേക്സ്പീയർ നാടകവിമർശനങ്ങളും എമിലിലെഗ്വി(Emile Legouis) ഇപ്പോൾ ചെയ്തുവ

രുന്ന വേർഡ്സ്‌വർത്തു് (Wordsworth) കൃതിനിരൂപണങ്ങളും ഉത്തമോദാഹരണങ്ങളത്രെ.

ഒരു കവിയുടെ പ്രത്യേകമനോവ്യാപാരം കവിതയായി വികസിച്ചതെങ്ങനെയെന്നു വിമർശകൻ തന്റെ മനോമുകുരത്തിൽക്കൂടി പ്രകാശിപ്പിക്കയാണു ചെയ്യേണ്ടതു്. കവിക്കുള്ളതുപോലെ വിമർശകനും പ്രത്യേകമായ ഈ മനോഗുണം എത്രയും നിർമ്മലവും സ്വച്ഛവുമായിരുന്നെങ്കിലേ കവിഹൃദയം അതിൽക്കൂടി സ്പഷ്ടതരം ശോഭിക്കുകയുള്ളു. അശുദ്ധമായ കണ്ണാടിയിൽക്കൂടി കടക്കുന്ന വെളിച്ചം വികൃതമായോ വിവർണ്ണിതമായോ കാണപ്പെടുന്നതുപോലെ വിമർശകമനസ്സിന്റെ സ്ഥിതിഭേദം, കവിയുടെ മനോധർമ്മത്തിനു കോട്ടം വരുത്തി പ്രത്യക്ഷപ്പെടുത്തിയേക്കാം. അതുകൊണ്ടാണു് വ്യക്തിപരമായ പക്ഷപാതബുദ്ധിയോടുകൂടി ചെയ്യപ്പെടുന്ന വിമർശനങ്ങൾ സഹൃദയാവഹേളനത്തിനു ന്യായപൂർവ്വം പാത്രമാകുന്നതു്. ദേഹത്തിനല്ലാതെ ദേഹികൾക്കു് ഒരിക്കലും ആരും ജാതിവ്യത്യാസം കല്പിക്കാറില്ല. "ജാതിനാമാദികൾക്കല്ലാ ഗുണഗണ"മെന്നു് എഴുത്തച്ഛനും "ജാതിവ്യത്യാസമെന്നുള്ളതു് ഒരിക്കലും ഏശാൻ തരമില്ല" എന്നു ശങ്കരാചാര്യരും വിധിച്ചിട്ടുണ്ടല്ലോ. ഹൃദയവൃത്തിയായ കവിതയുടെ വിമർശനത്തിൽ, ആ കവിയുടെ ജാതിനോക്കി അഭിപ്രായം രൂപവൽക്കരിക്കുന്നു എങ്കിൽ ആയതു കഷ്ടാൽകഷ്ടതരമല്ലയോ? "മാണിക്കക്കല്ലു കുപ്പയിൽകിടന്നാലും സ്വീകാര്യ"മെന്നും, "കാര്യമാരുപറഞ്ഞാലുമായതല്ലോ എടുക്കണം" എന്നും മററും നീതിസാരം ഉൽഘോഷിക്കുന്ന ചിലർ ഈ തത്വത്തിനു നേരേ വിപരീതമായി വിമർശനങ്ങൾ പുറപ്പെടുവിച്ചു കാണുമ്പോൾ നമ്മുടെ നാട്ടിലെ വർഗ്ഗീയ വിദ്വേഷത്തിന്റെ ശക്തിപ്രവാഹത്തെപ്പററി പരിതപിക്കാത്തവരുണ്ടാകുമോ?

സാഹിത്യസാമ്രാജ്യത്തിൽ ജാതിമതാദി ഭേദങ്ങളില്ല. സരസ്വതീദേവിയുടെ പരിപാവനമായ ക്ഷേത്രത്തിൽ ഏതുജാതിമതസമുദായക്കാർക്കും സ്വച്ഛന്ദം പ്രവേശിക്കാവുന്നതാണു്.

വിമർശകദൃഷ്ടിക്കു വർഗ്ഗീയ പക്ഷപാതമുണ്ടാവുക എന്നുള്ളതു ഒരു മഹാപാതകംതന്നെയാകുന്നു. അതിൽനിന്നും അതീതമായിത്തീരാൻതക്ക സ്ഥിതിയിലല്ലാത്തസാഹചര്യങ്ങളിലിരിക്കുന്ന പണ്ഡിതൻ, വിമർശനത്തിനൊരുങ്ങാതിരിക്കുകയാണു നല്ലതു്. 'നിരൂപണം ഖണ്ഡനമായാലും മണ്ഡനമായാലും സ്വീകാര്യമാകണമെങ്കിൽ തല്ക്കർത്താവു ഗുണദോഷ ഗ്രഹണധുരീണനും, രസാലങ്കാര കാവ്യധർമ്മമർമ്മജ്ഞനും നിഷ്പക്ഷപാതിയും, സ്വാഭിപ്രായ പ്രകടനധീരനും; സർവോപരി പരിപാവനവാസനാവിശിഷ്ടനുമായിരിക്കണം. "കവിക്കുള്ളടത്തോളം ഗുണം നിരൂപകനുമുണ്ടാകണ"മെന്നു വള്ളത്തോൾ ഏകത്ര പ്രസ്താവിച്ചുകാണുന്നു. അഥവാ കൂടുതൽ ഗുണം ഉണ്ടായിരിക്കേണ്ടതല്ലേ എന്നാണു് എനിക്കു തോന്നുന്നതു്. സാക്ഷാൽ കവിത മനുഷ്യജീവിതത്തെയാണു് പ്രത്യക്ഷമായി വിവക്ഷിക്കുന്നതു്. മനുഷ്യജീവിതത്തെ എന്നല്ല പ്രകൃതിയെത്തന്നെ ഹൃദയംഗമമായി ചർച്ച ചെയ്യുമ്പോഴും കവിത സ്വയം സമുല്ലസിച്ചുകൊള്ളും. നിരൂപണമാകട്ടെ, കവിതാരസാസ്വാദനത്തിന്റെ പരിണാമദശയിൽ പൊട്ടിപ്പുറപ്പെടുന്ന അഭിപ്രായപ്രവാഹമാണു്. സങ്കല്പകല്പനാസ്പദമായ കാവ്യസമുച്ചയത്തെ സാഹിത്യകലയുടെരൂപോപജീവിയായ നിരൂപണമെന്നു നിർവചിക്കാമെങ്കിൽ പ്രസ്തുത കലയുടെ വിവിധാംശവിമർശനത്തെ നിരൂപണ സാഹിത്യമെന്നു പറയാം. നിരൂപണ സാഹിത്യനിർമ്മാതാക്കൾക്കു വ്യാഖ്യാനപാടവവും നീതിബോധന നൈപുണ്യവും അത്യന്താപേക്ഷിതമാണെന്നു സ്പ

ഷ്ടമാകുന്നു. തദപേക്ഷയാ ശാസ്ത്രപാണ്ഡിത്യവും രസവാസനയും കൂടിയുണ്ടായിരിക്കേണ്ടതുമാണ്. പ്രസ്താവിതലക്ഷണോക്തിപ്രകാരം നോക്കുമ്പോൾ യഥാർത്ഥനിരൂപകന്മാർ തുലോം തുച്ഛമായിട്ടേ കാണപ്പെടുകയുള്ളൂ. ഇവരെ അസാദ്ധ്യപ്രായങ്ങളായ മഹാകാവ്യങ്ങളുടെ കർത്താക്കളേക്കാൾ ശ്രേഷ്ഠസ്ഥാനാർഹന്മാരായി പരിഗണിക്കേണ്ടിവന്നുകൂടും. കാല്പനികലോകത്തിൽ ഈ അഭിപ്രായം എത്രതന്നെ സ്വീകാര്യമായിരുന്നാലും പ്രായോഗിക ലോകത്തിൽ അതിനു സുസ്ഥാപിതമായ സ്ഥാനമുണ്ടാകുമെന്നു വിചാരിക്കുവാൻ ന്യായമില്ല. എന്തെന്നാൽ സാങ്കേതിക രീതിയിലുള്ള പഠിപ്പും, അഭ്യാസവും ശാസ്ത്രവ്യുൽപത്തിയും ഇല്ലാത്ത നിരൂപകന്മാർപോലും ചിലപ്പോൾ പ്രകൃതിദത്തമായ കേവലവാസനാശക്തികൊണ്ടു് സാഹിത്യത്തിന്റെ ഗുണദോഷ വിവേചനത്തിലും രസാസ്വാദനത്തിലും അത്ഭുതകരമായ പാടവം പ്രദർശിപ്പിക്കാറുണ്ടെന്നു് പലർക്കും അനുഭവസിദ്ധമാണ്. വാസ്തവം ആലോചിച്ചാൽ വിവേചനാശക്തിയുടെ–വിമർശനപാടവത്തിന്റെ– പാരമ്യമത്രെ വാസന. ഇതു ചിലർക്കു നിസർഗ്ഗദത്തവുമായേക്കാം.

സംഗീതരസം ശാസ്ത്രീയമായി ആസ്വദിക്കാൻ ഭാഗവത നാമധാരികൾക്കേ സാധിക്കു എന്നു വരാം. (ഇവർക്കു ഭാഗവതത്വം എങ്ങിനെ സമർത്ഥിച്ചിരുന്നാലും അതിന്റെ ഔചിത്യം ചിന്ത്യമാണ്) എങ്കിലും സംഗീതം ഏറക്കുറെ എല്ലാ മനുഷ്യരിലും അന്തർലീനമായ ഒരു കലാബീജമാകയാൽ അതനുഭവിക്കുവാൻ പ്രായേണ എല്ലാവർക്കും കഴിയുന്നതാണ്. അപ്രകാരം തന്നെ കവിതാബീജവും ന്യൂനാതിരക്തരൂപത്തിൽ മനുഷ്യസാമാന്യത്തിന്റെ അന്തരംഗത്തിൽ

സ്ഥിതി ചെയ്യുന്നുണ്ട്. ദുരാരാദ്ധ്യയായ കവിതാദേവി ചിലരിൽ അധികം പ്രസാദിക്കുന്നു; മററു ചിലരുടെ നേരെ ഒട്ടും തന്നെ നോക്കുന്നില്ലെന്നും വന്നേക്കാം. അതു കൊണ്ടു കവിത പ്രകാശിക്കുന്നില്ലെന്നേ ഉള്ളു. എന്നാൽ വാസനയും പരിശ്രമവും ഒന്നിച്ചുകൂട്ടുമ്പോൾ പ്രകൃതിദത്തമായ ആ അനുഗ്രഹം സമ്പൂർണ്ണമായി വികസിക്കുന്നു. ഏതൽകാരണങ്ങളാൽ ഏതെങ്കിലും കൃതിയേയോ കൃതികളേയോ, തൽകർത്താക്കളേയോ കുറിച്ചു സാമാന്യജ്ഞാനം മാത്രമുള്ള ഒരു വിമർശകൻ സ്വാഭിപ്രായത്തെ നിർദ്ദാക്ഷിണ്യബുദ്ധ്യാ പ്രകടിപ്പിക്കുന്നു എങ്കിൽ ആ അഭിപ്രായപ്രകടനത്തിനും പ്രകടകനും സാഹിത്യലോകത്തിൽ പ്രത്യേകമായ ഒരു സ്ഥാനമുണ്ടെന്നു സ്പഷ്ടമാണു്. ദാക്ഷിണ്യപൂർവമായ ഔപചാരികാഭിപ്രായപ്രകടനത്തിൻെറ ന്യൂനതകളിൽ നിന്നും വിഭിന്നമാണു് അതെന്നുള്ള ഒരു മെച്ചവും കേവലവാസനാഭാസുരമായ നിരൂപണത്തിനു് ഉണ്ടായിരിക്കുന്നതാണല്ലോ.

വിമർശനരീതി സാധാരണക്കാർക്കുപോലും കവിഹൃദയത്തെ സുവ്യക്തമാക്കുമാറു സരളമായിത്തന്നെയിരിക്കണം. നാം ഒരു കവിതയെ വിമർശിക്കുമ്പോൾ, പദ്യമോ ഗദ്യമോ ആയിട്ടുള്ള കാവ്യത്തിനു് ഓരോ ആലങ്കാരികന്മാർ വിധിച്ചിട്ടുള്ള സാങ്കേതിക ലക്ഷണങ്ങളെല്ലാം തികഞ്ഞിട്ടുണ്ടോ ഇല്ലയോ എന്നുള്ള പരിശോധന ഇപ്പോഴത്തെ കാലസ്ഥിതിക്കു വലിയ പ്രയോജനകരമായിരിക്കുമെന്നു തോന്നുന്നില്ല. ലൗകികാനുഭവം കൊണ്ടുള്ള വിജ്ഞാനത്തെ വർദ്ധിപ്പിക്കുന്നതും സന്മാർഗ്ഗബോധത്തെ സ്ഥിരീകരിക്കുന്നതും പ്രകൃതിയിലെ രമണീയ വസ്തുക്കളെ നിരീക്ഷിച്ചറിവാൻ സഹായിക്കുന്നതുമായ സംഗതികൾ എത്രത്തോളം ഒരു കവിതയിൽ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നു വിശകലനം

ചെയ്തു കാട്ടുന്നതോടുകൂടിത്തന്നെ, കവികൾ തൽകവിതയോടു സംഘടിച്ചിട്ടുള്ള സ്ഥാനത്തെ എത്രയും സരസമായി വിശദീകരിച്ചുകൊടുക്കുകയാണ് ഒരു വിമർശകന്റെ ഇന്നത്തെ പ്രധാനകൃത്യം.

നിരൂപണ സാഹിത്യം എന്നപോലെതന്നെ ഭാഷാസാഹിത്യവും കേരളത്തെ അധിവസിക്കുന്ന നാനാ മതസ്ഥർക്കും ഒന്നുപോലെ അവകാശപ്പെട്ടതും ഒന്നുപോലെ അഭിമാനജനകവും ആയ സ്വത്താണല്ലോ. ഈ സ്വത്ത് നാം യഥായോഗ്യം വിനിയോഗിക്കുകയും നാം ഓരോരുത്തരും യഥാശക്തി യത്നം ചെയ്ത് വർദ്ധിപ്പിക്കുകയും ചെയ്കയാണല്ലോ വേണ്ടത്. കേരളത്തെ അധിവസിച്ചുപോരുന്ന നാനാജാതിക്കാർക്കും പൂർവിക സാഹിത്യസമ്പത്ത് ഉണ്ടാകാതിരിക്കയില്ല. അവയെ നാം പക്ഷപ്രതിപക്ഷം കൂടാതെ ശരിയായിട്ടറിഞ്ഞു തിട്ടപ്പെടുത്തുവാൻ ഇനിയും ശ്രമിച്ചിട്ടില്ല. നമുക്ക് പൊതുവേ കിട്ടേണ്ട സാഹിത്യാംശങ്ങൾ ഉപയോഗശൂന്യമായിക്കിടക്കാൻ ഇടയാകുന്നുവെങ്കിൽ അത് സാഹിതീസംരക്ഷകന്മാരുടെ അവജ്ഞകൊണ്ടു മാത്രമാണെന്നു പറയുന്നതിൽ അബദ്ധമുണ്ടോ? ക്രിസ്തീയ മതസ്ഥന്മാരായ കേരളത്തിലെ നമ്മുടെ പൂർവഗാമികളുടെ പല കൃതികളും ഒരു ചെറിയ ഭാഷാസാഹിത്യഭണ്ഡാഗാരം തീർക്കത്തക്കവണ്ണം ഉണ്ടെങ്കിലും അവ ഇനിയും സാഹിതീദൃഷ്ടിക്ക് വിഷയമാകേണ്ടതായിട്ടാണ് ഇരിക്കുന്നത്. പൂർവകാലത്തെ ഗദ്യത്തിന്റെ ഉത്തമദൃഷ്ടാന്തമായിട്ടും എഴുത്തച്ഛന്റെ കിളിപ്പാട്ടുമട്ടിലും, അതിലും പ്രാചീനമായ ശുദ്ധമായ ദ്രാവിഡ വൃത്തങ്ങളിലും ചമയ്ക്കപ്പെട്ടിട്ടുള്ള ഭാഷാഗാനങ്ങളായിട്ടും ഉള്ള അനേക കൃതികളും പ്രസിദ്ധപ്പെടുത്തി നമ്മുടെ ഭാഷായോഷയെ പുഷ്ടിപ്പെടുത്തേണ്ടതായുണ്ട്. കരിയാറ്റിൽ മെ

ത്രാൻ, പാറേമ്മാക്കൽ ഗോവർണദോർ തുടങ്ങിയവരുടെ ഗദ്യകൃതികളും മാർഗ്ഗംകളിപ്പാട്ട്, മൈലാഞ്ചിപ്പാട്ട്, അടച്ചുതുറപ്പാട്ട് മുതലായ ഗാനകൃതികളും ഇവയിൽ ചിലതുകളാണു്. ആംഗ്ലേയ സാഹിത്യ ചരിത്രത്തിൽ ഇതുപോലെയുള്ള ഒരു ഘട്ടം ഒരിക്കൽ ഉണ്ടായിരുന്നു. 11-ാം ശതവർഷം മുതൽ ഇംഗ്ലണ്ടു രാജ്യത്തിൽ ലത്തീൻ, നോർമ്മൻ, ഫ്റഞ്ചു് എന്നീ സാഹിത്യങ്ങളെക്കുറിച്ചുള്ള അഭിരുചി ജനങ്ങളുടെ ഇടയിൽ അതിതീവ്രമായി വർദ്ധിച്ചുവന്നു. തൽഫലമായി പുരാതനകാലം മുതൽ അനഭ്യസ്തവിദ്യരായ പൊതുജനങ്ങളുടെ ഇടയിൽ പ്രചരിച്ചു വന്നിരുന്ന ചിത്താവർജ്ജകങ്ങളായ നാടൻ പാട്ടുകൾ (Ballads) മതസംബന്ധമായും മററുമുള്ള മനോഹരകൃതികൾ എന്നിവ വിസ്മൃതപ്രായങ്ങളായിപ്പോയി. ആയതു് ഇംഗ്ലീഷ് സാഹിത്യത്തിനു് അപരിഹാര്യമായ ഒരു നഷ്ടമായിത്തീരുമായിരുന്നു. പക്ഷേ 18-ാം ശതവർഷത്തിൽ ബിഷപ്പ് പെർസി (Bishop Percy) യുടെ പരിശ്രമഫലമായി അവയിൽ പലതും ശേഖരിച്ചു സൂക്ഷിക്കപ്പെട്ടു. പെർസിയുടെ പുരാതന ഗാനശേഖരം Percy's (Reliques of Ancient Songs) ഇപ്പോഴും എത്ര അനർഘമായ ഒരു കാവ്യവിഭാഗമായിട്ടാണിരിക്കുന്നതെന്നു് ഇംഗ്ലീഷു സാഹിത്യത്തിൽ പരിചയമുള്ളവരോടു പറയേണ്ടതില്ലല്ലൊ. അതുപോലെയുള്ള ഒരു "ക്രിസ്തീയ പുരാതന ഗാനശേഖരം" നാമും സജ്ജീകരിക്കേണ്ടതാണു്.

വിദേശിയരായ ചില വൈദികരുടെ ശ്രമംകൊണ്ടു നമ്മുടെ ഭാഷയ്ക്കു് ചില നിഘണ്ടുക്കളും വ്യാകരണങ്ങളും കിട്ടിയെന്നുള്ളതു മാത്രമാണു് ക്രിസ്ത്യാനികളിൽ നിന്നു് ഭാഷാസാഹിത്യത്തിനു ലഭിച്ചിട്ടുള്ള സാഹ്യമെന്നുള്ള ധാരണ അബദ്ധമാണു്. കേരളത്തിൽ ഇദംപ്രഥ

മമായി പ്രസ്സ് സ്ഥാപിച്ചതു് ക്രിസ്ത്യാനികളാകുന്നു. ആ പ്രസ്സിൽ ആദ്യമായി പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥം ഒരു ക്രിസ്തീയ ഗദ്യപ്രബന്ധവുമാണു്. പ്രസ്സ്സ്ഥാപനത്തിന്റെ ഗുണം തന്നെയാണു് എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, ചെറുശ്ശേരി മുതലായവരുടെ ഭാഷാ കൃതികൾക്കിത്ര അനായാസപ്രചാരമുണ്ടാക്കിക്കൊടുത്തതെന്നു് വിശേഷാൽ പറയണമെന്നില്ലല്ലൊ. ഏവം വിധം പ്രസ്സ്മൂലമായി പത്രപ്രചാരണത്തിനും തദ്വാരാ സാഹിത്യപോഷണത്തിനും വിദ്യാഭ്യാസ വിതരണത്തിനും ക്രിസ്തീയസ്ഥാപനങ്ങൾ കാരണമായിട്ടുണ്ടെന്നു പ്രസ്പഷ്ടമാണു് ഈ അവസരത്തിൽ നമ്മുടെ സാഹിത്യധനത്തെ വർദ്ധിപ്പിക്കുവാനുള്ള ഒരു മാർഗ്ഗത്തെ നിർദ്ദേശിക്കുന്നതു സന്ദർഭോചിതമായിരിക്കുമെന്നു വിചാരിക്കുന്നു.

സാഹിത്യസമ്പത്തു് കാലാനുസൃതമായ വിധം പരിഷ്കരിക്കേണ്ടിയിരിക്കുന്നു. ഗതാനുഗതികത്വമല്ലാ വിഷയസ്വീകരണത്തിൽ നമുക്കു മാർഗ്ഗദർശകമായിരിക്കുവാനുള്ള പ്രമാണം. മാളവികാഗ്നിമിത്രം നാടകത്തിന്റെ ആരംഭത്തിൽ കാളിദാസൻ പറയുന്നതുപോലെ പുരാണമാണെന്നുകണ്ടു് എല്ലാം നന്നായിരുന്നേ തീരു എന്നില്ല. പുതിയതാണെന്നു കരുതി ഒന്നും നിന്ദിക്കാനുമില്ല. അവനവൻ സ്വയം പരീക്ഷിച്ചിട്ടു നല്ലതെന്നോ തീയതെന്നോ നിർണ്ണയിച്ചുകൊള്ളുകയാണു വേണ്ടതു്. പുരാണകഥകൾ എല്ലാം തന്നെ നമ്മുടെ ഭാഷാസാഹിത്യത്തിനു പലവിധം പാത്രീഭവിച്ചു കഴിഞ്ഞിരിക്കുന്നു. ക്രിസ്തീയ മതകഥകളെന്നു മാത്രമല്ലാ ഇതരമതവിശ്വാസപ്രകാരമുള്ള ഹൃദ്യകഥകളേയും നമ്മുടെ ഭാഷയിലെ സല്ക്കാവ്യങ്ങൾക്കു വിഷയമാക്കിത്തീർക്കുവാൻ കേരളീയ മഹാകവിതിലകന്മാർ ഉദ്യമിക്കണം.

ഏതൽസരണിയൽക്കൂടി പ്രവത്തിച്ച കഴിഞ്ഞവരായ "ശ്രീയേശുവിജയം" മഹാകാവ്യകത്താവായ കട്ടക്കയത്തിൽ ചെറിയാൻമാപ്പിള അവർകം "മഗ്ദലനമറിയം" ഖണ്ഡകാവ്യരചയിതാവായ മഹാകവി വള്ളത്തോരം, "ശ്രീബുദ്ധചരിത" കത്താവായ മഹാകവി കുമാരനാശാൻ, "വേദവിഹാര" പ്രണേതാവായ ശ്രീമാൻ കെ. വി. സൈമൺ എന്നിവരെ "കൈരളി" ഒരു കാലത്തും വിസ്മരിക്കുകയില്ല.

എന്നാൽ മതസംബന്ധമായ കഥകളെ രചിക്കുമ്പോരം കവികരം വളരെ സൂക്ഷിക്കേണ്ടതുണ്ട്. അതതു മതങ്ങളുടെ സാക്ഷാത്തായ തത്വങ്ങരംക്കും അതതു മതങ്ങളുടെ ആദർശങ്ങരംക്കും പാരമ്പര്യങ്ങരംക്കും വിപരീതമായി യാതൊന്നും ഈ കൃതികളിൽ സ്ഥലം പിടിക്കുവാൻ പാടില്ല. ചമല്ക്കാരം പ്രയോഗിക്കുന്നതിൻെറ ഉദ്ദേശ്യം തന്നെ വസ്തുതത്വങ്ങരംക്കു പ്രാഗൽഭ്യം കൊടുക്കുവാനായിരിക്കണം. വാസ്തവങ്ങളെ മറച്ച് അയഥാത്ഥധാരണ ഉണ്ടാക്കരുതു്. അതതുമതങ്ങളിലെ മതസ്ഥരുടെ ആശയത്തിനും ധാരണയ്ക്കും വിപരീതമായ വിധത്തിലുള്ള അലങ്കാരങ്ങളും ചമൽക്കാരങ്ങളും പ്രയോഗിച്ചുകൂടാ. ഉദാഹരണമായി ഹൈന്ദവപുരാണങ്ങളെ ഒരു പാശ്ചാത്യസാഹിത്യകാരൻ വികൃതരൂപത്തിൽ പരാവത്തനം ചെയ്യുന്നു എന്നു സങ്കല്പിക്കുക. ശ്രീരാമൻ, ശ്രീകൃഷ്ണൻ, ബ്രഹ്മവിഷ്ണുമഹേശ്വരന്മാർ എന്നിവരെപ്പററി ഹിന്ദുക്കരംക്കുള്ള ഭക്തിവിശ്വാസങ്ങളെ ധ്വംസിക്കത്തക്കവിധം ഒരാരം ഒരു കാവ്യം നിർമ്മിക്കുന്നതായാൽ ആയതു് അവരെ എത്രത്തോളം ക്ഷോഭിപ്പിക്കുമെന്നൂഹിക്കാമല്ലൊ. കാവ്യദൃഷ്ട്യാ നോക്കുന്നതായാലും അത്തരം വ്യതിയാനങ്ങരം അനുവദിക്കത്തക്കതല്ല. ഈയിടെ മൈസൂരിലെ ഒരു ശാസ്ത്രികരം "ഭൈമീപരിണയം"

എന്ന തന്റെ സംസ്കൃതനാടകത്തിൽ പുരാണവൃത്തത്തിന്ന വിരുദ്ധമായ ചില സംഗതികൾ ചേർക്കുകയും ഭൈമിയെ വികൃതവേഷം കെട്ടിക്കയും ചെയ്തപ്പോൾ വളരെ ബഹളമുണ്ടായില്ലെ? എന്തിനധികം ദൂരെപോകുന്നു ശ്രീമാൻ എം. ആർ. മാധവവാര്യർ രാമായണകഥ ഈയിടെ ഒന്നു മാറിയെഴുതിയതിന്ന് എന്തുക്ഷോഭമാണ് ഉണ്ടായത്ത്. പുരാതനപുരുഷന്മാരെക്കുറിച്ച്—വിശിഷ്യാ മതവിഷയങ്ങളായ കാര്യങ്ങളിൽ—നമുക്കു ചില മുൻവിധികളെല്ലാമുണ്ട്. അവയ്ക്കു വിപരീതമായി എന്തെങ്കിലും പ്രസ്താവം ചെയ്വാൻ നല്ലപോലെ ആലോചിച്ചുവേണം. സെർ വാൾട്ടർ സ്കോട്ട് (Sir Walter Scot) ചരിത്രാഖ്യായികകൾ എഴുതുന്നതിന്നു മുമ്പു ചരിത്രസാമഗ്രികൾ എത്ര എത്ര ശേഖരിച്ചു കഴിഞ്ഞിരുന്നു. കഥ നടന്ന കാലദേശങ്ങളെ ക്രലംകഷമായി പഠിച്ചതിന്നുശേഷം മാത്രമേ സ്കോട്ട് എഴുതുവാൻ തുടങ്ങിയുള്ളൂ. ചിരപ്രതിഷ്ഠിതവും സത്യസംയുക്തവുമായ പ്രതീതികൾക്കു വിപരീതമായി യാതൊന്നും കാവ്യത്തിൽ കാണരുതാത്തതാണ്.

കിളിപ്പാട്ടിന്റെ പ്രണേതാവായ എഴുത്തച്ഛനും, തുള്ളൽപ്പാട്ടിന്റെ ജനയിതാവായ കുഞ്ചൻനമ്പ്യരും, കൃഷ്ണപ്പാട്ടിന്റെ പ്രയോക്താവായ ചെറുശ്ശേരിയും, സാഹിത്യനഭോമണ്ഡലത്തിൽ മിന്നിത്തിളങ്ങുന്ന മൂന്നുവഴികാട്ടിനക്ഷത്രങ്ങളത്രെ. അനന്തരഗാമികളായ ആധുനിക കവികളിൽ അടുത്ത അവകാശിസ്ഥാനം വഹിക്കുന്നതു ഉള്ളൂർ, ആശാൻ, വള്ളത്തോൾ എന്ന ത്രിമൂർത്തികളാണല്ലോ. ആ സ്ഥിതിക്കു സന്ദർഭോചിതമായ താരതമ്യവിവേചനത്തോടുകൂടി ഈ മഹാകവികളിൽ ഓരോരുത്തരുടേയും കൃതികളുടെ ഒരു സംയുക്ത നിരൂപണം എഴുതിയാൽ വായനക്കാർക്കു ഒന്നുകൂടി രസജനകമായിരിക്കുമെന്നു തോന്നു

ന്നതിനാൽ അതിനു യഥാവസരം ശ്രമിക്കുന്നതായിരിക്കും. ത്രിമൂർത്തികളെന്നു അഭിസംബോധനം ചെയ്തിരിക്കുന്നതുകൊണ്ടു് ഈയുള്ളവൻ ഒരു പ്രത്യേക കക്ഷിയാണെന്നു് ആരും തെററിദ്ധരിക്കയില്ലല്ലോ. പക്ഷെ, വിമർശനത്തിലേയ്ക്കു പ്രവേശിക്കുന്നതിനു മുമ്പായി, ഇപ്പോഴത്തെ, ഖണ്ഡകാവ്യ സരണിയെ പരാമർശിച്ചു ഒരു സാമാന്യ നിരൂപണം അത്യന്താപേക്ഷിതമാകയാൽ ഏതദ്വിഷയ ചർച്ചയാണു് പ്രഥമതഃ ചെയ്‌വാൻ ഉദ്യമിക്കുന്നതു്.

---

# II

കാലസ്ഥിതിക്കു യോജിച്ചു നവ്യനവ്യപഥങ്ങളെ സ്വീകരിക്കുന്നതിൽ, ഭാഷാകവിതകളും പിന്നോക്കമായിട്ടാണെന്നില്ല. മുൻകവിതകളെ അപേക്ഷിച്ചു്, ഇപ്പോഴത്തെ പദ്യകൃതികൾ ആശയവൈവിധ്യത്തിലും, ആകൃതിഭേദങ്ങളിലും വളരെ വ്യത്യസ്തപ്പെട്ടു നില്ക്കുന്നു. ഇപ്പോഴത്തെ വലിയ കാവ്യങ്ങളിൽപോലും, പഴയ മഹാകാവ്യലക്ഷണങ്ങളെ തേടേണ്ട ആവശ്യമില്ല. പ്രാചീനകാവ്യങ്ങളിലെ പ്രശസ്ത ലോകത്തിൽ മാമൂൽപടി തഴച്ചു വന്നിട്ടുള്ളവയെങ്കിലും ഇപ്പോഴത്തെ കാലസ്ഥിതിക്കു് അനുഭവസാക്ഷ്യങ്ങളല്ലാത്ത സംഭവങ്ങളുടെ പ്രസംഗം ആധുനികദൃഷ്ടിയിൽ അനുചിതമെന്നു വരികയേയുള്ളു. ഇംഗ്ലീഷ് കവിതയുടെരീതിയിലുള്ള നവീനാശയസംപ്രാപ്തിയാണു് ഇന്നത്തെ രസജ്ഞന്മാരുടെ സാദരപ്രതീക്ഷ. എന്നു തന്നെയല്ല, പദ്യകൃതികൾ, സാമാന്യത്തിലധികം നീണ്ടുപോയാൽ അതുതന്നെ ആക്ഷേപാർഹമായിഭവിച്ചിരിക്കുന്ന കാലഘട്ടമാണു് ഇതു്. ഇതിനുള്ള കാരണം, കൂടുതൽ ജീവിതമാത്സര്യത്തിൽ ഏർപ്പെടേണ്ടിവന്നിരിക്കുന്ന ബഹുജനങ്ങൾക്കു് നീണ്ടകൃതികൾ വായിക്കാനുള്ള സമയക്കുറവോ ഇത്തരം കൃതികൾക്കു പണ്ടുള്ള മഹാകാവ്യങ്ങൾക്കുണ്ടായിരുന്നപോലെ വിദൂരരസസമ്പത്തിനെ നിലനിർത്തിക്കൊള്ളുവാനുള്ള ശക്തിയുടെ അഭാവമോ സഹൃദയന്മാരുടെ കാലോചിതമായ അഭിരുചിഭേദമോ ആയിരിക്കാം; ഏതുമാകട്ടെ, ആള

കൾക്കു് ഇപ്പോൾ ചെറുപദ്യകൃതികൾ വായിക്കുന്നതിൽ മാത്രമേ, താല്പര്യം കാണുന്നുള്ളു എന്നതു് ഒരു വസ്തുതതന്നെയാണു്. ഇനി ബാഹ്യാകൃതിയെ സംബന്ധിച്ചു നോക്കുന്നതായാൽ, ഭാഷാകവിതയ്ക്കു സ്വന്തമേ, യോജിച്ചു കാണുന്ന വൃത്തം ദ്രാവിഡവൃത്തമോ സംസ്കൃതവൃത്തമോ എന്നുള്ള വാദപ്രതിവാദവും ഇപ്പോഴത്തെ പരിഷ്ക്കാരത്തിരക്കിൽ കടന്നുകൂടിയിട്ടുള്ളതാണു്. മലയാളഭാഷയ്ക്കു സംസ്കൃതത്തിനോടുള്ളതിനേക്കാൾ ജാതീയബന്ധം ദ്രാവിഡഭാഷകളോടാണെന്നുള്ള മതം പ്രചരിച്ചതോടുകൂടി, മലയാളികൾക്കു ദ്രാവിഡവൃത്തത്തോടു കൂടുതൽ ഐക്യാദരം താനേ തോന്നിത്തുടങ്ങിയെന്നല്ലാതെ വൃത്തഭേദം പദ്യകൃതിയുടെ കാവ്യഗുണത്തെ കാര്യമായു് സ്പർശിക്കുമോ എന്നു വളരെ സംശയിക്കണം. "കുടത്തിൽ കൊൾവതേ കൊള്ളൂ; കടലിൽ തന്നെ മുക്കിലും" എന്ന മട്ടിൽ മനോധർമ്മ വ്യാപ്തിയ്ക്കനുസരണമായ കാവ്യഗുണം മാത്രമേ ഏതു ബാഹ്യ രൂപത്തിൽകൂടിയായാലും പ്രത്യക്ഷമാകയുള്ളു. ശ്ലോകങ്ങൾക്കു ദ്വിതീയാക്ഷരപ്രാസ നിഷ്ക്കർഷയെന്നപോലെയാണു് ഭാഷാകവിതയ്ക്കു ദ്രാവിഡവൃത്തം ഇപ്പോൾ ഏറെക്കുറെ സജാതീയമെന്നു വാദിച്ചു വരാറുള്ളതു്.

ഏതായാലും ലോകാഭിരുചി അറിഞ്ഞു കൃതികൾ രചിച്ചെങ്കിലേ ഫലസിദ്ധി ഉണ്ടാകയുള്ളൂ. മലയാളഭാഷയ്ക്കുള്ള കവിതാസരണികളിൽ ഇപ്പോൾ ആളുകളെ രസിപ്പിക്കുന്നതേതു് എന്നു നോക്കുകയാണെങ്കിൽ, ദ്രാവിഡവൃത്തത്തിൽ രചിക്കപ്പെടുന്ന ചെറുതരം പദ്യഖണ്ഡങ്ങളാണെന്നു പൊതുവിൽ പറയാം. അഥവാ സംസ്കൃതവൃത്തമായിരുന്നാൽ തന്നെയും പതിനഞ്ചക്ഷരത്തിൽ കവിയാത്ത പാദങ്ങളോടുകൂടിയതും ദ്വിതീയാക്ഷരപ്രാസ

നിഷ്കർഷയില്ലാത്തതും, പുതിയ ആശയങ്ങളോടുകൂടിയ ശുദ്ധമലയാള ഭാഷയിൽ ചമച്ചിട്ടുള്ളതും ആണെങ്കിൽ, അങ്ങനെയുള്ള പദ്യഖണ്ഡങ്ങളെയും ഇക്കൂട്ടത്തിൽ എണ്ണാം. ഇപ്പറഞ്ഞവ കേവലം ബാഹ്യരൂപത്തെ(Form) മാത്രമേ കുറിക്കുന്നുള്ളു. എന്നാൽ കാവ്യത്തിന്റെ ആഭ്യന്തര ഗുണങ്ങളെക്കുറിച്ചു വേറെ പല നിഷ്കർഷകളുമുണ്ടു്. ഒന്നാമതു് നല്ല കല്പനാശക്തി (Imagination) കൊണ്ടു കവിത, സമഞ്ജസവും കൂടുതൽ സങ്കല്പോല്പാദനങ്ങൾക്കു് വഴി കൊടുക്കുമാറു് ചിന്താമൂലകവുംകൂടി ആയിരിക്കണം. ഇതാണു് ടാഗ്രർ പ്രസ്ഥാനത്തിന്റെ പ്രധാന ലക്ഷണം. പറയാനുള്ളതു മുഴുവൻ തുറന്നു പറയാതെ വായനക്കാർ സ്വയം ഊഹാപോഹശക്തിയാൽ പൂരിപ്പിച്ചു് അറിഞ്ഞുകൊള്ളുവാൻ മാർഗ്ഗങ്ങളുണ്ടാക്കിക്കൊടുക്കുന്ന ഇത്തരം കവിതയ്ക്കു് അവയുടെ ഈ ഉപഗൂഹനപ്രകൃതികൊണ്ടു് ഒരുതരം ഗാംഭീര്യം വന്നു ചേരുന്നതാണല്ലൊ. രണ്ടാമതു് ശബ്ദഭംഗിയെക്കാൾ അർത്ഥസ്വാരസ്യത്തിനാണു് പ്രാധാന്യം കൊടുക്കേണ്ടതെങ്കിലും ആകപ്പാടെ കേൾവിക്കിമ്പം കൊടുക്കുന്ന ശയ്യാഗുണം കൂടിയേ തീരൂ. അങ്ങിനെയുള്ളവയാണു് "സുഖമുള്ള കവിത" എന്ന മതിപ്പിനു പാത്രീഭവിക്കാറുള്ളതു്. ധാരാളമായുള്ള ദ്രാവിഡപദപ്രയോഗം, ഇപ്പറഞ്ഞ ശ്രവണസുഖമുണ്ടാക്കിക്കൊടുക്കുന്ന ഉപകരണങ്ങളിൽ പ്രധാനമത്രെ സംസ്കൃതവിഭക്ത്യന്തങ്ങളോടുകൂടിയ പദപ്രയോഗം ഭാഷയായിത്തന്നെ ഗണിക്കാൻ ഇപ്പോൾ ന്യായമില്ലാത്തതിനാൽ അവ ഇപ്പോൾ മലയാളകവിതയ്ക്കു് അഭംഗിയായും ദോഷമായും പരിണമിച്ചിരിക്കുന്നു. മൂന്നാമതായി ആകപ്പാടെയുള്ള പരിമിതികളിൽ ഒതുങ്ങിച്ചേരത്തക്ക വർണ്ണനകൾ മാത്രമേ പാടുള്ളു. വല്ലാതെ മുഴച്ചു കാണുന്ന വൃഥാസ്ഥലങ്ങളൊ, വേണ്ടാത്ത വിഷയങ്ങളെപ്പററി

വേണ്ടാത്തപ്രകാരം വിസ്തരിക്കുന്ന അലസങ്ങളോ ആയ വർണ്ണനകൾക്ക് സ്ഥാനം കൊടുക്കരുത്. മർമ്മം കണ്ടുപിടിച്ച് പുഷ്കലിപ്പിക്കയും അതിനുള്ള പ്രാധാന്യത്തെ പ്രകാശിപ്പിക്കയും ചെയ്യുന്ന രീതിയിൽ മാത്രമേ, ശ്രോതാക്കളുടെ മനസ്സിൽ പെട്ടെന്ന് പതിയുന്ന അവഗാഹിതം സിദ്ധിക്കയുള്ളൂ. നാലാമത് പരിണാമംവരെ വായനക്കാരിൽ ജിജ്ഞാസയും കൗതുകവും വർദ്ധിപ്പിക്കുന്ന പരിണാമഗുപ്തിയുണ്ടായിരിക്കണം. അഞ്ചാമത് ലോകപരിചയം വർദ്ധിപ്പിക്കുന്ന അനുഭവഗുണവും കാവ്യത്തിനു ഒഴിച്ചുകൂടാത്തതാകുന്നു. സംഭവങ്ങൾക്കു രംഗവിധാനവും വിന്യാസക്രമവും നിശ്ചയിക്കേണ്ടതു് പരിണാമഗുപ്തി നോക്കി വേണ്ടതാണു്. ഇതിന്റെ അഭാവംകൊണ്ടു് കവിത, കുറച്ചു കേട്ടുകഴിയുമ്പോൾ മുഷിവു തോന്നിക്കുന്നു. ഒരു കവിക്കു മനുഷ്യസ്വഭാവനിരീക്ഷണത്തിൽ ശ്രദ്ധയുണ്ടെങ്കിലേ, തൽകവിതയിൽ അനുഭവഗുണം പ്രതിബിംബിക്കുകയുള്ളൂ. ജീവിതപ്രകൃതിക്കു് അനുയോജിച്ച ലൗകികവൃത്തിവിശേഷങ്ങൾക്കുള്ള ആഭ്യന്തരതത്വങ്ങളെ പ്രസ്പഷ്ടമാക്കിക്കൊടുക്കുക തന്നെയാണല്ലൊ, യഥാർത്ഥത്തിൽ, കാവ്യത്തിന്റെ അനുഭവഗുണം. മനോവൃത്തിക്കു് പ്രവൃത്തികളെക്കാൾ കാവ്യത്തിൽ മെച്ചം കിട്ടുന്ന കാരണവും ഇതുതന്നെയാണു്. മനുഷ്യപ്രകൃതിയുടെ യാഥാസ്ഥിതികമായ ഈ നില യഥാസൂക്ഷ്മം ആളുകൾ അറിഞ്ഞു പ്രവർത്തിച്ചെങ്കിലേ ലോകത്തിനു സ്പൃഹണീയമായ ഉൽഗതിയുണ്ടാകയുള്ളൂ എന്നുള്ളതാണു് ഇത്തരം കാവ്യങ്ങൾകൊണ്ടു പൊതുവേ സിദ്ധിക്കുവാനുള്ള പ്രയോജനം. സൌഹാർദ്ദവികാരങ്ങളുടെ വിലയും നിലയും അറിയാനിടയാകുമ്പോൾതന്നെ, ലോകത്തിലെ കാർക്കശ്യവും പ്രമത്തതയും വളരെ കുറയാതിരിക്കയില്ല. ഇപ്പറഞ്ഞ അനുഭവഗുണത്തെ പുരസ്കരിക്കുന്ന കവി

യുടെ ഭാഷാരീതി, സർവപ്രകാരേണയും സംസ്കൃതമായിരിക്കേണമെന്നു വിശേഷിച്ചു പറയേണ്ടതില്ല. ചമല്കാരസ്ഫുരണത്തിനുവേണ്ടി വേണ്ടാത്തവിധം വളച്ചുകെട്ടി പറയുക, ഭാഷാപാണ്ഡിത്യം കാട്ടുവാനായി ശ്ലിഷ്ടവും അപൂർവവുമായ പദാവലികളെ പ്രയോഗിക്കുക, പാമരന്മാരെ രസിപ്പിക്കണമെന്നുകരുതി അശ്ലീലവും അസഭ്യവുമായി വർണ്ണിക്കുക, എന്നിവയെല്ലാം ആർജ്ജവപ്രകൃതികളും സദാചാരവൃത്തികളും യോജിച്ചവയല്ലാത്തതിനാൽ കേവലം ദോഷങ്ങളായിത്തീരുകയേ ഉള്ളൂ.

ഇപ്പോഴത്തെ സഹൃദയന്മാരെ രസിപ്പിച്ചുവരുന്ന കവിതയുടെ ബാഹ്യമായും ആഭ്യന്തരമായും ഉള്ള രീതിവിശേഷങ്ങളേപ്പററി സാമാന്യമായി പറഞ്ഞു കഴിഞ്ഞു. എന്നാൽ ബാഹ്യരീതിയെ സംബന്ധിച്ചുതന്നെയും ഒരു വിശേഷഗതി, ഇപ്പോഴത്തെ കാലസ്ഥിതിക്കനുസരണമായി വന്നുചേർന്നിട്ടുള്ളതിനെപ്പററിയാണു് ഇനിമേൽ അല്പം ചിന്തിക്കാനുള്ളതു്.

ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന ഖണ്ഡകാവ്യത്തനുതന്നെയും അടുത്ത പടിയായ "കാവ്യഖണ്ഡ"മെന്നൊരു പ്രസ്ഥാനഭേദം വന്നുകൊണ്ടിരിക്കുന്നില്ലയോ എന്നാണു് സംശയം. "ഖണ്ഡകാവ്യം" എന്നുള്ളതിനു് ചെറുതരം കാവ്യങ്ങളെന്നാണർത്ഥമെങ്കിൽ "കാവ്യഖണ്ഡം" എന്നതിനു് കാവ്യഗുണത്തോടുകൂടിയ അതിലും ചെറിയ പദ്യഭാഗങ്ങൾ എന്നതത്ഥം കല്പിക്കാം. ഈദൃശകാവ്യഖണ്ഡങ്ങളെയാണു് ഭാവഗീതങ്ങൾ എന്ന പേരിൽ പ്രസിദ്ധമായിത്തീർന്നിട്ടുള്ളതു്. കവികൾ അപ്പൊഴപ്പോൾ ഓരോ സന്ദർഭങ്ങളിൽ രചിക്കുന്ന ഇത്തരം ലഘുകൃതികളെഒരുമിച്ചുചേർത്തു് "സാഹിത്യമഞ്ജരി", "മുകുരം", "ആരാമം" എന്നിത്യാദിസംജ്ഞകൾ കൊടുത്തു്, പുസ്തകരൂപത്തിൽ

പ്രസിദ്ധപ്പെടുത്തുന്ന പതിവ് ഇപ്പോൾ ധാരാളമായിരിക്കുന്നു. ഉള്ളൂരിൻെറ "കിരിണാവലി", വള്ളത്തോളിൻെറ "സാഹിത്യമഞ്ജരി", കുമാരനാശാൻെറ "മണിമാല", മുതലായ പദ്യ സമുച്ചയഗ്രന്ഥങ്ങളെല്ലാം, ഈ നവീന പ്രസ്ഥാനത്തിൽ നിന്നും ലഭിച്ച ലഘുകൃതിസമുച്ചയമാകുന്നു. ഈ കാവ്യഖണ്ഡപ്രസ്ഥാനത്തിലേയ്ക്കുള്ള പരിഷ്കാരപ്രയാണം എത്രയും സ്വാഭാവികവും, പരസ്പരാനുബദ്ധവുമാണെന്നു കാണാം. കവിതയുടെ ബാഹ്യമായും ആഭ്യന്തരമായും ഉള്ള പ്രകൃതികളെ സംബന്ധിച്ചു നോക്കുന്നതായാൽ, രണ്ടും തമ്മിലുള്ള വ്യത്യാസം വലുതും ചെറുതുമെന്നല്ലാതെ മററു യാതൊന്നും കാണുകയില്ല. എന്നിരുന്നാലും, തുലോം ചുരുങ്ങിയ പരിമിതികൾക്കുള്ളിൽ വരുത്തേണ്ട ഗരിമകേന്ദ്രത്തിൻെറ സ്ഥാനനിർണ്ണയചാതുര്യം നിമിത്തം കൂടുതൽ കവിതാസാമർത്ഥ്യം വേണ്ടതു് ഇത്തരം ലഘുകൃതികളിൽ ആണെന്നു് ഇപ്പോഴത്തെ സഹൃദയാഭിജ്ഞർ അഭിപ്രായപ്പെടുന്നുണ്ടു്.

ഖണ്ഡകാവ്യങ്ങളിലാകട്ടെ നമുക്കു ഹൃദയസ്തോഭകരങ്ങളായ ഓരോരോ കഥാ രംഗങ്ങളെ കവി, യഥാക്രമം കാട്ടിത്തന്നശേഷം അതാതു രംഗവിധാനങ്ങളെ, തൽകഥാ പാത്രങ്ങളുടെ സംഭാഷണത്തിലോ അല്ലാത്തപക്ഷം കവിവാക്യത്തിലോ വിശദപ്പെടുത്തുകയും, അതോടു കൂടിതന്നെ വിമർശനദ്വാര അനേക ലോക തത്വങ്ങളെപ്പററി നമ്മെ ഉൽബോധിപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം നിരീക്ഷിക്കുന്നതായാൽ, ലോകസംഭവങ്ങളുടെ വിമർശനപരമായ ഒരു ചെറുദൃശ്യകാവ്യത്തിൻെറ പരമോദ്ദേശം, ഖണ്ഡകൃതികൾ നമുക്കു സാധിച്ചു തരുന്നുണ്ടെന്നു പറയാം. എന്നാൽ പ്രകൃതിയിൽ കാണുന്ന ഏതെങ്കിലും ഒരു പ്രത്യേക രംഗത്തേയോ അതി

ൻറതന്നെ പരിവൎത്തനരംഗാന്തരങ്ങളേയൊ സാക്ഷാല്ക്കരിച്ചുകൊണ്ടു് കാവ്യകൃത്യം നിൎവഹിക്കുകയാണു് ഉത്തമ ലഘുകൃതികൾ അനുഷ്ഠിക്കുന്നതു്. ഖണ്ഡകാവ്യങ്ങളിൽ രംഗങ്ങൾക്കു് കരുപിടിച്ചുകൊള്ളുവാൻ അതിലെ ഇതിവൃത്തബന്ധം യോജിക്കാതെ വരുന്നതല്ല. നേരെമറിച്ചു്, ഈ ലഘുകൃതികൾക്കു് ഈ ഉപകരണംപോലും ഇല്ലാതെ പ്രകൃതിയിലെ ചില കാഴ്ചകളേയൊ സംഭവങ്ങളേയോ മാത്രം രംഗമാക്കിക്കൊൾവാനേ തരമുള്ളു. ചെറുതരത്തിലുള്ള ഈ രംഗത്തുവച്ചു് ഖണ്ഡകാവ്യങ്ങൾക്കു് സുലഭമായുള്ള പല ഉപസ്ഥാനങ്ങൾകൊണ്ടു് സാധിക്കുന്നകാൎയ്യം, സാധിക്കേണ്ടതായും ഇരിക്കുന്നു. സാമഗ്രികളും, മാൎഗ്ഗങ്ങളും, ഇതരോപകരണങ്ങളും കുറഞ്ഞിരിക്കെ, വലിയ കാൎയ്യങ്ങൾ സാധിക്കുന്നതിലാണെല്ലൊ വിലയും നിലയും. കാവ്യഖണ്ഡങ്ങൾ രചിക്കുന്ന കവിക്കു്, പ്രകൃതിയിൽ നിന്നും ഹൃദയാവൎജ്ജകങ്ങളായ ഭാവന വിശേഷങ്ങൾക്കു് സ്വകരത്വം ഉണ്ടാക്കിക്കൊടുക്കത്തക്ക രംഗങ്ങളെ തെരഞ്ഞെടുക്കുന്നതിലും, ഇവയെ സാക്ഷാല്ക്കരിച്ചു് തത്വപ്രഗത്ഭമാംവണ്ണം അനുവാചകരിൽ അനുഭവരസം ഉളവാക്കുന്നതിലും,സഹായിക്കുന്ന മനോധൎമ്മപൌഷ്കല്യത്തിനു്, ഈദൃശ്യ ലഘുകൃതികൾ മാറു നിശ്ചയിക്കുന്നതായി ചില അഭിജ്ഞന്മാർ വാദിക്കുന്നു. ഖണ്ഡകാവ്യത്തേക്കാൾ കാവ്യഖണ്ഡപ്രസ്ഥാനത്തിനുള്ള ഒരു മെച്ചമാണു് ഇപ്പോൾ പറഞ്ഞുകഴിഞ്ഞതു്. ഇനി മറെറാന്നുകൂടിപ്പറയാനുണ്ടു്. കവിത സ്വയമേവാഗതയായിരിക്കണമെന്നുള്ള പ്രാചീനമതം, ബഹുകാലങ്ങളിലെ ലോകാനുഭവം പ്രമാണിച്ച പ്രതിഷ്ഠയിലെത്തിയിരിക്കുന്നതാകയാൽ അതിൻെറ യാഥാൎത്ഥ്യത്തെപ്പററി ആധുനിക

രുടെ ഇടയിൽ വലിയതർക്കമുണ്ടാകുമെന്നു തോന്നുന്നില്ല. ഈ വാസ്തവം തെളിയിക്കുവാൻ ഒരു യുക്തികൂടികാണുന്നു. പ്രകൃതിയിൽ നാം കാണുന്ന ഓരോ കാഴ്ചകൾ നമ്മുടെ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ ഓരോ തരത്തിലുള്ള വികാരപരമ്പരകളെ ജനിപ്പിക്കാറുണ്ട്. പ്രകൃതി പ്രഭാവത്താൽ ഇവയിൽ പലതിനും തമ്മിൽ സാമ്യവും ചിലതുകൾക്കുമാത്രം പ്രത്യേകമനസ്ഥിതിയ്ക്കനുസരണമായ മാററവും കാണുമെന്നേയുള്ളൂ. ഇപ്രകാരം ചില ഹൃദയങ്ങളിൽ അപ്പൊഴപ്പോളുണ്ടാകുന്ന മനോവ്യാപാരങ്ങൾ അവരവരുടെ മനസ്സിൽ തന്നെ ലയിക്കുന്നതുകൊണ്ടു് തൃപ്തിപ്പെടാതെ മധുരഭാഷണങ്ങളായി സ്വയം നിഗളിക്കുന്നു. ഈ മധുരഭാഷണങ്ങൾ ഉൾക്കൊള്ളുന്ന ആശയങ്ങളിലധികവും, അപ്രകാരമുള്ള പ്രകൃതി വിലാസം കാണുന്ന മററുള്ളവരിലും ഉണ്ടാവാൻ മാർഗ്ഗമുള്ളതുകൊണ്ടു സ്വയമേവാഗതയായ ഈ ഭാഷണം-അഥവാ കവിത, വളരെ അനുഭവരസമുള്ളതാണെന്നു ശ്രോതാക്കൾക്കു തോന്നുന്നതിൽ അത്ഭുതപ്പെട്ടുവാനില്ല. പ്രകൃതി വിലാസങ്ങളോടുകൂടി കവിഹൃദയങ്ങൾക്കുണ്ടാകുന്ന സമ്പർക്കഘട്ടങ്ങളിൽ താനേ ഉൽഗളിക്കുന്ന കവിതയാണു്, ഈ ലഘുകൃതികളെങ്കിൽ ഇവയ്ക്കു തൽക്കവികളുടെ തന്നെ, മററുകവനങ്ങളെക്കാൾ മാധുര്യമുണ്ടായിരിക്കുമെന്നുള്ളതിനു വിവാദമില്ല. എങ്ങിനെയായാലും "കവിത"യുടെ "സ്വയമേവ"യായ "ആഗമന"ത്തിനു് കൂടുതൽ സാംഗത്യം ഇത്തരത്തിലുള്ള ലഘുകൃതി പ്രസ്ഥാനത്തിലാണെന്നു സമ്മതിക്കതന്നെ വേണം. ഇതിനും പുറമേ കവികൾക്കു് അതിശ്രമം കൂടാതെ സാധിക്കത്തക്കതെന്നും വായനക്കാർക്കു വേഗം വായിച്ചുതീർത്തുരസിക്കുവാൻ സൗകര്യ

മുള്ളതെന്നും മറരുമുള്ള പല വൈശിഷ്ട്യങ്ങൾ ഇപ്പോഴത്തെ കവിതാസരണിയിലുണ്ടെന്നു സമർത്ഥിക്കാം.

ഇങ്ങനെ അഭിനവങ്ങളായ വിഷയങ്ങളും ആശയവിശേഷങ്ങളും ലക്ഷ്യമായുള്ള നിരവധി കാവ്യതല്ലജങ്ങൾ ഭാഷയുടെ രണ്ടു കൈവഴികളായ പദ്യഗദ്യങ്ങളിൽക്കൂടി സമുല്ലസിച്ച് നമ്മുടെ മലയാളസാഹിത്യം പരിപുഷ്ടമാകണം. നിർമ്മത്സരവും നിർമ്മലവുമായ അത്യുദാരവിമർശനം സാഹിതീദേവിയെ പരിപൂതയാക്കും.

ആധുനിക മഹാകവികളായ വള്ളത്തോൾ നാരായണമേനോന്റെയും ഉള്ളൂർ പരമേശ്വരയ്യരുടേയും കുമാരനാശാന്റെയും ഖണ്ഡകാവ്യങ്ങൾ ഭാഷായോഷയുടെ അമൂല്യകണ്ഠാഭരണങ്ങൾ തന്നെയാണ്. ഈ കണ്ഠഭൂഷണങ്ങളിൽ നിന്ന് ഒരു രത്നമെടുത്തു ഘർഷണം ചെയ്തുനോക്കാം. മഗ്നഃലനമഹിയമാണു വള്ളത്തോളിന്റെ ലഘുകാവ്യങ്ങളിൽ വച്ചു പ്രഥമമെന്നുള്ള അഭിജ്ഞമതം അനാദരണീയമല്ല. തന്നിമിത്തം ആ ഖണ്ഡകാവ്യം തന്നെയാകട്ടെ നമ്മുടെ വിമർശന വിഷയം. അതിലെ ഇതിവൃത്തം ബൈബിളിലെ ഒരു സുപ്രസിദ്ധ കഥയാണ്.

ശ്രീയേശുനാഥൻ തിരുഅവതാരംചെയ്തു മുപ്പത്തിമൂന്നുവത്സരം ഭൂലോകത്തിൽ ജീവിച്ചു. സർവലോകരുടേയും അനുഭവദൃഷ്ടിക്കു ഗോചരമാകുംവണ്ണം അദ്ദേഹം സ്വജീവിതത്തെ നയിച്ചതു് ഈ ആയുഷ്കാലത്തിന്റെ ഒടുവിലത്തെ മൂന്നു സംവത്സര പരിധിയിലാണ്. ഈ മൂന്നു വർഷത്തിനു പരസ്യജീവിതമെന്നും തല്ലുന്ന

മുള്ള മുപ്പതു വർഷത്തിന രഹസ്യ ജീവിതമെന്നും പേർ പറയപ്പെടുന്നു. ആദ്യത്തെ ദീർഘകാലം ഒടുവിലത്തെ അല്പകാലത്തിന്റെ പൂർവരംഗപ്രകല്പനം മാത്രമായിരുന്നതാനും. ശ്രീയേശുനാഥൻ പരസ്യ ജീവിതത്തിലേക്കു കാലുവച്ചതു മാത്രമെയുള്ളൂ. ജാഡ്യജടിലമായ ബാഹ്യാചാര്യങ്ങളിൽ മക്കടമുഷ്ടികളായിരുന്ന പ്രീശന്മാർക്കു് അദ്ദേഹത്തിന്റെ നേരെ തോന്നിയ വൈരസ്യവും നിന്ദാഭാവവും തീരെ മാഞ്ഞുപോയിട്ടില്ലായിരുന്നു. എങ്കിലും യേശുവിനെ അവരെക്കുറിച്ചു് അശേഷം ഭയമില്ലെന്നും അവരുടെ ദുഷ്ടോദ്ദേശങ്ങളെല്ലാം ഗ്രഹിച്ചിരിക്കുന്നു എന്നും അദ്ദേഹം വെളിപ്പെടുത്തി. ഏതുവിധമാണു് അദ്ദേഹത്തോടു യുദ്ധം ചെയ്യേണ്ടതെന്നു് അവർ തീരുമാനിച്ചിരുന്നില്ല. ചിലർ അദ്ദേഹത്തെ ഒരു സ്നേഹിതനായിട്ടു സ്വീകരിക്കും. മററു ചിലരോ ജനബോദ്ധ്യത്തിനുമാത്രംവേണ്ടി അദ്ദേഹത്തെ ഒന്നു ബഹുമാനിച്ചേക്കാമെന്നുവച്ചു. ഇങ്ങനെ ആലോചിച്ചവരിൽ ഒരാളാണു് "മഗ്ദലയിലെ സൈമൺ. ഇയാൾ ഒരു ധനാഢ്യനും പൊതുജന സമ്മതനാം മതതല്പരനും ആയിരുന്നു. ഏതൊരു കാര്യത്തിലും ഇരുഭാഗവും കേട്ടശേഷമെ വിധി കല്പിക്കാവൂ എന്ന നിഷ്ഠയുള്ള ഒരു മാന്യനായിരുന്നു അദ്ദേഹം. യേശുവിനെപ്പററി ദോഷമായിട്ടും ഗുണമായിട്ടും പലരും പലതും പറയുന്നുണ്ടല്ലോ. ആ സ്ഥിതിക്കു യേശു ഒരു വെറും സാധാരണ മനുഷ്യനല്ലായിരിക്കണം. എന്തായാലും ഇയാളെ ക്ഷണിച്ചുവരുത്തി ഒരു വിരുന്നു നൽകുകതന്നെ. പക്ഷെ പ്രത്യേകം ഒരുക്കമൊന്നും ചെയ്‌വാൻ കഴിയുകയില്ല. സാധാരണ സംപ്രദായത്തിലുള്ള ആചാരോപചാരങ്ങൾ കൊണ്ടു കഴിച്ചുകൂട്ടാം. അതിഥി നസ്രത്തിലെ ഒരു ആശാരിയുടെ

മകനായിരിക്കുന്ന സ്ഥിതിക്കു മാന്യന്മാരായ മററു വിരുന്നുകാരുടെ കൂട്ടത്തിൽ ഇരുന്നു ഭക്ഷണം കഴിക്കുന്നതു തന്നെ അയാൾക്കു് ഒരു വലിയ അഭിമാനമല്ലേ എന്നെല്ലാം സൈമൺ ആത്മഗതം ചെയ്തു. സൈമൻെറ ധനപുഷ്ടിയെ വെളിപ്പെടുത്തുവാനായി മി. മേനോൻ ഇങ്ങനെ പാടുന്നു.

"ശിമോൻെറ പൂമേടതന്നിലെനേത്രാഭി-
രാമവിശാലമാംശാലയിങ്കൽ,
എണ്ണപ്പെട്ടുള്ള സുഗന്ധംപരത്തുന്നൊ-
രെണ്ണപകൎന്നുകൊളുത്തിച്ചെമ്മേ
തൂവെള്ളിച്ചങ്ങലത്തുമ്പത്തതാതിടം
തൂക്കിയദീപത്തിൻ ദീപ്തിപൂരം"

പൂമേടയും വെള്ളിച്ചങ്ങലകളും, മണിദീപങ്ങളുമെല്ലാം യഹൂദൻെറ പ്രതാപത്തെ വിളിച്ചുപറയുന്നു. ധനവാനും ഉദാരനുമായ സൈമൺ തൻെറ സ്നേഹിതന്മാരെ വിളിച്ചു ചിലപ്പോഴെല്ലാം സൽക്കരിക്കുക പതിവാണു്. തദവസരങ്ങളിൽ സാധാരണ വിളക്കും സാധാരണ എണ്ണയുമായിരിക്കാം ഉപയോഗിക്കുക. ഈ സന്ദർഭത്തിലാവട്ടെ കവി സങ്കല്പിച്ചിരിക്കുന്നതുപോലെ വെള്ളിച്ചങ്ങല വിളക്കും സുഗന്ധവാഹിയായ തൈലവും ഉപയോഗിച്ചിരിക്കാം.

തുടർന്നുള്ള രണ്ടു പാദങ്ങളിലെ തത്വചിന്ത അതിഭാസുരമായിരിക്കുന്നു. എന്തെന്നാൽ ദീപ്തിപൂരം,

"ദൂരിതമാക്കുമിങ്ങണഞ്ഞിന്നൊരു
പൂരുഷരൂപമാം തേജഃപുഞ്ജം...."

രജതനിർമ്മിതമായ ദീപത്തിൻെറ രാജതവർണ്ണവും നിർമ്മലതൈലത്തിൻെറ ശോഭയും വാസനയും അഗ്നിയുടെ പ്രകാശവും അതിഥികളുടെ പഞ്ചവർണ്ണകഞ്ചുകങ്ങളിൻമേൽ തട്ടുമ്പോൾ വിശേഷമായ ഒരു കാന്തിപൂരം ഉണ്ടാവുക സ്വാഭാവികമാണു്. സൈമൻെറ ഭവനത്തിൽ ഇതിനുമുമ്പു് കാണാൻ അവകാശമില്ലാത്ത ഒരു സംഭവമുണ്ടായി. അതു മററൊന്നുമല്ല സൈമൻെറ ദീപപ്രകാശത്തെ വെല്ലുന്ന മററൊരു ദീപ്തിപൂരം ഉദിതമായതാണു്. സൈമൻെറ കൃത്രിമപ്രൌഢിയെ കവിസമ്പ്രദായത്തിൽ ഹസിക്കയും യേശുവിൻെറ ദിവ്യതേജസ്സിനെ സ്തുതിക്കയും ചെയ്യുന്നു. അദ്ദേഹത്തിൻെറ ഉജ്ജ്വലമായ പൌരുഷപ്രകാശത്തിൽ വിളക്കിൻെറ പ്രഭാപൂരം മങ്ങി മാഞ്ഞുപോകുന്നു. സർവശോഭയുടേയും കേന്ദ്രമായ യേശുവിനു കൃത്രിമശോഭ വേണമോ?

"അണിഞ്ഞിതിന്നൊരു" ഇതിലെ "ഇന്നു,,വെന്നുള്ള ഛായാക്ഷരംകൊണ്ടു കവി ഏതെല്ലാം അർത്ഥങ്ങളെയാണു സൂചിപ്പിക്കുന്നതു! സൈമൻെറ ക്ഷണം യേശു നന്ദിപൂർവം സ്വീകരിച്ചു. കൃത്യസമയത്തുതന്നെ അദ്ദേഹം ഹാജരായി. സൽക്കാരകൻ മററു വിരുന്നുകാരോടു് ഒന്നിച്ചു യേശുവിനേയും അഭിവാദനം ചെയ്തു. അന്നത്തെ പ്രധാന വിരുന്നുകാരൻ യേശുവാണെന്നു എവർക്കും അറിയാമെങ്കിലും അറിയാത്തവരെപ്പോലെ എല്ലാവരും ഭാവിച്ചു. അവരുടെ കൂട്ടത്തിൽ എവിടെയോ ഒരിടത്തു് അദ്ദേഹത്തേയും ഇരുത്തി. യേശുവിൻെറ ആഗമനത്തിൽ ആതിഥ്യായനയുക്തമായ സൽക്കാരം ചെയ്യാതിരുന്ന ക്ഷണകർത്താവിനെ കവി ഭംഗിയായി ശാസിച്ചിട്ടുണ്ടു്.

"അല്ലാപ്രമാദം ഭവാൻെറകാൽമുട്ടുകൾ
തെല്ലുംമടങ്ങാതെനില്പതെന്തേ?
സർവസമ്പത്തുംജഗത്തിൽവിതയ്ക്കുന്ന
ദിവ്യമാംതൃക്കരംചുംബിപ്പാനും
ഏതേഴട്ടുകാശിൻെറയുന്മാദത്തള്ളലേ!
പാഴേററനിൻതലതാഴില്ലെന്നോ?"

മാന്യന്മാരായ അതിഥികളുടെ ആഗമനത്തിൽ ഇപ്പോഴും ചില പുരാതന കുടുംബങ്ങളിൽ നടപ്പുള്ള പാദപ്രക്ഷാളനകർമ്മം യഹൂദജനങ്ങളുടെ ഇടയിൽ സാധാരണമായിരുന്നു. ഇതിനു കാൽമുട്ടുകൾ സ്വല്പമെങ്കിലും മടക്കാതേയും കരചുംബനത്തിനു തല ചായ്ക്കാതെയും കഴിയുകയില്ല. ധനസമൃദ്ധിമൂലം സൈമൺ അഹങ്കരിച്ചു പ്രസ്തുതകൃത്യം പരിത്യജിച്ചു എന്നു കവി ഉൽപ്രേക്ഷിക്കുന്നു. മാന്യാതിഥികളെ ഈ വിധം സൽക്കരിക്കേണ്ടതാണു്. ആഗന്തുകൻ ഒരു ഗുരുശ്രേഷ്ഠൻകൂടി ആയാലത്തെ കഥ ഊഹ്യമാണല്ലൊ. തദപേക്ഷയാ സർവൈശ്വര്യങ്ങളുടെയും കേന്ദ്രസ്ഥാനമായ യേശുവിൻെറ കരചുംബനാചാരം അപരിഹരണീയമായ ഒരു ചടങ്ങാണെന്നു മി. മേനോൻ സൂചിപ്പിക്കുന്നുണ്ടു്. ഈ ഉൽപ്രേക്ഷയെ പിന്നിലാക്കുന്നതാണു് "ഏതേഴട്ടുകാശിൻെറയുന്മാദത്തള്ളലെ പാഴേററനിൻതലതാഴില്ലെന്നോ" എന്നുള്ള പാദങ്ങൾ, എന്തെന്നാൽ സമ്പന്നിധിയുടെ മുമ്പാകെ ഏതേഴട്ടുകാശെന്താണു്? വെറും തൃണം; ക്ഷണഭംഗുരമായ ഒരു നിഴൽമാത്രം! ഈമാതിരിസംഭവം ഒരുപക്ഷെ പലർക്കും അനുഭവപ്പെട്ടിട്ടുണ്ടായിരിക്കാം. ഏതാദൃശന്മാർക്കും കവിയുടെ ഈ ആശയം എത്രമാത്രം അനുഭവരസം ഉളവാക്കുമെന്നു പറഞ്ഞറിയിക്കാൻ പ്രയാസ

മാണ്. ഒരു മഹാകാവ്യത്തിൽ പോലും ഇത്ര രസജനകമായ ആശയംദുർല്ലഭമായിട്ടേ കാണുകയുള്ളൂ. ഡാംഭികനായ ഒരു മുതലാളിയുടെ പടിവാതുക്കൽ കാര്യവശാൽ ഭിക്ഷുവായി കാത്തുനില്ക്കുന്ന ഒരു കോടീശ്വരന്റെ രൂപമാണ് നമ്മുടെ മനോദർപ്പണത്തിൽ കവി പ്രതിഫലിപ്പിക്കുന്നതു്. ഈ ചിത്രം അന്തരംഗത്തിൽ നിന്നും മായുന്നില്ല. ഇതിനോടു് കിടപിടിക്കുന്ന വേറൊന്നാണ് മി. മേനോന്റെ "കിളിക്കൊഞ്ചൽ" എന്ന കവിതയിലെ ജാനകിയുടെ പരിണയ പ്രസ്താവത്തിങ്കൽ അവൾ മാതൃകണ്ഠത്തെകെട്ടിപ്പിടിച്ച കഥ.

"ഓമൽചോദിക്കയാ'ണെന്തിനീവാത്മീകി
രാമനെകൊണ്ടെന്നെവേൾപ്പിക്കുന്നു?'
അമ്മസമാശ്വസിപ്പിച്ചു 'പെൺകുട്ടികൾ—
ക്കമ്മെട്ടിലുണ്ടൊരുകർമ്മം കുഞ്ഞേ'
കന്യകതീർമാനം ചെയ്തുമററാരുംവേ—
ണ്ടെന്നെയെന്നമ്മതാൻവേട്ടാൽമതി'
പൊട്ടിച്ചിരിച്ചിതുസർവരും കുട്ടിയോ •
കെട്ടിപ്പിടിച്ചിതുമാതൃകണ്ഠം!"

(കിളിക്കൊഞ്ചൽ)

തന്നെ രാമനെക്കൊണ്ടുവേൾപ്പിക്കുന്നതു് എന്തിനാണെന്നു മകളും, പെൺകുട്ടികൾക്കു് അങ്ങനെ ഒരു കർമ്മമുണ്ടെന്നു രാജ്ഞിയും പറഞ്ഞപ്പോൾ മകളായ സീത, "മററാരുംവേണ്ടെന്നെയെന്നമ്മ താൻവേട്ടാൽമതി" എന്നു തീർച്ച് ചെയ്തുകഴിഞ്ഞു. ഇത്ര രസകരമായ സ്വാഭിപ്രായം വരവിവരം കേട്ട് എല്ലാവരും ചിരിച്ചപ്പോൾ ബാലികാ

സഹജമായവിധം "കുട്ടിയോകെട്ടിപ്പിടിച്ചിതു മാതൃക ണ്ഠം" ബാലികാബാലന്മാരുടെ ലീലാമൃതം ഭുജിച്ചിട്ടുള്ള വർക്കു് കുട്ടിസ്സീതയുടെ ലജ്ജയും അമ്പരപ്പും എത്രമാത്രം അനുഭവപ്രതീതിയെ ഉളവാക്കുന്നുണ്ടെന്നു് അറിയാമ ല്ലൊ. പ്രകൃതിയിലുള്ള ഹൃദയസ്പർശകങ്ങളായ അംശ ങ്ങൾക്കു കവി ദാർഢ്യം വരുത്തി നമ്മുടെ മനസ്സിനെ പ്രസ്തുത ഭാഗങ്ങളിലേക്കു് ആകർഷിക്കുന്നു. ആവ ബാഹ്യലോകത്തിൽ സാമാന്യമായി നമ്മിൽ സ്ഫു രിക്കുന്ന ഭാവങ്ങളുടേയോ രൂപങ്ങളുടേയോ പ്രതിമകളെ ക്കാൾ തുലോം ഗാഢമായി നമ്മുടെ ഹൃദയദർപ്പണങ്ങ ളിൽ പതിയുകയും ഉത്തരോത്തരം ഉന്മിഷിതമായി തീരുകയും ചെയ്യുന്നു എന്നു് ഒരു നിരൂപകൻ അഭിപ്രാ യപ്പെട്ടിരിക്കുന്നതു് എത്രയോ വാസ്തവമാണു്.

സൈമൻെറ ധനപുഷ്ടിയാണോ, ഭീരുത്വമാണോ പ്രകൃതത്തിലെ അനാദരത്തിനു ഹേതുവെന്നു ഖണ്ഡിച്ചു പറവാൻ നിവൃത്തിയില്ല. സ്വതേ ഭീരുവായിരുന്നതി നാൽ സൈമണു് മനസ്സാക്ഷി അനുസരിച്ചു്, ആ ഗതനായ ഭ്രൂലോകവന്ദ്യനെ സ്നേഹിതന്മാരുടെ മുമ്പാകെ യഥോചിതം പൂജിക്കുന്നതിനു ധൈര്യമുണ്ടായില്ലെന്നാ ണു് എൻെറ അഭിപ്രായം.

> "നൽപനിനീരാൽകഴുകിക്കവേണ്ടുന്ന
> തൃപ്പാദത്തിനുവെറും തണ്ണീരും
> ലഭ്യമായിലാതൽ ഗേഹത്തിലല്ലെങ്കി-
> ലിപ്പാദംതാനൊരു പുണ്യതീർത്ഥം"

പാദപ്രക്ഷാളനമെന്ന ആതിഥേയമര്യാദയെ വിലം ഘിച്ച സൽക്കാരകൻെറ അനാദരംമൂലം യേശുവിൻെറ തൃപ്പാദങ്ങൾക്കു യാതൊരു താഴ്ചയും പററിയിട്ടില്ലാ എ

ന്നുള്ള കവിയുടെ ഭാവന വളരെ അർത്ഥവത്തായി ട്ടുണ്ടു്. യേശുദേവൻെറ കാലുതന്നെ ഒരു പുണ്യതീർത്ഥ മല്ലേ? പിന്നെന്തിനു അതുകഴുകുന്നു? എല്ലാവരും നൃപോ പവേശോചിതമായ തളത്തിലെത്തി.

"ചിത്രവർണ്ണോജ്ജ്വലപ്പട്ടുവിരിപ്പിൽത്തൻ
മിത്രങ്ങളൊത്തമിത്തിന്നിരുന്നാൻ"

ഇവിടെ ഒരല്പമായ ആശയവൈകല്യമായ കാണുമാ നുണ്ടെന്നു തോന്നുന്നു. എന്തെന്നാൽ സൈമൻെറ വി രുന്നുകാരായിട്ടാണു് ഏവരും വന്നിട്ടുള്ളതെങ്കിലും അ വരാരും തന്നെ യേശുവിൻെറ മിത്രങ്ങളല്ല, ആണെന്നു ഭാവിക്കുന്നുമില്ല. ചിലർ അദ്ദേഹത്തിനു വിരോധമാ യി പിറുപിറുക്കുന്നുണ്ടു്. ചിലർ അദ്ദേഹത്തിൻെറ നേരെ "ഏറുകണ്ണിട്ടു"നോക്കുന്നു. മററു ചിലർ അദ്ദേഹ ത്തെ പരിഹസിക്കാനും മടിക്കുന്നില്ല. സാക്ഷാൽ ജഗ ദീശ്വരനായ യേശുവിനുണ്ടോ ശത്രുമിത്രഭേദം? ഇല്ലെന്നു വാദിച്ചാൽ തന്നെയും വിരുന്നിൽ സംബന്ധിച്ച യഹൂദ പ്രമാണികൾ ശത്രുക്കളല്ലായിരുന്നു എന്നു വരുന്നില്ല ല്ലൊ. ശത്രുതയുണ്ടാവാൻ ഇരുകൂട്ടർക്കും വിരോധം വേണമെന്നില്ലല്ലൊ. 'തൻ, എന്ന പദം യേശുവിനെ യല്ലാതെ സൈമനെ വിശേഷിപ്പിക്കുന്നു എന്നു ശങ്കി പ്പാൻ താഴെവരുന്ന പദംകൊണ്ടു വഴികാണുന്നുമില്ല.

"അമ്പാടി തന്നിലെച്ചങ്ങാതിമാരൊന്നി-
ച്ചമ്പാളും ഗോവിന്ദനെന്നപോലെ"

ഈ കാവ്യത്തിലെ ആദ്യഭാഗത്തുള്ള ഒരു പ്രധാ നോപമാലങ്കാരമാണു് ഇതു്. കവികൾ പ്രകൃതിയി

ലെ മനോഹരഭാഗങ്ങളേയും ദുർഘടഘട്ടങ്ങളേയും സൂസൂക്ഷ്മം വീക്ഷിച്ചുതത്തദ് രഹസ്യങ്ങളേയും മർമ്മങ്ങളേയും ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുന്നു.

"അലങ്കാരംശിരോരത്നം—സർവസ്വംകാവ്യസമ്പദാം
ഉപമാകവിവംശസ്യ—മതൈവേതിമതിർമ്മമ"

എന്നുള്ള അഭിയുക്തവാക്യവും, 'കാവ്യംഗ്രാഹ്യമലങ്കാരാൽ, എന്ന വാമനാചാര്യവാക്യവും ഓർക്കുമ്പോൾ കാവ്യങ്ങൾക്ക് അത്ഥരസസ്ഫുടതയും ഉപമാദ്യലങ്കാരചാകചക്യവും അനിർവാര്യമാണെന്നു സിദ്ധിക്കുന്നു. എങ്കിലും പ്രസ്തുതോപമ അസ്ഥാനത്താണെന്നു പ്രസ്താവിക്കാതിരിക്കാൻ നിവൃത്തിയില്ല. വൃന്ദാവനത്തിൽവച്ചു ഗോവിന്ദനോടൊന്നിച്ചു ഭക്ഷിച്ചവർ അദ്ദേഹത്തിൻെറ സ്നേഹിതന്മാരായിരുന്നു. അതിനും പുറമെ ദൈവപുത്രനായ ശ്രീയേശുദേവനേയും വസുദേവസുതനായ ശ്രീകൃഷ്ണനേയും ഒരേ തട്ടിൽ തുല്യമായി നിത്തുന്ന സമ്പ്രദായം ശ്രീയേശുദേവൻ മാത്രമേ അവതാരപുരുഷനായിട്ടുള്ളു എന്നു വിശ്വസിക്കുന്ന ക്രിസ്ത്യാനികൾക്കു രുചികരമാവാൻ തരമില്ലതന്നെ. ഹിന്തുക്കൾ ശ്രീയേശുദേവനേക്കൂടി അവരുടെ അവതാര പുരുഷനായ കൃഷ്ണനോട് ഉപമിക്കുന്നതു് സർവമത സഹിഷ്ണതയുടെ ചിഹ്നമല്ലേ എന്നു ചിലർ ചോദിച്ചേക്കാം. എന്നാൽ ഇതു് ഒരു വലിയ കാര്യമായി ഗണിപ്പാനില്ല എന്തെന്നാൽ ഹിന്തുക്കൾ അസാധാരണ ബുദ്ധിവൈഭവമോ പ്രവൃത്തിവൈശിഷ്ട്യമോ പ്രദർശിപ്പിച്ചിട്ടുള്ള എല്ലാവരേയും അവതാരപുരുഷന്മാരായി സങ്കല്പിക്കാറുണ്ടു്. ശ്രീമാൻ വള്ളത്തോൾ തന്നെ ഒരിടത്തു് ഇങ്ങിനെ എഴുതിയിരിക്കുന്നു.

"ക്രിസ്തുദേവന്റെ പരിത്യാഗശീലവും, സാക്ഷാൽ
കൃഷ്ണനാംഭഗവാന്റെ ധർമ്മരക്ഷോപായവും,
ബുദ്ധന്റെയഹിംസയും ശങ്കരാചാര്യരുടെ
ബുദ്ധിശക്തിയും, രതിദേവന്റെദയാവായ്പും,
ശ്രീഹരിശ്ചന്ദ്രനുള്ള സത്യവും, മഹമ്മദിൻ
സ്ഥൈര്യവുമൊരാളിൽ ചേർന്നൊത്തു
കാണണമെങ്കിൽ
ചെല്ലുവിൻദേവന്മാരെ ഗുരുവിൻ നികടത്തി-
ലല്ലായ്കിലിവിടത്തെ ചരിത്രം വായിക്കുവിൻ"
(ഗുരുനാഥൻ)

പരേതനായ എ. ആർ. രാജരാജവർമ്മതമ്പുരാൻ അവർകളും യേശുവിനെ പുകഴ്ത്തിയിട്ടുണ്ട്. ശ്രീമൂലം തിരുനാൾ മഹാരാജാവു തിരുമനസ്സിലേക്കു് ആയുരാരോഗ്യം ലഭിക്കുന്നതിനായി സകല ദേവന്മാരോടും അദ്ദേഹം പ്രാർത്ഥിക്കുന്നു. ദേവന്മാരെ പല ഡിപ്പാർട്ടുമെൻറുകളായി തരംതിരിച്ച് ആചാര്യസ്ഥാനത്തു അഞ്ചാമത്തതായിട്ടു മൂന്നാംഗുഛകത്തിൽ ഇങ്ങിനെ വർണ്ണിക്കുന്നു.

"ഈശൻതാൻ ശുഭകന്യതന്നിൽവിമലാത്മാവാൽ
പിറന്നിജ്ജഗൽ
ക്ലേശൗഘംകരിശേറിനീക്കിനിഖിലം
പുക്കാശ്രുനാകംപുനഃ
ഏശാതംശതയംഗിതനുടെ വലംകൈയാണ്ടുവാ-
ണിട്ടമായേശുക്രിസ്തു മഹാനുഭാവനരചന്നാശിസ്സു-
രച്ചീടണം"
(പ്രസാദമാല)

കപിലൻ, ശ്രീവേദവ്യാസൻ, ബുദ്ധൻ, ജിനൻ, ക്രിസ്തു, മഹമ്മദ്, ഇത്രയുംപേരെയാണ് ഒടുവിലത്തെ ദേവന്മാരായി സങ്കല്പിച്ചിരിക്കുന്നതു്. ഇവരിൽ യേശു ക്രിസ്തുവിനു് "മഹാനുഭാവ" സ്ഥാനമേയുള്ളുവെങ്കിലും ദേവപദം നൽകപ്പെട്ടിട്ടുണ്ടു്. ഭാരതത്തിലെ മററു ചില മഹാന്മാർ ക്രിസ്തുവിനു സ്വല്പംകൂടി ഉയന്ന സ്ഥാനമാണു് നൽകിയിരിക്കുന്നതു്. ബ്രഹ്മകുലജാതനും വിദ്വന്മകുടമഹാമണിയുമായ രാജമോഹൻറായി ഇപ്രകാരം എഴുതിയിരിക്കുന്നു. "നസ്രായക്കാരനായ യേശു അഥവാ ദൈവപുത്രൻ എന്ന മിശിഹാ, പ്രകാശം പോലെ വിശുദ്ധിയുള്ളവനും ആട്ടിൻകുട്ടിയെപ്പോലെ നിർദ്ദോഷനും, ആത്മാവിൻെറ നിത്യജീവാഹാരവും, ദൈവദൂതന്മാരെക്കാൾ ഉന്നതനും, സത്യത്തിൻെറ കാരണഭൂതനും, യഹൂദന്മാരുടേയും പുറജാതിക്കാരുടേയും ആത്മീകയജമാനനും രാജാവുമാകുന്നു." മറെറാരു ബ്രാഹ്മണപണ്ഡിതനും സുപ്രസിദ്ധനുമായ കേശവചന്ദ്രസേനൻ പറയുന്നതു് ഇപ്രകാരമാണു്.—ഞാൻ ക്രിസ്തുമതത്തെ ദ്വേഷിക്കുന്നില്ല. ക്രിസ്തുയേശുവിനെ ഒട്ടും ഇല്ല. അദ്ദേഹത്തെയും അദ്ദേഹത്തിൻെറ ദൃഷ്ടാന്തരൂപേണയുള്ള ഉപദേശങ്ങളേയും ഞാൻ സർവദാ ബഹുമാനിക്കുന്നു. യേശുക്രിസ്തു ദൈവമാണെന്നു് ഇൻഡ്യാരാജ്യം വിശ്വസിച്ചേ മതിയാവൂ. പോരാ, യേശുക്രിസ്തു നരകുലത്തിൻെറ പരിത്രാതാവാണെന്നു ഭാരതവർഷം ഒരിക്കൽ സമ്മതിക്കേണ്ടിവരുമെന്നുകൂടി ദീർഘദർശനം ചെയ്‌വാൻ ഞാൻ ശങ്കിക്കുന്നില്ല." ഇതാ നോക്കുക മറെറാരു മഹാനായ പ്രൊട്ടാബ്യ് ചന്ദ്രമോസണ്ടാർ ഇങ്ങിനെ അഭിപ്രായപ്പെടുന്നു. "ക്രിസ്തു ഒരു മഹത്വമേറിയ സത്യമാകുന്നു. ഇൻഡ്യയുടെ ഭാഗ്യം ക്രിസ്തുവിൻെറ സ്വഭാവത്തെക്കുറിച്ചു് നമുക്കുള്ള നിണ്ണ

യത്തേയും അദ്ദേഹത്തോടു നമുക്കുള്ള സംബന്ധത്തേയും ആശ്രയിച്ചിരിക്കുന്നു.”

വിരുന്നിനായി തളത്തിലെത്തിയ യേശു യഹൂദ സമ്പ്രദായപ്രകാരം ഭക്ഷണത്തിന് ഇരുന്നു. ഈ ഭാഗം കവി അദ്വിതീയമായ പാടവത്തോടെ വർണ്ണിച്ചിരിക്കുന്നതു കാണുക.

“കാൽകൾ പിന്നോട്ടുമടക്കിത്തൽപ്പൊൻചുമൽ
താഴ്കെയിടംകൈവിരിപ്പിലൂന്നി,
തെല്ലിടത്തോട്ടു ചാഞ്ഞുണ്മാനിരിപ്പായി
സല്ലീലനീശ്വരൻനിത്യതൃപ്തൻ”

# III

"വീട്ടുടമസ്ഥന്റെ സമ്പൽസമൃദ്ധിയെ–
ക്കാട്ടുംവിലപ്പെട്ടപാത്രങ്ങളിൽ
സ്വാദുക്കളാകിയഭോജ്യങ്ങളോരോന്നായ്–
സ്സ്വാദുക്കൾ പാചകന്മാർ വിളമ്പി
പച്ചവെള്ളത്തിനെ മുന്തിരിച്ചാറാക്കി
വെച്ചഭഗവാനു ഭക്ഷിപ്പാനായ്."

സ്വതേ സ്വാദില്ലാത്ത വസ്തുവിന് സ്വാദു നൽകുവാൻ ശക്തിയുള്ളവനും എത്ര വിലയേറിയ പാത്രങ്ങളെടുത്തുപയോഗിച്ചാലും ആതിഥ്യോചിതമാവാൻ നിവൃത്തിയില്ലാത്തവണ്ണം ധനവാനുമായ യേശുവിനെ തൃപ്തിപ്പെടുത്തുവാൻ ശ്രമിക്കുന്ന യഹൂദന്റെ ബുദ്ധിശൂന്യതയെ കവി അത്ഭുതകരമായ ചമല്ക്കാരത്തോടെ വർണ്ണിക്കുന്നു. സഹൃദയന്മാരുടെ ഹൃദയത്തിനു ആഹ്ലാദത്തെ ജനിപ്പിക്കുന്നതായ കവിതാധർമ്മമാണല്ലോ ചമൽക്കാരം. പിന്നീട് മിസ്റ്റർ മേനോൻ ഇങ്ങിനെ തുടരുന്നു.

"യാതൊരു പർവതത്തിങ്കലോ ഭക്ഷണം
യാതൊന്നുമില്ലാതെ നാല്പതുനാൾ
ധ്യാനംകൊണ്ടാത്മാവേയാത്മാവിൽ കണ്ടുകൊ–
ണ്ടാനന്ദലീനനായ് കന്യാപുത്രൻ
വൻതപംചെയ്തുഹിമാലയസാനുവി–
ലന്തകസൂദനസ്വാമിപോലെ."

"ധ്യാനംകൊണ്ടാത്മാവേ ആത്മാവിൽ കണ്ടു കൊണ്ടു്" യേശുദേവൻ ആനന്ദലീനനായി എന്നു പ്രസ്താവിച്ചിരിക്കുന്നതിൽ നിന്നു് ഒരു തെററിദ്ധാരണയ്ക്കു് വഴിയുണ്ടു്. എന്തെന്നാൽ യേശു മനുഷ്യനാണെങ്കിലും സദാ ദൈവവുമാകയാൽ തനിക്കു പ്രത്യേകമൊരു ധ്യാനം കൂടാതെ തന്നെ ആത്മജ്ഞാനം സ്വയംസിദ്ധമാണു്. ചില ഹൈന്ദവ വേദാന്തികളുടെ അഭിപ്രായപ്രകാരം മനുഷ്യൻ ഏകാഗ്രചിത്തനായി ധ്യാനംവഴി മായബന്ധവിമുക്തനായി പരിണമിക്കുമ്പോൾ ഈശ്വരസാക്ഷാൽകാരം അവനിൽ പ്രത്യക്ഷമാവുകയും അവൻ സ്വയം ആ വസ്തുത ഗ്രഹിക്കുകയും ചെയ്യുന്നു. ഈ തത്വപ്രകാരം ഓരോരുത്തർക്കും ഓരോ ക്രിസ്തുദേവന്മാരാകാമെന്നു വരും. മലബാർകാരനായ എം. കുഞ്ഞിക്കണ്ണൻ അവർകൾ "ആത്മപോഷിണി"യിൽ ഈ അഭിപ്രായത്തെ സ്ഥാപിച്ചു് ഒരു ലേഖനമെഴുതുകയും ഇതെഴുതുന്ന ആൾ അതിനു പ്രത്യാഖ്യാനമെഴുതുകയും "ആത്മപോഷിണി" പ്രസാധകൻ, "നസ്രത്തിലെ യോഗി" എന്ന അഭിധാനത്തിൽ അതു പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. പ്രസ്തുത അഭിപ്രായത്തിൻെറ യുക്തിഹീനതയെ ഗ്രഹിക്കണമെന്നുള്ളവർ "നസ്രത്തിലെയോഗി" എന്ന പുസ്തകം വായിച്ചാൽ ഇഷ്ടസിദ്ധി വരുത്താവുന്നതാണു്. യേശുവിൻെറ തപസ്സിനെ അന്തകസൂദനസ്വാമിയുടെ തപസ്സിനോടുപമിച്ചതു ക്രിസ്ത്യാനികൾക്കു രുചിക്കുകയില്ല.

വിരുന്നു മിക്കവാറും അവസാനിക്കാറായിരിക്കുന്നു. എല്ലാവരും മുഴുവ്വൻ ഭക്ഷണംകഴിച്ചു്, തൃപ്തിയും അടഞ്ഞു. പിന്നെ വിശേഷവിധിയായി ഒന്നുംതന്നെ സംഭവിച്ചില്ല. അസാധാരണമായി എന്തെങ്കിലും യേശു ചെയ്യാതി

രിക്കയില്ലെന്നു് എല്ലാവരും പ്രതീക്ഷിച്ചിരുന്നു. പക്ഷെ അവരെല്ലാം ഭഗ്നാശരാവുകയാണു ചെയ്തതു്. ഒരു അത്ഭുത പ്രവൎത്തകനെന്നും, വിസ്മയനീയ പ്രാസംഗികനെന്നും മററും അദ്ദേഹത്തെപ്പററി കേട്ടതു വാസ്തവമല്ലാരിക്കാം. എല്ലാവരും പരസ്പരംനോക്കി; വൎത്തമാനം പറഞ്ഞു തീൎത്തു. ഇനി പറവാനൊന്നും തന്നെ ഇല്ല. സല്ക്കാരകന്റെ സമ്മതം മതി എഴുന്നേല്ക്കാൻ. അപ്പോളിതാ! ഒരു സത്വം! ഒരു വിസ്മയനീയാകാരം പ്രത്യക്ഷമാകുന്നു. ഇതാരുടേതാണു്? ഏതോ ഒരു സർവാംഗസുന്ദരിയുടേതാണു്! എന്നു മാത്രമല്ല അവൾ നക്ഷത്രസമപ്രഭാവതിയുമാണു്. അതല്ലേ! ആകാശത്തിൽ താരഗണത്തിനിത്ര സംഭ്രമം?

"താഴത്തെയ്ക്കെന്തിത്ര സൂക്ഷിച്ചുനോക്കുന്നു
താരകളെ നിങ്ങൾ നിശ്ചലമായ്
നിങ്ങൾ തൻകൂട്ടത്തിൽ നിന്നിപ്പോഴാരാനും
ഭംഗമാർന്നൂഴിയിൽ വീണുപോയോ"

നോക്കണം "മലയാളി ടാഗോറായ" നമ്മുടെ കവി, താനറിയാതെതന്നെ സാക്ഷാൽ ടാഗോറിനെ അനുകരിക്കുന്നു! ടാഗോർ പാടുന്നു.

സൃഷ്ടി അഭിനവമായിരിക്കയും നക്ഷത്രങ്ങൾ ആരംഭശോഭയാൽ പ്രകാശിക്കയും ചെയ്തപ്പോൾ സ്വൎഗ്ഗലോകത്തിൽ വച്ചു ദേവകൾ സംഘംകൂടി 'ഓം, പരിപൂൎണ്ണതയുടെ മിത്രമെ! നിഷ്ക്കന്മഷമായ ആനന്ദമെ!" എന്നു പാടുകയുണ്ടായി. തൽസമയം ദേവത പെട്ടെന്നു വിളിച്ചു പറഞ്ഞു! "പ്രകാശശൃംഖലയിൽ എവിടെയോ ഒരു പൊട്ടലുണ്ടു്. നക്ഷത്രങ്ങളിലൊന്നിനെ കാണുന്നുമില്ല.

ദേവതകളുടെ വീണയിൽ കെട്ടിയിരുന്ന സുവർണ്ണ തന്തു പൊട്ടി; അവരുടെ സംഗീതം ക്ഷണത്തിൽ അവസാനിച്ചു. അവർ ഭയവിഹ്വലരായിത്തീർന്നു. അവർ ഏകകണ്ഠമായി പറഞ്ഞു. ആ കാണാതെപോയ നക്ഷത്രമായിരുന്നു അതിശോഭനീയം! ആകാശങ്ങളുടെയൊക്കെ അലങ്കാരവും അവളായിരുന്നു."

(ഗീതാഞ്ജലി)

"ഭംഗമാർന്നാഴിയിൽ വീണുപോയ" ആ മലയാളി ടാഗോറിന്റെ താരകയും സാക്ഷാൽ ടാഗോറിന്റെ ദേവത കാണാതെപോയെന്നും പറഞ്ഞന്വേഷണം ചെയ്ത നക്ഷത്രവും ഒന്നല്ലയോ? ഇതു വിചിത്രംതന്നെ, അല്ല, വിചിത്രമല്ല; എന്തെന്നാൽ ഭാരതജീവൽക്കവിയായ ടാഗോറും മലയാള മഹാകവിയും തമ്മിൽ വേറെയും സാദൃശ്യബന്ധങ്ങളുണ്ട്. ഇയ്യിടെ കൊച്ചിമഹാപാഠശാലയിൽ വച്ചു വള്ളത്തോൾ ചെയ്ത സാക്ഷാൽ പ്രാസരസഭ്രയിഷ്ഠമായ പ്രസംഗത്തിൽ ഇങ്ങനെ കാണുന്നു." എനിക്കു രണ്ടു പ്രാവശ്യം മഹാത്മജിയെ കാണാൻ ഭാഗ്യമുണ്ടായി ത്രിശ്ശിവപേരൂർവച്ചാണ്. ഞാൻ ചെന്നപ്പോൾ അദ്ദേഹം ചക്രാചുററുകയായിരുന്നു. ഞങ്ങൾ 15 മിനിട്ടുനേരം സംസാരിച്ചു. കവിതയും നൂൽനൂൽക്കലും തമ്മിൽ യോജിപ്പുണ്ടോയെന്നു മഹാത്മജി എന്നോടു ചോദിച്ചു. മറുപടി പിന്നീടു പറഞ്ഞാൽ മതിയെന്നും പറഞ്ഞു. അതുവേണ്ടാ എനിക്കു തല്ക്കാലം തോന്നുന്ന മറുപടി പറയുന്നതിനു വിരോധമുണ്ടോയെന്നു ചോദിച്ചു. അനുകൂലമറുപടി വാങ്ങിച്ചതിനുശേഷം"രണ്ടും നിർമ്മാണമാണ്, രണ്ടും ലോകോപകാരമാണ്" എന്നു ഞാൻ മറുപടി പറഞ്ഞു. അപ്പോൾ അവിടുന്നു പറഞ്ഞു. ഈ ഉത്തരം ഞാൻ സമ്മതിക്കാം. എനിക്കു് അതല്ലാ അറിയേണ്ടതു്. കവിയെക്കൊണ്ടു നൂൽനൂൽക്കാൻ സാ

ധിക്കമോ എന്നാണ് അറിയേണ്ടതു്. ആരോടും നുണ പറയാതെ കഴിക്കണമെന്ന മോഹമുള്ള ഞാൻ അല്പം കുഴങ്ങി. "കവിക്കു് അതു സാധിക്കുകയില്ല. കവി മടിയനും മനോരാജ്യക്കാരനുമാണ്. കവിയെക്കൊണ്ടു കവിതപറയാനല്ലാതെ മറെറാന്നിനും സാധിക്കയില്ല" എന്നു ഞാൻ പറയുകയുണ്ടായി. ഇതു കേട്ടു "ഇതുപോലെതന്നെയാണ് ടാഗോറും പറഞ്ഞിരിക്കുന്നതെന്നു്" അവിടുന്നു പറഞ്ഞു.

വിശിഷ്ടമായ ഈ നക്ഷത്രത്തോടു സ്വനായികയെ ഉപമിച്ചശേഷവും, ചിത്രകാരൻ ചിത്രത്തെ എന്നപോലെ കവി സമീക്ഷണം ചെയ്തിട്ടു് എന്തോ തൃപ്തിയടഞ്ഞില്ല. ഒരു കവിയുടെ ഉപകരണങ്ങൾ തൂവലും പദവുമാണെങ്കിൽ ചിത്രകാരൻെറ ഉപകരണങ്ങൾ തൂലികയും ചായവുമാണല്ലോ. ഒരാൾ വർണ്ണവ്യത്യാസംകൊണ്ടു സാധിക്കുന്നതിനെ മററവൻ പദ്യവ്യത്യാസംകൊണ്ടു സാധിക്കുന്നു. രണ്ടിൻെറയും ഫലവും ഒന്നുപോലെ തന്നെ. അതിനാൽ കവി അവളെ വീണ്ടും ചന്ദ്രികയോടുപമിക്കുന്നു.

"അല്ലെങ്കിൽ മറെറാരു കൊച്ചുനിലവിതാ-
മല്ലപ്പൂപോലുള്ള തൂനിലാവിൽ."

ആവൂ! ഇതെത്രഹൃദയാനന്ദകരമായിരിക്കുന്നു. അർത്ഥത്തെ ശബ്ദംകൊണ്ടു് അനുകരിക്കുന്നതിൽ ആംഗ്ലേയ കവിയായ ടെനിസ്സനോടു വള്ളത്തോളിനെ ചിലർ സാമ്യപ്പെടുത്തുന്നതു് ന്യായപൂർവമാണെന്നു് ഈ പാദങ്ങൾ തെളിയിക്കുന്നുണ്ടു്. ഉല്ലേഖാലങ്കാരപ്രയോഗത്തി

ലും വള്ളത്തോൾ ഇതരഭാഷാകവികൾക്കു പിന്നില ല്ലാ സ്ഥിതിചെയ്യുന്നതെന്നുള്ളതിന്ന് ഈ ഭാഗം സാക്ഷ്യം വഹിക്കുന്നുണ്ട്. സ്ത്രീജനങ്ങളെ നിലാവിനോടു സദൃ ശ്യപ്പെടുത്തുന്ന കാര്യത്തിൽ മിസ്റ്റർ മേനോന്നു് ഒരു പ്ര ത്യേകനിഷ്ഠയുണ്ടെന്നു തോന്നിപ്പോകുന്നു. എന്തെന്നാൽ അദ്ദേഹത്തിൻെറ പല കൃതികളിലും ഈ അലങ്കാര പ്ര യോഗം കാണുന്നുണ്ട്.

"യുവതികളിരുപേർകൾവീശിടുന്നു
ണ്ടിവളെവികസ്വരമായ ചാമരത്താൽ
അവരിലൊരുവൾ പൂനിലാവുതാൻ."

(ഒരു ഭാവന)

ഇതാ വേറൊന്നു്,

"പൂമ്പട്ടുടുത്തുജ്വല............................
ശ്രീലാളുന്ന നിലാവിൽ മറെറാരു
നിലാവായങ്ങുപൊയ്യോൾകനി"

(വിലാസലതിക)

അനുരാഗം എന്നു കാണികൾക്കു തോന്നുമാറു് ഒരുൽക്കണ്ഠ മറിയത്തിൻെറ മുഖസരോജത്തിൽ സ്ഫു രിച്ചിരുന്നു. "എന്തെന്നാലൊരുണ്ടു്" എന്നു തോന്നിക്കു മാറുള്ള മനസ്സൈഥില്യം വിളിച്ചുപറയുന്നതായിരുന്നു അ വളുടെ "നടത്തം." മിസ്റ്റർ മേനോൻ രസകരമായ ഒരു ചോദ്യം ചോദിക്കുന്നതു കേട്ടാലും!

"ആരോമലാൾക്കിതുവെമ്പലെന്തേ?"

ഈ "വെമ്പല്യ്" കവിയുടെ വേറൊരു കൃതിയെ അനുസ്മരിപ്പിക്കുന്നുണ്ടു്. പണ്ടു ഗുരുശ്രേഷ്ഠനായ ശിവനെക്കണ്ടു നമസ്കരിക്കുന്നതിനായി പരശുരാമൻ പുറപ്പെടുകയുണ്ടായി. പരമേശ്വരനോ, പള്ളിക്കുറപ്പായിരുന്നു. തന്നിമിത്തം പടിവാതൽ കാത്തുനിന്ന ഗണപതി അയാൾക്കു ഗൃഹപ്രവേശം നൽകിയില്ല. ഗണേശൻ ചോദിക്കുന്നു.

"എന്തിത്രവെമ്പലിതി? ഹരതെല്ലിടനില്ലുതാത-
നന്തഃപുരേകിമപിവിശ്രമമേല്ലുയത്രെ!
ചന്തത്തിലേവമുരചെയ്തു ഗണേശനപ്പോൾ
തൻതമ്പിയായ് കരുതുമാദ്വിജനെ തടുത്താൻ!"

(ശിഷ്യനും മകനും)

നായികയുടെ തലമുടിയെപ്പററി ഗ്രന്ഥകാരൻ വർണ്ണിച്ചിട്ടില്ലയൊ എന്നു ആരും ശങ്കിക്കേണ്ട. അമ്മാതിരി ഒരു അപരാധത്തിനു് ഒരു കേരളീയകവി ഒരിക്കലും പാത്രമാകയില്ല.

"കെട്ടഴിഞ്ഞോമനപൃഷ്ഠഭാഗത്തേയും
പുഷ്ടനിതംബപ്പരപ്പിനേയും
മൂടിക്കിടക്കുന്നമുഗ്ദ്ധമാംകാർകുഴൽ
നീട്ടററനീലത്തഴയ്ക്കു തുല്യം"

കാർകുഴലിൻെറ കാര്യം ഓർക്കുമ്പോളൊക്കയും "നീലത്തഴ" സ്വയംഅങ്ങുവന്നുകൊള്ളും. വീരരസപ്രധാന കൃതിയായ അനിരുദ്ധനിൽ മിസ്റ്റർ വള്ളത്തോൾ വർണ്ണിച്ചിരിക്കുന്നതു കാൺക.

"മല്ലായുധത്തഴകണക്കതഴച്ച ക്രന്ത-
ലെല്ലാമഴിഞ്ഞഴകിലാമണിവേദിതന്മേൽ
മല്ലാക്ഷിതൻ പിറകിലായ് ചിതറക്കിടപ്പു
നല്ലാശ്ശരന്നഭസികാർമുകിൽമാലപോലെ."

(ബന്ധനസ്ഥനായ അനിരുദ്ധൻ)

മറിയത്തിൻെറ തലമുടി കാർമേഘംപോലെ കറുത്തതാണെന്നു മാത്രമല്ല, ചുരുണ്ടതുമാണു്.

"ഇക്കുരുളുകൾചുരുൾതൊട്ടഴിയുന്നിതോ
തൃക്കരംകൊണ്ടിരുൾപോക്കും ചന്ദ്രൻ."

ഇത്രയുംകൊണ്ടു നായികാവർണ്ണന മിക്കവാറും അവസാനിച്ചു. ഈ രണ്ടു നാലു പദങ്ങളിലായി കവിയുടെ വർണ്ണനാചാതുരി അദ്വിതീയമായി പ്രകടിതമാകുന്നുണ്ടു്. അല്ല, പത്തൊൻപതു വർഷങ്ങൾക്കു മുമ്പ് എന്നു വച്ചാൽ കവി മിസ്റ്റർ മേനോനു് ഇത്രയും പ്രശസ്തിസിദ്ധിക്കുന്നതിനുമുമ്പു സ്വതേ ശുഷ്കവും ചികിത്സാക്രമപ്രതിപാദിതവുമായ രാമവാര്യരുടെ ആരോഗ്യകല്പദ്രുമത്തെ ഒരു കാവ്യഗ്രന്ഥമാക്കിത്തീർത്ത മിസ്റ്റർ മേനോൻെറ തൂലികയ്ക്കു കോമളഗാത്രിയായ മറിയത്തെ ഭംഗിയായി വർണ്ണിപ്പാനുണ്ടോ പ്രയാസം!

മഗ്ദലേന, വിരുന്നുശാല ആകപ്പാടെ ഒന്നു പരിശോധിച്ചു. ആസനസ്ഥന്മാരിലേവരേയും പ്രത്യേകം പ്രത്യേകം പരിവീക്ഷണം ചെയ്തു. ഇവൾ ആരെയോ അന്വേഷിക്കയാണു്. സംശയമില്ല.

"ഏകയാണേണാക്ഷി കാമുകസന്നിധി
പൂകുവാൻ പോവുകയായിരിക്കാം.
തൻപള്ളിവാളേന്തിപ്രച്ഛന്നമൂർത്തിയായ്
മുമ്പിൽ നടക്കുന്നുമുണ്ടാംപ്രേമം"

ഈ പാദങ്ങൾ ഭാവനാശക്തിയേയും തദ്വാരാ മനോധർമ്മത്തേയും സമ്പ്രദായത്തിൽ ഉദ്ദീപിക്കുന്നതു കാൺക. പ്രേമമാണു മറിയത്തിൻെറ 'കൂട്ടാളി'! അവൾ (പ്രേമം) ദ്രുതഗാമിനിയാണല്ലൊ. സ്നേഹവികാരങ്ങളെ അപോദ്ധരിച്ച് ഓരോന്നിൻെറയും സ്വഭാവ നിർണ്ണയം ചെയ്യുമ്പോൾ രാഗം, പ്രേമം, പ്രണയം എന്നു മൂന്നു അവസ്ഥാഭേദങ്ങളുള്ളതായി പ്രത്യക്ഷപ്പെടും. സ്വാത്മം വെടിഞ്ഞുപോലും ഇതരസുഖത്തെ വർദ്ധിപ്പിക്കുന്ന സ്വഭാവം പലതുകൊണ്ടും മററു രണ്ടംശങ്ങളെക്കാൾ ശ്രേഷ്ഠമായിട്ടുള്ളതു രാഗത്തിനാണ്. ഈ അവസ്ഥാവിശേഷമാണ് സ്നേഹത്തിൻെറ പ്രഥമാംഗവും. ഏതദ്വിഷയകമായി കുമാരനാശാൻെറ ഏതാനും പദ്യങ്ങൾ ഇവിടെ ഉദ്ധരിക്കുന്നത് സന്ദർഭോചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

"സ്നേഹത്തിൽനിന്നുദിക്കുന്നുലോകം
സ്നേഹത്താൽ വൃദ്ധിതേടുന്നു
സ്നേഹം താൻ ശക്തിജഗത്തിൽ സ്വയം
സ്നേഹംതാനാനന്ദമാർക്കും.
സ്നേഹം താൻ ജീവിതം ശ്രീമൽ, സ്നേഹ
വ്യാഹതിതന്നെ മരണം.
സ്നേഹം നരകത്തിൻ ദ്വീപിൽ സ്വർഗ്ഗ
ഗേഹം പണിയും പടുത്വം
(ചണ്ഡാലഭിക്ഷുകി)

സ്നേഹമാമഖില സാരമൂഴിയിൽ
സ്നേഹസാരമിഹസത്യമേകമാം
(നളിനി)

സ്നേഹം ആരും മലയുമെല്ലാം ക്ഷണത്തിൽ തരണം ചെയ്യും. നിർഭയസഞ്ചാരിണിയുമാണു്. പിന്നെ, നിശാദേവിയെയുണ്ടോ ഭയപ്പെടുവാൻ പോകുന്നു?

വേറൊരു മഹാകവിയായ ശ്രീമാൻ കെ. വി. സൈമൺ അവർകൾ 'പ്രേമ'ത്തെപ്പററി"വേദവിഹാരം" മഹാകാവ്യത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു.

"പ്രേമാസ്പദത്തിൻെറ നിസ്സാരമാം
സാമാനജാതങ്ങളെന്യേ
ഗാർഹികജന്തുക്കൾപോലും പ്രിയ
താർഹമായ്ത്തീരുന്നു ചിത്രം!
ഇഷ്ടജനംനടന്നുള്ള വെറും
കാട്ടുവഴിയിലെമണ്ണും
തട്ടിത്തെഴുന്നുള്ള കനകപ്പൊടി—
ക്കൂട്ടമായ് കാണുന്നു പ്രേമം
ആയവർ വിശ്രമിച്ചുള്ള—ജര—
ത്താകുംതണൽ മരക്കൂട്ടം
ഈഹിതംനൽകുന്ന കല്പ ഉ്മ—
വൃക്ഷമായ്ക്കാണുന്നു പ്രേമം"

കൂടാതെ,

"അത്യഗാധമായ് ചുഴിഞ്ഞിറങ്ങും പ്രണയത്താൽ
അത്യഗാധവുംസമഭൂമിയാമെന്നേവേണ്ടു,
ഏകാന്തജീവിതത്തെജ്ജനപുഷ്കലമാക്കും
രോഗാഭിഭവംനീക്കിയാരോഗ്യമരുളിടും

ജീവിതംതൃണമാക്കും, നിമിഷംയുഗമാക്കും
ഭാവനാശക്തിയേറെവളർത്തും, നഷ്ടമാക്കും,
ശങ്കയെനിഷ്കാസിക്കും, ബന്ധനം വേർപെടുത്തും
ശൃംഖലപൊട്ടിച്ചിട്ട സ്വാതന്ത്ര്യഭൂവിലെത്തും
എന്തുതാനിതിൽപരംസാധ്യമല്ലാത്തതോക്കി-
ലന്ധതാമിസ്രത്തെയും സ്വർഗ്ഗമായ്മാററും പ്രേമം"

പ്രേമത്തിൻെറ ശക്തി എത്ര വിപുലവും വ്യാപക വുമാണെന്നു് ഉദ്ധൃതപദ്യങ്ങളിൽ ധാരാളം സ്ഫുരിക്കുന്നുണ്ടല്ലൊ.

സഹൃദയശിരോമണിയായിരുന്ന കാലംചെയ്ത ശ്രീമാൻ പട്ടം കൊച്ചുകൃഷ്ണപിള്ള പറഞ്ഞിരിക്കുന്നതു പോലെ "തൂക്കായ പാറക്കൂട്ടത്തിൽ കയറി പായുന്ന അരുവി"പോലെയാണു പ്രേമം നിർഗ്ഗളിക്കുന്നതു്.

"ഉല്ലസിക്കട്ടെ യഥേഷ്ടമായ് മന്മഥൻ"

മഗ്ദലേനയുടെ പൂർവ്വിക ജീവിതത്തെ അതിവ്യക്ത മായും സംപുഷ്ടമായും ഈ ഒററപാദംകൊണ്ടു കവി വർണ്ണിച്ചിരിക്കുന്നതു നോക്കുക. ഒരു പുസ്തകം മുഴുവൻ എഴുതിയാലും ഇത്ര അർത്ഥസ്ഫുടത വരുത്തുവാൻ സാധാരണന്മാരെക്കൊണ്ടു സാധിക്കയില്ല. പ്രകൃതിനിയമങ്ങളെ അതേമാതിരിയിൽ പകർത്തുന്നതുകൊണ്ടു ചമല്ക്കാരവും തന്മയത്വവും ഉണ്ടാവുകയില്ലല്ലൊ. മനോധർമ്മ സമ്മേളനത്താൽ അവയ്ക്കു് താദാത്മ്യം സിദ്ധിക്കുമ്പോളാകുന്നു അർത്ഥബോധനം സമ്പൂർണ്ണവും ആശയം രസകരവുമാകുന്നതു്. നായികയുടെ മാനസാന്തരത്തെപ്പററി

എഴുതിയിരിക്കുന്ന ഭാഗവും രസസമ്പൂർണ്ണവും അർത്ഥഭൂയിഷ്ഠവുമാണു്.

"അല്ലഭിസാരികയല്ലീത്തന്വി!
ശങ്കയോ ഭീതിയോ തീണ്ടീട്ടില്ലല്ലോ.
തങ്കപ്പൂപോലുള്ള തൻമുഖത്തെ
അല്ലായ്കിലീയഭിസാരികയ്ക്കാവക
വല്ലായ്മകൾക്കില്ലബന്ധമൊന്നും.
ഏവരുമാരെയഭിസരിക്കേണമാ
ദേവനെത്തേടി ഗമിപ്പോളിവൾ."

ദേവനെത്തേടി ഗമിക്കുന്ന മിസ്റ്റർ മേനോൻെറ മഗ്ദലേന, വരനെത്തേടിച്ചെന്ന മിസ്റ്റർ ആശാൻെറ നളിനിയെ സ്മൃതിപഥത്തിൽ കൊണ്ടുവരുന്നു. യതിവേഷധാരിയാണെങ്കിലും അകലെ കണ്ടപ്പോഴെ സ്വകാമുകനെ തിരിച്ചറിയുന്നതിനു നളിനിക്കു യാതൊരു പ്രയാസവും നേരിട്ടില്ല.

"ദൂരെനിന്നയമിതന്നെയാശ്രുകം-
ണ്ടാരതെന്നുമുടനേയറിഞ്ഞവൾ;
പാരമിഷ്ടജനരൂപമോരുവാൻ
നാരിമാർക്കുനയനം സുസൂക്ഷ്മമാം"

(നളിനി)

കൃത്രിമ വേഷധാരിയായിരുന്ന സ്വഭർത്താവിനെ കണ്ടക്ഷണത്തിൽ നളിനി ആളറിഞ്ഞു എന്നു പറഞ്ഞാൽ മതി. ഉദ്ദേശസിദ്ധി അടയുമെങ്കിലും അതു രസാത്മകമാകയില്ലെന്നേയുള്ളൂ. പക്ഷേ അനർഘമായ ഒരു

പ്രകൃതിവൈശിഷ്ട്യചിന്തനം കൂടിയായപ്പോൾ ആശാന്റെ ഈ പദ്യത്തിൽ വാചാമഗോചരമായ ഒരു സ്വാരസ്യം കൂടിയുളവായിട്ടുണ്ട്. അതു് അങ്ങിനെ നില്ക്കട്ടെ! ശ്രീയേശുനാഥന്റെ പക്കലേയ്ക്കല്ലേ മറിയത്തിന്റെ പുറപ്പാടും? പ്രേമാധിക്യംകൊണ്ടു സമുദ്രത്തെ സമീപിക്കുന്ന നദിയുടെ വേഗത്തിലാണു് അവൾ നടക്കുന്നതെങ്കിലും അവൾക്കു സംഭ്രമമില്ലാതില്ല. നളിനിയുടെ മനസ്ഥിതിയും ഇതുതന്നെ. മേനോൻ അവർകൾ സ്വനായികയുടെ ഗതിവേഗത്തെ ആദ്യമായി കടലിലേയ്ക്കു പാഞ്ഞൊഴുകുന്ന നദിയോടുപമിക്കുന്നു. വീണ്ടും ഏറെനാൾ കുട്ടിയെ കാണാതിരുന്നശേഷം പിന്നീടു കാണുമ്പോൾ ഓടിയെത്തുന്ന അമ്മയോടും സാദൃശ്യപ്പെടുത്തുന്നു. ആശാനാകട്ടെ ഒരു ഒററ ഉപമാലങ്കാരംകൊണ്ടു് ആശയം പ്രസ്ഫുടമാക്കുന്നു.

നളിനി ഭർത്തൃസന്നിധിയിൽ ആഗയായതു് എങ്ങിനെയെന്നു കവി വർണ്ണിക്കുന്നതുനോക്കുക.

"ഞെട്ടിയൊന്നഥ, കുഴങ്ങിനിന്നു പി-
ന്നൊട്ടുസംഭ്രമമിയന്നുവാണവൾ
തിട്ടമായ് യതിയെനോക്കിയാഴിയെ
മുട്ടിനിന്നണമുറിഞ്ഞവാരിപോൽ"

മഗ്ദലേനാ ഗൃഹപ്രവേശം ചെയ്യുന്നതു് ഇങ്ങനെയാണു്.

"വേഗംമുറുകിഗതിക്കവൾക്കാസന്ന-
സാഗരയാം നദിയ്ക്കെന്നപോലെ;
ഏറെനാൾ വേർപെട്ടിരുന്നിട്ടുകുട്ടിതൻ

ചാരത്തേക്കെത്തുന്നോരമ്മപോലെ
പേര്‍ത്തുമുല്‍ക്കണ്ഠിതമായ് ചമഞ്ഞോരോരോ
കാല്‍ത്തളിര്‍വെപ്പിനാലഞ്ചുമാറും
വെണ്‍കല്പടകം പിന്നിട്ടുകൊണ്ടാ ഗേഹ-
ത്തിങ്കലേക്കേറിനാള്‍ തിങ്കള്‍മുഖി."

ഈ അലങ്കാരപ്രയോഗങ്ങളെ തുലനം ചെയ്യുമ്പോള്‍ ആശാന്‍ ഒരുപടി ഉയര്‍ന്നുനില്‍ക്കുന്നതായി കാണാം. ഏറെനാള്‍ വേര്‍വിട്ടിരുന്നിട്ട "കുട്ടിതന്‍ ചാരത്തേക്കെത്തുന്നോരമ്മപോലെ" എന്നുള്ള ഉപമയില്‍ കുട്ടിയുടെ സ്ഥാനത്ത് അമ്മയേയും അമ്മയുടെ സ്ഥാനത്ത് കുട്ടിയേയും വയ്ക്കുകയായിരുന്നു ഒന്നുകൂടെ ഉചിതമായിട്ടുള്ളത്. എന്തെന്നാല്‍ പരിശുദ്ധമായ പ്രേമത്താല്‍ ആകൃഷ്ടയായ മറിയം സര്‍വപ്രേമനിധിയായ ജഗദീശ്വരസന്നിധാനത്തിങ്കലേയ്ക്കാണ് അണയുന്നത്. എന്നുവച്ചാല്‍ പ്രേമാസ്ഥാനമായ—അമ്മയായ—യേശുനാഥന്‍ പക്കലേക്കു പ്രേമാംശമാത്രമായ-ശിശുവായ-മഗ്ദലേന അണയുന്നു എന്നുഭാവം.

# IV.

മിസ്റ്റർ കുമാരനാശാന്റെ "മുട്ടിനിന്നണമുറിഞ്ഞ വാരി" വള്ളത്തോൾ അവർകളുടെ "ആസന്നസാഗരയാം നദി"യേക്കാൾ സന്ദർഭോചിതമാണല്ലൊ. വള്ളത്തോൾ രണ്ടു് ഉപമാലങ്കാരങ്ങൾ പ്രയോഗിച്ചിട്ടും അത്ശങ്കയുണ്ടാകുന്നു. ആശാൻ തെരഞ്ഞെടുത്ത ഉപമാനത്തിന്റെ തന്മയത്വാ ഹേതുവാൽ ആശയം ചമൽക്കാരസമ്പൂർണ്ണമായിരിക്കുന്നു. കാളിദാസാദികവികൾ ഒരു ഉപമേയത്തിനു ചിലപ്പോൾ രണ്ടും മൂന്നും ഉപമാനങ്ങൾ പ്രയോഗിച്ചിട്ടുള്ള വാസ്തവം ഈ സന്ദർഭത്തിൽ ഞാൻ അനുസ്മരിക്കതന്നെ ചെയ്യുന്നു, കേട്ടാലും.

കാർകൊണ്ടുമിണ്ടാത്തൊരുകൊണ്ടൽപോലെ
കല്ലോലമില്ലാതെഴുമാഴിപോലെ
കാററിൽപെടാദീപവുമെന്നപോലെ
നിഷ്പന്ദമായ് പ്രാണനടക്കിവച്ചു.

(കുമാരസംഭവം)

ഇവിടെ സമാധിസ്ഥനായ പരമേശ്വരൻ സാധാരണം, മധ്യമം; ഉത്തമം എന്ന ത്രിവിധ പ്രാണായാമത്തേയും ചെയ്യുന്ന സമ്പ്രദായത്തെ മൂന്നുപമാനങ്ങൾകൊണ്ടു് സമർത്ഥിച്ചിരിക്കുന്നു.

ഈദൃശമായ ഒരാവശ്യം പ്രകൃതത്തിലില്ല; എന്നുമാത്രമല്ല ഒരു ഉപമകൊണ്ടുമാത്രം അർത്ഥസ്പുടത വരുത്താമെങ്കിൽ അതല്ലേ സാമർത്ഥ്യവും.

"പിന്നിലേക്കുന്തിയോ സി.ഡ്യൂവിൻകല്ലോലം
തന്നിലണയുന്ന നിമ്നഗയെ!
വാതിക്കൽ ശങ്കിച്ചുനിൽക്കേണ്ടാ മുഗ്ദ്ധേ നീ
സ്വാതന്ത്ര്യമോടകത്തേക്കുചെല്ലാം."

അനിഷ്ടമെന്നതുഎന്താണെന്നുണ്ടോ മഗ്ദലേന ഇതുവരേയും അറിഞ്ഞിട്ടുള്ളു? ഇവളുടെ പുരികക്കൊടിയുടെ ചലനം യുവാക്കന്മാർക്കു അലംഘനീയാജ്ഞയായിരുന്നതും പോകട്ടെ! ശക്തിമത്തും പരിശുദ്ധവുമായ പ്രേമത്താലല്ലേ ഇപ്പോഠം ഇവഠം ആകൃഷ്ടയായിരിക്കുന്നതു്. എങ്കിലും അവഠം വാതിൽക്കൽ നിൽക്കുന്നതായി കവി പ്രസ്താവിച്ചുകാണുന്നു. മറിയത്തിന്റെ പാപാധിക്യസ്മരണയായിരിക്കണം അവളെ സംഭ്രമിപ്പിച്ചതു്. പോരെങ്കിൽ യേശുനാഥൻ പവിത്രതയുടെ മൂർത്തിതന്നെയല്ലോ!

"സ്വാതന്ത്ര്യമോടകത്തേക്കു ചെല്ലാം"

എന്നു് അനുമതിദാനം ചെയ്തശേഷം മേനോൻ അവർകഠം നായികയെ അവിടെ സാമാന്യത്തിലധികനേരം നിറുത്തേണ്ട ആവശ്യമില്ലായിരുന്നു. "ആസന്നസാഗരയാം നദി"യുടെ വേഗത്തിലല്ലേ മഗ്ദലേന പാഞ്ഞതു്. അവളുടെ ഒരുകാൽ അകത്തും മറ്റേതു പുറത്തും ഊന്നിക്കൊണ്ടല്ലേ അവഠം നിലകൊള്ളുന്നതു്? തദനന്തരം നായികയുടെ ചരിത്രവർണ്ണന ആരംഭിക്കുന്നു. ഇതു ഭാര

തകഥയെ അനുസ്മരിപ്പിക്കുന്നുണ്ടു്. പണ്ടു് പാണ്ഡവരും നൂററുവരുംകൂടി കുരുക്ഷേത്രത്തിൽ സൈന്യങ്ങളെ അണിനിരത്തി, സമരത്തിനു ഒരുങ്ങിനിന്നപ്പോൾ ആരോടെല്ലാമാണു് യുദ്ധംചെയ്വാൻ പോകുന്നതെന്നു് ഒന്നു കണ്ടു മനസ്സിലാക്കുവാനായിട്ടു് ഉഭയകക്ഷികളുടേയും മദ്ധ്യത്തിൽ രഥം നിറുത്തണമെന്നു് അർജ്ജുനൻ സാരഥിയോടു് അപേക്ഷിക്കയുണ്ടായല്ലൊ അഗ്നിദേവൻെറ പ്രത്യേകമായ പ്രസാദത്തിൻെറ ഫലമായി ലഭിച്ച ഗാണ്ഡീവംകൂടി കൈയിൽ പിടിച്ചുകൊണ്ടാണു് പാർത്ഥൻ നിന്നിരുന്നതു്. അതുപോലെതന്നെ ദുര്യോധനാദികളും ശണ്ഠയ്ക്കു വേണ്ടപ്പെട്ട എല്ലാ ഒരുക്കങ്ങളും ചെയ്തു് ആയുധപാണികളായിട്ടു നിൽക്കയാണു്. അപ്പോൾ ബന്ധുമിത്രാദികളുമായുള്ള ഈ യുദ്ധം ആശാസ്യമോ എന്നശങ്ക ജനിക്കുകയും ശ്രീകൃഷ്ണൻ സാമാന്യത്തിലധികം ദീർഘമായൊരു "ഗീത" പാടി ശങ്കാനിവൃത്തി വരുത്തുകയും ചെയ്യുന്നു. ഇതാണല്ലൊ ഭഗവൽഗീത.

ഏതാണ്ടിതുപോലെതന്നെയാണു് സ്വനായികയെ എല്ലവരുടേയും ദൃഷ്ടിപഥത്തിൽ കൊണ്ടുചെന്നു നിറുത്തിയശേഷം അകത്തോട്ടുകടത്താതെ കവി സുദീർഘമായ ചരിത്രവിവരണം ചെയ്യുന്നതു്. ഏതായാലും നമുക്കു് ഗ്രന്ഥകർത്താവിനെ അനുധാവനം ചെയ്യാം. പാറപ്പുറത്തും പനിനീർപൂ ഉണ്ടാകാറില്ലേ? അതുപോലെ ഒരു ചെററക്കുടിലിലാണു് മഗ്ദലേനയുടെജനനം. പാറക്കെട്ടിൽ നിൽക്കുന്ന പനിനീർച്ചെടി വളർന്നു് പൂക്കൾ പുറപ്പെടുവിക്കുന്നസമയത്തു് ദുർഗ്ഗസഞ്ചാരം ഭയന്നു് ആളുകൾ പൂക്കൾ അറുക്കാതിരിക്കുന്നില്ലല്ലോ. അതുപോലെ ആ ചെററക്കുടിൽനായിക താരുണ്യദശയെ പ്രാപിച്ചതിനോടെ കാമുകന്മാരുടെ ആരാധനാനികേതമായി

ത്തീർന്നു. കുടിലിൽ അവർ കുസുമമറുത്തു എന്നുമാത്രമല്ല അതിനെ കുത്സിതമാക്കുകയും ചെയ്തു. അതും ഒരു ഈശ്വരസൃഷ്ടിയല്ലയൊ എന്നവർ വിചാരിക്കക്കൂടി ചെയ്തില്ല. കഷ്ടം! പക്ഷെ കാമത്തിനുണ്ടോ കണ്ണു്? കാളിയൻ ശ്രീകൃഷ്ണന്റെ സുന്ദരശരീരത്തിൽ ദംശിച്ചഭാഗം എഴുത്തച്ഛൻ വർണ്ണിച്ചിങ്ങനെ വിലപിച്ചു.

താരാർമകരം നിജപാണിയുഗത്തിനാ-
ലാത്തമോദം തലോടിനിരന്നുള്ള
ചാരുകഴലിണതന്മേൽ മടിയാതെ
ഘോരനാം കാളിയനോരോന്നു ദംശിച്ചാൻ
കൽമഷന്മാർക്കിതുതോന്നു..........

ലോകം സ്വതേ പരിശുദ്ധമായിരുന്നു. പാപം അതിനേ അശുദ്ധമാക്കി എന്നു കവി സൂചിപ്പിക്കുന്നു.

"സ്വർഗ്ഗകർത്താവിവർക്കാവോളമേകിനാൻ
സ്വർഗ്ഗലോകത്തിലെ സൗന്ദര്യത്തെ
എന്നാലഹസ്സൽഗ്ഗുണം തന്നെയാ തമ്പിയെ
ദുസ്തരകാന്തത്തിൽ തള്ളിവിട്ടു."

വള്ളത്തോൾ പരേതനായ "സി. വി. രാമൻപിള്ള"യുടെ ബ്രാഹ്മണവേഷധാരിയെ സ്മൃതിപഥത്തിൽ കൊണ്ടുവരുന്നതുനോക്കു! വേളിമലയിൽ നോക്കിക്കൊണ്ടു മാർത്താണ്ഡവർമ്മ യുവരാജാവു് ആത്മഗതം ചെയ്യുന്നു. "അല്ലയോ പർവതമേ! നിന്റെ ഔന്നത്യംതന്നെ നിനക്കു് ആപത്തായി തീർന്നിരിക്കുന്നു. നിന്റെ താഴ്വരകളിലെ കുന്നുകൾ ഉദയഗിരിയുടെ കിരണങ്ങൾ തട്ടി എത്ര ആനന്ദതുന്ദിലന്മാരായി കാണപ്പെടുന്നു. ആവി

മയമായ മേഘങ്ങൾ അവയെ ബാധിക്കുന്നില്ലല്ലൊ." പക്ഷെ എന്തിന് മൃതനായ സി. വി.? മിസ്റ്റർ മേനോൻതന്നെ ഇപ്രകാരം പറയുന്നു.

"സ്ത്രീകൾക്കസാധാരണ രൂപധേയം
ശോകംപെടുത്തുന്നൊരു ശത്രുവത്രെ"

ഇവതമ്മിൽ ആശയസാമ്യമുണ്ടെങ്കിലും മൂന്നും ഓരോരോ പ്രകാരത്തിൽ രസസമ്പൂർണ്ണങ്ങളാണെന്നു സ്പഷ്ടമാണ്. സി. വി. യുടെ "ആപത്തും", നാരായണമേനോൻെറ "ദുന്നകരവും"; "ശത്രുവും" എല്ലാം ഒരേ തത്വത്തെയാണ് പ്രകടിപ്പിക്കുന്നതെങ്കിലും അവയുടെ പ്രയോഗചാതുരികൊണ്ടു് വായനക്കാരുടെ രസം ഒന്നിനൊന്നിനു വർദ്ധിക്കുന്നു. അദ്ധ്യാത്മചിന്താസംയുക്തങ്ങളായ ഏതാദൃശവർണ്ണനകൾ മിസ്റ്റർ കുമാരനാശാൻെറയും നാരായണമേനോനവർകളുടെയും പ്രത്യേകതകളാണെങ്കിലും ഉള്ളൂരിനു് ഇമ്മാതിരി കവനം ദുസ്സാധമാണെന്നു് ഒരുത്തരും വാദിക്കയില്ല.

വാനോട്ടരുമ്മും മണിമേടവാഴാൻ;
പൂമാതൊടൊക്കും മധുരാംഗി പുൽകാൻ;
അധൃഷ്യമാജ്ഞാബലമാശനൽകാൻ
ആനന്ദകേദാരമധീശജന്മം!
എന്നോർത്തുഴപ്പാം നാമൊരു നോക്കിനെന്നാൽ
സൂക്ഷ്മത്തിലങ്ങല്ല സുഖം കിടപ്പൂ
അക്കോമളപൂവിനു കൂർത്തുമൂർത്ത
ചെങ്കോലുകണ്ടാൽ ചെറുതല്ലഭീതി.

(സുഖം-സുഖം)

പക്ഷെ ശബ്ദാലങ്കാരപ്രയോഗത്തിൽ അദ്ദേഹത്തിനുള്ള അസാധാരണപാടവം ഹേതുവാൽ വായനക്കാരും കവിയും ഒക്കെപ്പോടെ അതിലങ്ങു ഭ്രമിച്ച് കണ്ണാനന്ദത്തിൽ ലയിച്ചുപോകുന്നു എന്നേയുള്ളു. കേട്ടാലും!

"തല്ലിരൊളിതിരളും മെയ് പൊന്നുഴിഞ്ഞാലിലാട്ട-
കളിയിലിളകിടുമ്പോൾ തൻമുഖാബ്ജം വിടർത്തി
നളിനഭവവധൂടീവീണനാണിച്ചിട്ടും മറ-
റളികചകളിവർണ്ണം പാടിനാർ പഞ്ചമത്തിൽ"

(ഉമാകേരളം)

വഞ്ചിനാട്ടിലെ സ്ത്രീകളുടെ സ്വാഭാവികമായ ആനന്ദത്തേയും സംഗീതത്തിൽ അവർക്കുള്ള ചാതുര്യത്തേയും പ്രദർശിപ്പിക്കുന്നതിന് കവി പ്രയോഗിച്ചിരിക്കുന്ന ഏകമാർഗമാണിത്. കൂടാതെ,

"അളികളിളകിനോമൽത്താരണിത്തേൻനുകർന്നും
കിളികൾ കളകളംപൂണ്ടങ്ങുമിങ്ങും പറന്നും
കുളിർവിളയുമിളങ്കാററുല്ലസിച്ചും, മലർപ്പെൺ
കളികൾ തുടരുമോരോവാടിവീടോടിണങ്ങി"

(ഉമാകേരളം)

ഇത്യാദി ശ്ലോകങ്ങൾ വായിക്കുമ്പോൾ കാതുകൾക്കുണ്ടാകുന്ന അസാധാരണമായ ആനന്ദത്താൽ മനസ്സന്തോഷാനുഭൂതിക്കു സ്വല്പം ഒരു ഭംഗം സംഭവിക്കുന്നു. ഈ പ്രാസപ്രിയം ചിലപ്പോഴെല്ലാം ഒരു അഭംഗിയായും പരിണമിച്ചിട്ടില്ലെന്നില്ല.

"ഭൂമിപൻ ചത്തിട്ടമ്പോൾ ചത്തകാന്തയുടെ
ചത്തശത്രുവോട്ട്"

ഇത്യാദി ചത്തപദങ്ങളെ മനുഷ്യമൃഗഭേദംകൂടാതെ പ്രയോഗിച്ചിരിക്കുന്നതും കമലയുടെ പ്രസ്താവനയിൽ "സഹൃദയഹൃദയത്തെ സവിശേഷമായി സമാവർജ്ജിക്കുന്നതിനു തക്ക ശക്തിയുള്ള സകലഗുണസമ്പൂർണ്ണമായ സദ്ഗ്രന്ഥമാണിതെന്നു സമഷ്ടിയായി പ്രസ്താവിക്കുന്നതാണു സാധു......." എന്നു പ്രാസപ്രയുക്തമായി എഴുതിയിരിക്കുന്നതും,

"കൈരളിത്തയ്യലാളിൻ
നൃത്തോദ്യൽകങ്കണാളീകലിതകളകളം
കാട്ടിലും കേട്ടിടുന്നു."

(മംഗളമഞ്ജരി)

എന്നിങ്ങനെ വൃത്യനുപ്രാസനിഷ്ഠയാൽ "കലത"മുപയോഗിക്കേണ്ടിവന്നതും കാണ്ക. ഇതിനും പുറമെ ശബ്ദാലങ്കാരം കൂട്ടുന്തോറും അകൃത്രിമമായ രാമണീയകത്തിനു ന്യൂനതവരാൻ എളുപ്പവുമുണ്ടല്ലോ. മഹാകവി കുമാരനാശാന് ഈവക ദോഷങ്ങളൊന്നുമില്ലെന്നല്ല ഞാൻ പറയുന്നത്. അദ്ദേഹത്തിന്റെ കൃതികളിലും സജാതീയദ്വിതീയാക്ഷര പ്രാസതല്പരതയാലും അനുപ്രാസഭംഗിയോടുള്ള ആകർഷണത്താലും ഈദൃശോദാഹരണങ്ങൾ കാണാതിരിക്കയില്ല. ഒരു തർജ്ജമയായ ബുദ്ധചരിതത്തിലെന്നപോലെതന്നെ സ്വതന്ത്രകൃതികളിലും തപ്പിയാൽ കിട്ടും.

എങ്കിലും സാമാന്യേന നോക്കുന്നപക്ഷം ഇവർ പ്രാസഭൂമികളല്ലെന്നുവേണം പറയുവാൻ. അലങ്കാരം കവിതയ്ക്കുവേണ്ടിയതാണല്ലോ. അലങ്കാരത്തിനുവേണ്ടി കവിത എഴുതുക അസാധാരണമാണു്. മനുഷ്യൻ ജീവസന്ധാരണാർത്ഥം ഭക്ഷിക്കുന്നു. ഭക്ഷണം മനുഷ്യനു വേണ്ടതാണു്. ഭക്ഷണത്തിനുവേണ്ടിയല്ല മനുഷ്യൻ. അമിതഭോജനം അജീർണ്ണഹേതുകവും, മിതഭോജനം സുഖജനകവുമാണല്ലോ. ഈ വ്യതിയാനം അങ്ങനെ നില്ക്കട്ടെ.

"ആദിഘട്ടങ്ങളിലീവിടാരാധനം
നീതിയല്ലെന്നനിഷേധശബ്ദം"

മഗ്ദലേനയെ സാമാന്യത്തിലധികം വിഷമിപ്പിച്ചിരുന്നെങ്കിലും അതു കാമുകന്മാരുടെ സ്തോത്രോക്തികളുടെ നിർഘോഷങ്ങളിൽ നിർല്ലീനമായിപ്പോയെന്നുള്ള കവിയുടെ പ്രസ്താവം വളരെ ഹൃദ്യവും ആസ്വാദ്യവുമായിരിക്കുന്നു.

"ഒന്നല്ല പത്തല്ല ചില്ലിലതാഞ്ചല-
മൊന്നനങ്ങുന്നതും കാത്തുനില്പോർ
കുംഭിസഞ്ചാരിണിതകന്തിതിലപ്പുറം
കുംഭിനീനാഥരും കുംഭദാസർ"

ഇങ്ങനെ പ്രാസാനുപ്രാസസമ്മിളിതമായ ശബ്ദാലങ്കാരം കർണ്ണാനന്ദത്തെ ഉളവാക്കുന്ന പദ്യവിശേഷങ്ങളെക്കൊണ്ടു നായികയുടെ ജീവിതത്തെ വിവരിച്ചശേഷം അർത്ഥാലങ്കാരവൈശിഷ്ട്യത്താൽ ഹൃദയാനന്ദജന

കമായ തത്വചിന്തയിലേക്കു വായനക്കാരെ കവി ക്ഷണിക്കുന്നു.

“കൊററിന്നൊഴക്കരി കാണാതിരുന്നവൾ
കൊററക്കുട ചൂടും റാണിയായി
ഹന്ത! സൗന്ദര്യമേ! നാരിതൻമെയ് ചേന്നാ-
ലെന്തെന്തുസൗഭാഗ്യം സാധിക്കാനീ?.”

ഇതാണോ സാക്ഷാൽ സൌഭാഗ്യമെന്നു് ഒരു ചോദ്യത്തിനു് ഇവിടെ അവകാശമുണ്ടെങ്കിലും സൌന്ദര്യശക്തി സ്വതേ ഒരു ശക്തിയാണെന്നും ഒരു നാരീമണിയോടു കൂടിച്ചേരുമ്പോൾ അതു് ഒരു മഹാശക്തിയായി പരിണമിക്കുന്നു എന്നുമുള്ള വ്യംഗ്യാർത്ഥം ഹൃദയാവർജ്ജകമായിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. “കവിത പ്രകൃതിയുടെ അനുകരണവും വ്യാഖ്യാനവും ആണെ”ന്നുള്ള മാത്യൂ ആർണോൾഡിൻെറ അഭിപ്രായം എത്രയും വാസ്തവമാണു്. വായനക്കാർ സൽക്കാവ്യം മുഖേന പ്രത്യക്ഷങ്ങളായ വസ്തുക്കളുടേയും ഭാവങ്ങളുടേയും സൌന്ദര്യത്തെ ആസ്വദിക്കുന്നതോടുകൂടി അപ്രത്യക്ഷങ്ങളായ ധർമ്മങ്ങളും സങ്കേതങ്ങളും അവരുടെ മനസ്സിൽ ഉദ്ദീപനം ചെയ്യുന്നു. പ്രാപഞ്ചികസുഖങ്ങളുടെ മാററുരച്ചുകാണിച്ചു് അനുവാചകന്മാർക്കു് ആത്മീയോൽക്കർഷമുണ്ടാക്കുവാനാണു് കവികൾ ശ്രമിക്കേണ്ടതു്. ഇന്ദ്രിയഗമ്യങ്ങളായ വസ്തുക്കളെയും, അവയുടെ സൌന്ദര്യത്തെയും കണ്ടറിയുന്ന ഒരു കവിക്കു്, ഓജസ്സും തേജസ്സും തികഞ്ഞ വാക്പാടവംകൂടെയുണ്ടെങ്കിൽ, നാരിയോടുചേന്ന സൌന്ദര്യംപോലെ അയാളുടെ കവിത ഏതു ഹൃദയത്തേയും ആനന്ദിപ്പിക്കും. മേലുദ്ധരിച്ച നാലുവരികളിൽ കാണുന്ന കവിയുടെ ആശയപ്രകടനചാതുര്യം, സഹൃദയഹൃദയങ്ങളെ ഹഠാദാകർഷിക്കുകതന്നെ ചെയ്യും. വെറും ലൌകി

കവും ശാരീരികവുമായ സുഖാനുഭൂതിയിൽ ലയിച്ചിരിക്കുന്ന നായികയെ-

"മെല്ലവേ മെയ്തൊട്ടുണർത്തിയട്ടഛയാ
നല്ലകാലത്തിൻെറനിശ്വാസങ്ങൾ."
ഈ ഭാഗവും സരസമായിട്ടുണ്ട്.
"ക്രിസ്തുവാം കൃഷ്ണൻെറ ധർമ്മോപദേശമാം
നിസ്തുലകോമളവേണുഗാനം
ഏതോ സ്വനഗ്രാഹിയന്ത്രത്തിൽ നിന്നാവിർ
ഭൂതമായ്ത്തൻ, ചെവിപൂകിയാറെ
വൃന്ദാവനത്തിലെ മാൻപേടപോലെനി-
ഷ്പന്ദമായ്നിന്നു മുഹൂർത്തമിവൾ."

"ഇവിടെ കവി യേശുക്രിസ്തുവിനെ ധർമ്മോപദേശവിഷയത്തിൽ കൃഷ്ണനാണെന്നു സങ്കല്പിക്കുന്നു. ഒരേ ധർമ്മതത്വങ്ങളെത്തന്നെ രണ്ടു മതങ്ങളിലും ഒന്നുപോലെ ദർശിക്കുന്ന ഒരു കവിക്കു രണ്ടു് അവതാരപുരുഷന്മാരെയും ഐക്യബുദ്ധിയോടുകൂടിമാത്രമേ ഗണിപ്പാൻ സാധിക്കൂ" എന്നു് പ്രസാധകനായ മി. കെ. എം. വറുഗീസ്സ് പറയുന്നു. കൃഷ്ണൻെറ ഓടക്കുഴൽനാദം കേട്ടു് വൃന്ദാവനത്തിലെ മാൻപേടകൾ ആനന്ദമൌനം പൂണ്ടതുപോലെ, യേശുക്രിസ്തുവിൻെറ ദിവ്യോപദേശം (ഏതുപദേശമാണോ?) ആരോ പറഞ്ഞുകേട്ടതോടുകൂടി നായിക കുറെ നേരത്തേക്കു് അങ്ങു നിശ്ചലയായി നിന്നുപോലും! വേണുഗാനം കേവലം തിര്യക്കുകളെക്കൂടി നൃത്തം ചെയ്യിക്കുന്നതിനു പര്യാപ്തമാണെന്നു കേട്ടിട്ടുണ്ടു്. അതിൻെറ വിജയാപജയങ്ങൾ കുഴലിൻെറ മേന്മയേയും ഊത്തുകാരൻെറ സാമർത്ഥ്യത്തേയും ആശ്രയിച്ചിരിക്കുകയും ചെയ്യും. പണ്ടു് സുദക്ഷിണാദിലിപന്മാർ

തേരിൽ കയറി വസിഷ്ഠാശ്രമത്തിലേക്കുപോകവെ മയിൽക്കോഴികൾ തേരിന്റെ ഇമ്പകരമായ സ്വരംകേട്ടു രസിച്ച് പാടിക്കൊണ്ടങ്ങു നിന്നുപോയെന്ന് കാളിദാസ മഹാകവി അഭിപ്രായപ്പെട്ടിട്ടുണ്ടല്ലോ.

"തേരിൽ റിനാദാൽ തലപൊക്കിരണ്ടു
ചേരിക്കലായ് ഷഡ്ജകളസ്വരത്തിൽ
പൂരിച്ചിണങ്ങും മയിലിന്റെയൊച്ച
പാരിച്ചമോദത്തോടു കേട്ടുകൊണ്ടു."

(രഘുവംശം)

ഇതുപോലെ ആയിരിക്കാം യേശുക്രിസ്തുവിന്റെ ഉപദേശം ആരോ പറഞ്ഞുകേട്ടതോടുകൂടി മറിയം കുറേ നേരത്തേക്കു നിശ്ചലയായി നിന്നുപോയത്. ഈ ചലനമില്ലായ്മയുടെ ഹേതു കുഴലിന്റെ മെച്ചമോ ഊത്തുകാരന്റെ മേന്മയോ ഏതാണെന്ന് അറിഞ്ഞുകൂടാ. ശ്രീയേശുക്രിസ്തുവിന്റെ പ്രൌഢഗംഭീരോപദേശത്തെ "നിസ്തുലകോമളവേണുഗാനമായി" പരിഗണിച്ചിരിക്കുന്നതിന്റെ ഔചിത്യം മനസ്സിലാകുന്നില്ല. കാളിദാസൻ പറയുന്നതുപോലെ വേണുസ്വനശ്രവണത്തിൽ തിര്യക്കുകൾകൂടെ ആനന്ദിക്കുന്നു എന്നു സമ്മതിക്കാം. എന്നാൽ സംഗീതം മനുഷ്യഹൃദയത്തിൽ സമുല്പന്നമാക്കുന്ന ആനന്ദവികാരങ്ങൾക്കും, നിസ്തുലവും ഹൃദയസ്പൃക്കും ആയ ഉപദേശപ്രകാണ്ഡങ്ങൾ ജനിപ്പിക്കുന്ന ഭയഭക്തിവികാരങ്ങൾക്കും അജഗജാന്തരമുണ്ടു്. ക്രിസ്തുവിന്റെ നിർമ്മലോപദേശം വേണുഗാനംപോലെ കേവലം ആനന്ദദായകം മാത്രമായിരുന്നു എന്നു സമ്മതിക്കുവാൻ

ക്രിസ്ത്യാനികൾ ഒരുങ്ങുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. വേണു നിസ്തുലഗാനമായാലും അതു സംഗീതപരിധിയിലൊതുങ്ങുകയേയുള്ളു. സംഗീതത്തെപ്പററി ഇങ്ങനെയാണു് ഒരു മഹാകവി പറയുന്നതു്.

"കർണ്ണം ഗതം ശുഷ്യതികർണ്ണഎവ
സംഗീതകം സൈകതവാരിരീത്യാ."

മറിയ ക്രിസ്തുവിൻെറ ഉപദേശം കേട്ടപ്പോൾ മാൻപേടയെപ്പോലെ നിഷ്പന്ദമായി നിന്നുപോയി എന്നു് കവി പറയുന്നു. പാപബോധം അവൾക്കുണ്ടായി എന്നു സമ്മതിക്കുന്നപക്ഷം അവളുടെ ഹൃദയം ശാന്തമായിരിക്കില്ല; കിന്തു, അതു് അനുതാപവികാരതരളിതമായിരിക്കാനേ തരമുള്ളു. വികാരവീചികളുടെ തള്ളൽമൂലം അവളിൽ സംഭ്രമമാണു് ഉണ്ടാകേണ്ടതു്. അല്ലാതെ, ശ്രീകൃഷ്ണൻെറ വേണുഗാനംകേട്ടു ലയിച്ചുനിന്ന മാൻപേടകളുടെ അവസ്ഥാവിശേഷമല്ല, മറിയത്തിനുണ്ടായിരുന്നതെന്നു് എനിക്കു തോന്നുന്നു. "ഒരേ ധർമ്മതത്വത്തെത്തന്നെ രണ്ടുമതങ്ങളിലും ഒന്നുപോലെ ദർശിക്കുന്ന ഒരു കവിക്കു് രണ്ടു് അവതാരപുരുഷന്മാരേയും ഐക്യബുദ്ധിയോടുകൂടി മാത്രമെ ഗണിപ്പാൻ സാധിക്കൂ" എന്നുള്ള ടിപ്പണിക്കാരൻെറ സമാധാനം വാസ്തവംതന്നെയോ? ചില ധർമ്മതത്വങ്ങൾ രണ്ടുമതത്തിലും ഒന്നുപോലെ കണ്ടതുകൊണ്ടു് രണ്ടിൻെറയും സ്ഥാപകന്മാർ ഐക്യനിലയിലുള്ളവരായിരിക്കണമെന്നു വിചാരിക്കുന്നതു മൌഢ്യമല്ലയോ?

മുമ്പു് അമ്പാടിയിലെ ഗോവിന്ദനോടു് യേശുവിനെ ഉപമിച്ചതേയുള്ളു. ഇപ്പോഴാകട്ടെ ക്രിസ്തുവിനെ കൃ

ഷ്ണനായിട്ടും സുവിശേഷത്തെ വേണുഗാനമായിട്ടും മി. മേനോൻ സങ്കല്പിക്കുന്നു. കവിയുടെ ദൃഷ്ടിയിൽ എങ്ങനെയായിരുന്നാലും ക്രിസ്ത്യാനിയുടെ ദൃഷ്ടിയിൽ ഇതൊരു "കട്ടംകൈ" ആയിട്ടേ തോന്നുകയുള്ളു. ആദ്യത്തേതു വെറും ഉപമ; രണ്ടാമത്തേതോ? "തനി" രൂപകം. ഉപമാലങ്കാരത്തിൽ ഉപമാനോപമേയങ്ങൾക്കു തമ്മിൽ സമത്വമേ കല്പിക്കുന്നുള്ളു. രൂപകത്തിലോ? അവ തമ്മിൽ അഭേദത്വമാണ് സമർത്ഥിക്കുന്നതു്.

യേശു പാവം. ജഗത്തു നിന്നെപ്പററി എന്തെല്ലാം അപലപിച്ചു! സേഴ്സസ്സും പോർഫിറായസ്സും നിന്നെ ചെപ്പടിവിദ്യക്കാരനോടുപമിച്ചു. ഗ്നോസ്റ്റിക്കുകാർ നിന്നെ സൂര്യഗ്രഹണത്തിൻെറ ചൈതന്യമാക്കി; ഡൊസെററിക്കാർ നിന്നെ ശരീരരഹിതമായ ഭൂതമെന്നു വിളിച്ചു. മഹമ്മദോ? തന്നെക്കാൾ ഒരുഡിഗ്രി കുറഞ്ഞ "നിബി"യായിട്ടു നിന്നെ എണ്ണി. ഇത്രയുംകൊണ്ടായില്ല. കാലചക്രം യഥാവിധി തിരിഞ്ഞുകൊണ്ടേ ഇരിക്കുന്നു. വിജ്ഞാനത്തിൻെറ സ്ഥാനത്തു് അജ്ഞാനം ആരൂഢമായി; വിനയം അന്തർദ്ധാനംചെയ്തു. നീ വെറും ഒരു മനുഷ്യനാണെന്നു വോൾട്ടേർ അഭിപ്രായപ്പെട്ടു. നീ സോക്രട്ടീസിനെപ്പോലെ ഒരു വെറും തത്വജ്ഞാനിയാണെന്നു് എർണസ്റ്റ് റെനാൻ ശഠിച്ചു. ഇത്രയുംകൊണ്ടു മാനുഷികാന്ധത അതിൻെറ പരമകാഷ്ഠയെ പ്രാപിച്ചു എന്നു വിചാരിക്കേണ്ടാ. പക്ഷെ മനുഷ്യൻെറ അന്ധതയുടെ പരിധി കണ്ടവനാർ? ഇപ്പോഴിതാ നീ വിഷ്ണുവിൻെറ ഒരവതാരമായിത്തീർന്നിരിക്കുന്നു. അഹോ! വിചിത്രം തന്നെ.!!

മഗ്ദലേന ചെയ്ത അസംഖ്യം പാപങ്ങളെ ഓത്ത് അവൾ ഭയവിഹ്വലയായി. എന്തെല്ലാം സുഖഭോഗങ്ങളെയാണ് ആത്തി അടയാതെ അവൾ അനുഭവിച്ചതു്! എങ്കിലും അവയെല്ലാം ഇപ്പോൾ അവൾ ഉപേക്ഷിച്ചിരിക്കുന്നു. അവയുടെ ഓർമ്മതന്നെ അവളെ ദുഃഖിപ്പിക്കുകയാണു ചെയ്യുന്നതു്.

"അന്നത്തിൻതുവൽ നിറച്ചണിക്കട്ടിലിൽ
മിന്നുന്നപട്ടുകിടക്കയെല്ലാം
ക്രുത്തുമൂത്തീടിനകാരിരുമ്പാണികൾ
തുത്തുതറച്ചുള്ളൊന്നായിത്തോന്നി"

നോക്കണം, മിന്നുന്ന പട്ടുകിടക്ക കാരിരുമ്പാണികളെപ്പോലെ ക്രൂരമായി മറിയത്തിനു തോന്നുന്നല്ലൊ! രചനാകൌശലംകൊണ്ടു് കവികൾ പൂർവസങ്കേതങ്ങളെ നവീകരിച്ചു് രസഭൂയിഷ്ഠമാക്കുക സാധാരണമാണു്. അപ്രകാരംതന്നെ പ്രകൃതിയുടെ രഹസ്യങ്ങളെ പാവനാപരമായി പലേപ്രകാരത്തിൽ രൂപാന്തരപ്പെടുത്തിയും പുതുക്കിയും വ്യാഖ്യാനിക്കുവാൻ യഥാത്ഥ കവികൾക്കു പ്രയാസമില്ല

"ത ഏവപദവിന്യാസാ
സ്ത ഏവാത്ഥവിഭൂതയഃ
തഥാപിനവ്യംഭവതി
കാവ്യംഗ്രന്ഥനകൌശലാൽ."

നിസ്സാരമായ മഴത്തുള്ളി കവിഹൃദയത്തിൽ പ്രതിഫലിക്കുമ്പോൾ എന്തെല്ലാം മായാരൂപങ്ങളെയാണ്

അവലംബിക്കുക? ഒരു ശാസ്ത്രജ്ഞൻ മഴത്തുള്ളിയിൽ പ്രാണവായുവും(Oxygen), അംബ്ജനകവും(Hydrogen) അല്ലാതെ മററൊന്നും കണ്ടു എന്നുവരുന്നതല്ല. എന്നാൽ ഒരു കവിയുടെ ഭാവനയാകുന്ന സൂക്ഷ്മദർശിനിയുടെ സഹായത്തോടുകൂടി മഴത്തുള്ളിയെത്തന്നെ പരിശോധിക്കുമ്പോഴും, അതു് അദ്ദേഹത്തിൻെറ മനസ്സിൽ വിവിധ രൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. "സന്താനമരത്തിൽ നിന്നു് ഞെട്ടററുവീണ മലർമൊട്ടായും," "സ്ഥാനം"പിഴച്ചംബരവീഥിവിട്ടു താഴത്തിറങ്ങും പുതുതാരമായും, "സരോവരച്ചേറിനകത്തുനിന്നുപൊന്തും സിതാംഭോരുഹ കുഡ്മളമായും," "കുലീനയാം നായികതൻ കടക്കൺ കോണിൽ തിളങ്ങും പ്രണയാങ്കുര"മായും, "കല്യാണമെയ്യാളു"ന്ന ഈ "അംബുബിന്ദു"വിനെ ഉള്ളൂർ മഹാകവി ദർശിക്കുന്നു. അതുകൊണ്ടും കവി തൃപ്തിപ്പെടുന്നില്ല.

"മധുവ്രതാസ്വാദിതശിഷ്ടമാകും
മന്ദാരമാധ്വീകണികാവതംസം;
പൌലൊമിതന്മേൽ സഖിമാർതളിക്കും
ഗന്ധദ്രവാംഭഃപൃഷതപ്രകാണ്ഡം;
വാചസ്പതിക്കായ്ശതമന്യുനൽകും
പാദ്യാംബുവിൻപാവനമായബിന്ദു,
സ്വർഗ്ഗസ്ഥപീയൂഷഘടത്തിൽനിന്നു
തുള്ളിത്തുളമ്പാൻ തുനിവാർന്നുതുള്ളി"

ഇതിലധികം ഭാവനാശക്തി ഈ നിസ്സാരവസ്തുവിനുവേണ്ടി ഉപയോഗിക്കണമോ? കവിയുടെ ഹൃദയം വികാരംകൊണ്ടു് പരിപൂരിതമാകുന്നു. ഇവിടെ നമുക്കു് കവിതാകാമിനിയുടെ നൃത്തം കാണാം.

നാം ഓരോരുത്തരും "എത്രകീറത്തലയണ" കണ്ടിട്ടുണ്ട്! അതിൽ കവിതയുള്ളതായി നമുക്കു പ്രത്യക്ഷപ്പെട്ടിട്ടില്ലായിരിക്കും. എന്നാൽ വള്ളത്തോൾ അതിനെക്കണ്ടപ്പോൾ അദ്ദേഹത്തിനുണ്ടായ വികാരങ്ങൾ ആശ്ചര്യജനകം തന്നെ. ജീർണ്ണീഭവിച്ച ആ ഉപധാനം അദ്ദേഹത്തെ വ്യസനിപ്പിക്കുന്നു. ജീവിതപൂർവസ്മരണയുണ്ടായപ്പോൾ "തുരുതുരയുന്തിയ" പഞ്ഞിയാകുന്ന രദനങ്ങൾ കാണിച്ചു, ആ ഉപധാനം മനുഷ്യജീവിതത്തെ അപഹസിക്കുന്നു.

"അരചനുടെയുടല്ലമിങ്ങവസ്ഥാ-
ന്തരമിതുതാനൊടുവെന്നു കണ്ടുതാൻതാൻ
ചിരമഹഹ; ചിരിയ്ക്കയോ, ശുദ്ധാന്തഃ-
കരണ, വെളിക്കുതുറിച്ചപഞ്ഞിയാൽനീ.

നോക്കുക! എത്ര മാഹാത്മ്യമേറിയ തത്വചിന്തകൾ കവിയുടെ ഹൃദയത്തിലൂടെ കടന്നുപോകുന്നു!! ഇങ്ങനെ ഒരു കവിയുടെ ഭാവനയാകുന്ന യന്ത്രച്ചക്കിൽ കയറിയിറങ്ങുമ്പോൾ, ചപ്പും ചവറുംകൂടി മനോമോഹനങ്ങളായ സാധനങ്ങളായി രൂപാന്തരപ്പെടുന്നു. ചിപ്പിയുടെ വായിൽ വീഴുന്ന വെള്ളത്തുള്ളി മുത്തായി തീരുന്നതുപോലെ ഇതും ആശ്ചര്യജനകമല്ലേ!

സ്വയംപീഡാകരമായ മുള്ളാണികൾ മൃദുമെത്തയുടെ സുഖാനുഭൂതിയെ ഉളവാക്കുന്നതും ദുകൂലശയ്യ "കൂർത്തുമൂർത്തിടിന കാരിരുമ്പാണി"കളായി പരിണമിക്കുന്നതും മററുകാരണവശാലാണെങ്കിലും ചന്ദ്രസേനവിരഹിതയായ താരാവലിയുടെ മനസ്ഥിതിയും പ്രായേണ ഇതുപോലെതന്നെ മേനോൻ വർണ്ണിച്ചിരിക്കുന്നതു കാണുക.

"സ്മരനമ്പുകളായ പൂക്കളാലെ
വിരചിച്ചൊരുവിശേഷമെത്തയിന്മേൽ
വിരഹാതുരയായതന്വചിന്തനം
ശരശയ്യാശയനം സമാചരിച്ചു."

(ചിത്രയോഗം)

പാപം ഭയാനകം തന്നെ പാപഭരചിന്തയോ ദുഃഖമേറ്യമാണ്. പാപമാകുന്ന കൊട്ടവെയിലിനാൽ ഉജ്ജ്വലത്തായ മണലാരണ്യത്തിന്റെ മദ്ധ്യഭാഗത്താണ് മറിയം സ്ഥിതിചെയ്യുന്നതു്. ആ മരുഭൂമി ഒരു തീക്കടൽ കൂടിയാണെങ്കിൽ പിന്നത്തെകഥ ഊഹിക്കാൻപോലും നിവൃത്തിയില്ല. ഈ അവസ്ഥയോടു കൂടിയ നായികയുടെ മനസ്ഥിതി കവി എത്രയും ഹൃദയസ്പൃക്കായി വർണ്ണിച്ചിട്ടുണ്ടു്.

"മാറിയൊഴിഞ്ഞെങ്ങുപായേണ്ടു സങ്കട—
മാരോടുചൊല്ലേണ്ടു തമ്പുരാനേ?
ഏതുംപൊറുതികാണാതിവളങ്ങൊരു
പൈതലെപ്പോലെ വാവിട്ടുഴകണം.
കേഴുക, കേഴുക, കേഴമാൻ കണ്ണാളെ!
കേഴുവോർക്കാശ്വാസമേകും ദൈവം."

ഹാ! ഇതു എത്ര ഹൃദയംഗമം! എത്ര രമണീയം!! സ്വാരസികമായ അർത്ഥബോധത്തോടുകൂടിയ ഈ പദങ്ങളിലെ രസചമല്ക്കാരം അനുഭവൈകവേദ്യമെന്നല്ലാതെ മറ്റെന്തു പറയേണ്ടു? ഒരു ശിശുവിനെപ്പോലെവാവിട്ടു കരയുന്ന ആ പെൺകിടാവു് നമ്മുടെ ബാഹ്യചക്ഷുസ്സുകൾക്കു ഗോചരമല്ല; എങ്കിലും പ്രതിഭാപ്രതിബിംബിതമായ തദ്രൂപം നമ്മുടെ മനോമുകുരത്തിൽ നിന്നും മാ

ഞ്ഞുപോവുകയില്ല. ഹൃദയകലശം നിറഞ്ഞു കവിഞ്ഞു അനർഗ്ഗളമായി ഒഴുകുന്ന കവിതയാണിതു്.

എന്നാൽ ഈ ഭാഗത്തു് വന്നിട്ടുള്ള യതിഭംഗം കവിതയുടെ സ്വാരസ്യത്തിനു് വിഘ്നമായിരിക്കുന്നുണ്ടു്.

"ഏതുംപൊ/രതികാ/ണാതിവ / ളങ്ങൊരു"

വള്ളത്തോൾ കവിതയ്ക്കു ചിലപ്പോളെല്ലാം യതിഭംഗം സംഭവിക്കാറുണ്ടല്ലോ. ഈ ന്യൂനതയെ സാഹിത്യരസവേദിയായ പട്ടം എം. കൊച്ചുകൃഷ്ണപിള്ള എം. ഏ. ഇങ്ങനെ ലഘൂകരിച്ചിരിക്കുന്നു.

"ഓമൽഭാവനകൊണ്ടുതൻ ഹൃദയമാം-
വാരാശിനേരായ്കട-
ഞ്ഞാമന്ദോത്ഥസുധാവചസ്സുകളെടു-
ത്തോതുന്നധീമൻകവേ!
ഹാ! മററുള്ളവർ കണ്ടുകണ്ണുപെടുമെന്നോർത്തോ
സ്വകാവ്യത്തിലും-
പ്പൂമങ്ങുംയതിഭംഗമങ്ങനെ യിടയ്ക്കുണ്ടാക്കി
ച്ചെയ്വൂഭവാൻ?"

"ഇന്നലെ നാം കണ്ട തേവിടിച്ചിപ്പെണ്ണല്ലി-
തിന്നിവൾ ചാരിത്രചാരുമൂർത്തി".

ഈ ഭാഗത്തു കവി മറിയത്തിൻെറ കഴിഞ്ഞുപോയ കാലങ്ങളുടെ ഭയാനകതയേയും ഇപ്പോഴത്തെ അവളുടെ സുചാരിത്ര്യത്തെയും നമ്മെ അനുസ്മരിപ്പിക്കുന്നു. പാപവിമോചനത്തിനു പശ്ചാത്താപം പര്യാപ്തമാണെന്നുള്ള മർമ്മത്തെ ഈ രണ്ടു വരികളിൽ ഉപന്ന്യ

ഘനം ചെയ്തിട്ടുണ്ട്. നോക്കണം എത്രവേഗം മറിയം ഒരു ചാരിത്രചാരുമൂർത്തിയായി പരിണമിച്ചു; കേവല സ്വത്രുപിയുടെ ശക്തിപ്രഭാവം ലോകത്തിൽ വരുത്തുന്ന മാററങ്ങളെന്തുതന്നെ!!

മനഃപൂർവമായ പശ്ചാത്താപത്തോടുകൂടി പാപ വിമോചനം പ്രാർത്ഥിക്കുന്ന പാപിയെ ദൈവം പരി പൂതനാക്കും. പരിഹാരം പിന്നീടു ചെയ്താലും മതിയാവും. പാപവിമോചനവും പ്രായശ്ചിത്തവും രണ്ടും രണ്ടാ ണല്ലോ.

"ഒററനാൾകൊണ്ടൊക്കെമാറിമറിഞ്ഞവൾ
മറെറാരു ജന്മംജനിച്ചപോലായ്."

"ഒററനാൾകൊണ്ടുവന്നതു മറെറാരു ജന്മമുണ്ടെന്നു സിദ്ധാന്തിക്കുവാനാണോ എന്നറിയുന്നില്ല. പാപവി മോചനമെന്ന ദുസ്സാധാനരൂപമായ പ്രവൃത്തി ഒററ നാൾകൊണ്ടു സാധിക്കത്തക്കതാണോ എന്നു ധ്വനിപ്പി ക്കുവാൻവേണ്ടി "മററുജന്മ"ത്തെ ക്ഷണിച്ചുകൊണ്ടുവന്ന താണോ എന്നും സംശയത്തിനു വഴിയുണ്ട്. എങ്കിലും കവിക്ക് ഈദൃശോദ്ദേശ്യങ്ങളൊന്നും തന്നെ ഉണ്ടായി രുന്നില്ലായിരിക്കാം.

"സാദ്ധ്വീഗ്രഹത്തിനകത്തുകടന്നു, താ-
നൊത്തസങ്കേതത്തിലെത്തിച്ചേർന്നു."

യേശുവിൻെറ അനുവാദചിഹ്നത്തിനുപോലും കാ ത്തുനിൽക്കാതെ അവൾ സേച്ഛയാ അകത്തു പ്രവേശിച്ചു. അദ്ദേഹത്തിൻെറ നേരെ ഒന്നുനോക്കി. വിസമ്മതഭാവം

ഒട്ടുംതന്നെ യേശുനാഥൻ പ്രദർശിപ്പിച്ചതായി അവർ കണ്ടില്ല. പ്രത്യുത, അനുകമ്പയും സ്നേഹവും ആ തിരുമുഖത്തു കളിയാടുന്നതായി മറിയത്തിനു തോന്നി. ഉടനേതന്നെ അദ്ദേഹത്തെ അവൾ മനസാ ആരാധിച്ചു. മറിയം കർത്താവിനെ ഇതിനുമുമ്പേതന്നെ കാണുകയും ആരാധിക്കയും ചെയ്തിരുന്നതാണ്. എങ്കിലും യേശുവിനോടു അവൾക്കുള്ള കൃതജ്ഞതയെ പ്രദർശിപ്പിക്കുവാൻ അവൾക്കു ഇനിയും സാധിച്ചിരുന്നില്ല. എന്നാൽ പരസ്യമായ അവളുടെ കൃതജ്ഞതാപ്രകടനം യേശുവിനു ഇഷ്ടമാകുമോ എന്നു അവൾക്കു അറിഞ്ഞുകൂടാ താനും. തന്നിമിത്തം ഇദംപ്രഥമമായി ക്ലാസ്സിൽകയറുന്ന ഒരു വിദ്യാർത്ഥിനിയെപ്പോലെയും കാരാഗൃഹത്തിൽനിന്നും മോചിക്കപ്പെട്ട തടവുകാരിയെപ്പോലെയുമാണ് മറിയം വിരുന്നുശാലയുടെ പടി കടക്കുന്നതു്. യേശുവിൻെറ ശയ്യയെ സാവധാനം അവൾ സമീപിക്കുന്നു. അവളുടെ കാലുകളും കൈകളും മാത്രമല്ല ദേഹമാസകലം വിറയ്ക്കുന്നുണ്ടു്. എന്തെന്നാൽ വിരുന്നുകാരൊന്നൊഴിയാതെയും കണ്ണിമ പറിയ്ക്കാതെയും അവളുടെ ഓരോ കാലടിയേയും നോക്കുന്നുണ്ടെന്നും അവളുടെ ഇംഗിതം എന്തെന്നു അറിവാൻ ഉൽക്കണ്ഠയോടെ കാത്തിരിക്കയാണെന്നും അവൾക്കു അറിയാം. സാഷ്ടാംഗപ്രണാമംചെയ്തു അവൾ യേശുവിൻെറ കാൽത്താരിണയെ അവളുടെ കരതലങ്ങളിൽ പ്രതിഷ്ഠിച്ചു; നമ്രശിരസ്കയായി വേണീഭരംകൊണ്ടു തൃപ്പാദങ്ങളെ ആച്ഛാദനംചെയ്തു. നോക്കു! അവളുടെ നേത്രങ്ങൾ രണ്ടും രണ്ടു നീരുറവകളായി പരിണമിക്കുന്നു. അത്രയുമോ? ആ സാധ്വീമണി—അല്ലെന്നുണ്ടോ?—വിങ്ങിവിങ്ങിക്കരയുന്നു! അവളുടേയും ശ്രോതാക്കളുടേയും ഹൃദയം ഒന്നുപോലെ ഭേദിക്കുമാറു്,

"ഉരുകുന്നൊരു മാനസത്തൊടും
പെരുകീടുന്നൊരു കണ്ണുനീരൊടും"

(ഉമാകേരളം)

കൂടി അവർ കരയുന്നു. വല്ലാത്തതായ മനോവേദന അവളെ വിഷമിപ്പിക്കുന്നുണ്ടു്. എങ്കിലും നാരായണമേനോന്റെ മറിയം, പരമേശ്വരയ്യരുടെ 'ഉമ'യോളം ദുഃഖിക്കുന്നതായി വായനക്കാർക്കു് അനുഭവപ്പെടുന്നില്ല.

മഗ്ദലേന മറിയത്തിന്റെ കഥ പശ്ചാത്താപപരിപൂരിതമത്രെ. നമ്മുടെ കവിതന്നെ പ്രസ്തുത ഖണ്ഡകാവ്യത്തിനു് "പശ്ചാത്താപം പ്രായശ്ചിത്തം" എന്നൊരപരാഭിധാനം നൽകിയിട്ടുള്ളതുകൊണ്ടു് പശ്ചാത്താപത്തിന്റെ മൂർദ്ധന്യാവസ്ഥയെ അനുവാചകന്മാർക്കു കാണിച്ചുകൊടുക്കേണ്ടിയിരിക്കുന്നു. മറിയത്തിന്റെ പശ്ചാത്താപംതന്നെയായിരിക്കണം കഥയുടെ കേന്ദ്രസ്ഥാനവും. പാപകലുഷിതമായ ഹൃദയത്തിനു പവിത്രതയെ പ്രദാനംചെയ്യുന്ന അനുതാപവും തജ്ജന്യമായ ബാഷ്പനിർഝരിയും തമ്മിൽ ദൃഢബന്ധമുണ്ടു്. അനുതാപസമ്മിളിതമായ മറിയത്തിന്റെ സുകുമാരനയനങ്ങളിൽനിന്നു പൊട്ടിപ്പുറപ്പെടുന്ന കണ്ണീരുതന്നെ പാപിഷ്ഠരോടു ധർമ്മോപദേശം ചെയ്യേണ്ടതാണു്. ഈ കാവ്യത്തിന്റെ ജീവനും ഇതുതന്നെ. ഈ തോതനുസരിച്ചു നോക്കുമ്പോൾ മഗ്ദലേനായുടെ കഥ സാധിക്കേണ്ടതിനെ സാധിക്കുന്നതിനു പര്യാപ്തമോ എന്നൊരു ശങ്ക ജനിക്കുന്നു. അവൾ ക്രിസ്തുനാഥന്റെ പൊൽചേവടികളിൽ 'ചെമ്പവിഴങ്ങൾ' പതിച്ചു എന്നുപറയുമ്പോൾതന്നെ സഹതാപപ്രഭൃതമായ വികാരങ്ങൾ വായനക്കാരിൽനിന്നു മാഞ്ഞുപോകുന്നു.

നായികയുടെ വേശ്യാജീവിതത്തെ വിസ്തരിക്കുന്നതിനു കാവ്യത്തിന്റെ പ്രമുഖാംശം ചെലവാക്കിയിട്ടുണ്ടു്. പാപത്തിന്റെ ഭയാനകത്വത്തെ പ്രകാശിപ്പിക്കുവാനാണു് ഏവംവിധം സരളമായും സരസമായും ആ ഭാഗം വർണ്ണിച്ചിരിക്കുന്നതെന്നു സമാധാനിക്കുവാൻ നിവൃത്തിയില്ല. ഏതൽഘട്ടങ്ങളിലുള്ള വർണ്ണനകൾ അപരിമിതമായിരുന്നാൽ അതു ഗുണത്തിനു പകരം ദോഷമായിട്ടേ പരിണമിക്കൂ. അംശത്തെ അംശിയേക്കാൾ കൂടുതൽ വിസ്തരിക്കുന്നപക്ഷം അസ്വാരസ്യത്തിനു് അതു് ഹേതുഭൂതമാവുകതന്നെ ചെയ്യും. തന്നിമിത്തം ഈ ഖണ്ഡകാവ്യത്തിന്റെ അന്തിമഘട്ടം കുറേക്കൂടി വിപുലമാക്കേണ്ടിയിരുന്നു. വാർദ്ധകീസൌധങ്ങൾ വർണ്ണിച്ചു വായനക്കാർക്കു പ്രലോഭനങ്ങൾ സമുല്പന്നമാക്കുവാനുള്ള ഉദ്യമം ശ്ലാഘനീയമല്ല.

ഈ കഥയുടെ കേന്ദ്രസ്ഥാനം മറിയത്തിന്റെ ബാഷ്പകണങ്ങളെ അനുബന്ധിച്ചാണല്ലോ സ്ഥിതിചെയ്യുന്നതു്. ആ സ്ഥിതിക്കു് സന്താപസമ്മർദ്ദിതയായ ഈ നായികയുടെ പ്രാർത്ഥനയെക്കാൾ അവളുടെ കണ്ണുനീരിനാണു് കൂടുതൽ ഹൃദയദ്രവീകരണശക്തിയുള്ളതു്. ഈ മർമ്മം മനസ്സിലാക്കി, വേശ്യാവാടവർണ്ണനയേക്കാൾ പശ്ചാത്താപപ്രകടനമാർഗ്ഗമായ വിലാപത്തെ കൂടുതൽ ഹൃദയസ്പൃക്കാകുംവണ്ണം കവി വർണ്ണിക്കേണ്ടതായിരുന്നു.

ശോകരസം വിസ്മയനീയമാംവണ്ണം വർണ്ണിച്ചിട്ടുള്ള മററുകവികളുടെ ഏതാനും പദ്യങ്ങൾ ഇവിടെ ഉദ്ധരിച്ചു് ഏതദാശയം വിശദമാക്കാം.

ഉമയമ്മറാണി,

"ഇടനെഞ്ഞുപൊടിഞ്ഞുമേങ്ങിയും",

(ഉമാകേരളം)

രോദനംചെയ്യുന്ന ഭാഗം വായിക്കുമ്പോൾ പുത്രവിയോഗദുഃഖം അനുഭവിച്ചിട്ടില്ലാത്തവർക്കുകൂടിയും സഹതാപവും ക്ലേശാനുഭൂതിയും ഉളവാകുന്നു. ഇതുപോലെതന്നെ വിഷാശനത്താൽ ആസന്നമരണനായിരിക്കുന്ന ആദിത്യവർമ്മമഹാരാജാവു് സ്വപുത്രിയോടു അകാരണമായി ചെയ്യുന്ന അപരാധങ്ങൾക്കു ക്ഷമാപണം ചെയ്യുന്ന ഭാഗവും കാണേണ്ടതാണു്.

"മൂലമെന്നിയെ മുഴത്തപിച്ചിനാൽ
മാലണച്ചുമകളെ! നിനക്കുഞാൻ"

(ഉമാകേരളം)

രാജപുംഗവന്റെ ഈ അന്ത്യവചനങ്ങൾ ഏതൊരു കഠിനഹൃദയത്തെ ഉരുക്കുകയില്ല! ഇപ്രകാരംതന്നെ രാജാവിന്റെ മരണഗോഷ്ഠികളെ വിവരിക്കുന്ന പദ്യങ്ങളിൽ സ്ഫുരിക്കുന്ന തന്മയത്വവും കാണ്ക.

"നീണ്ടുകാല്കൾ മലൻമേനി, മാ–
ലാണ്ടുപാഞ്ഞു തല പിൻവശം തുലോം
രണ്ടുനേത്രവുമുരുണ്ടുകൂടി ഭീ
പൂണ്ടു........................"

(ഉമാകേരളം)

ഇതാ വേറൊന്നു്,

"കരയാൻമിഴിയില്ല, വാർക്കുവാൻ
വരവില്ലശ്രുകണം, പഴിക്കുവാൻ
സ്വരമില്ല, കട്ടപ്പമെന്തിനി–
ശ്ശരണം പാരിലെനിക്കു ദൈവമെ"

ഏതൽകവിതകളിലെ കഥാപാത്രം ഹൃദയം ഭേദി ക്കുമാറുള്ള വേദന അനുഭവിക്കുന്നതായി വായനക്കാർക്കു തോന്നാതിരിക്കയില്ല.

"എന്റെ സ്വപ്നം" എന്ന കൃതിയിൽ പരമേശ്വ രയ്യർ ക്ഷാമപീഡിതയായ മാതാവിന്റെയും കുട്ടിയുടെ യും സ്ഥിതിയെ വിവരിക്കുന്നഭാഗം കാൺക.

"അരുവയറൊരുപെൺകിടാവുപാർത്താ
ലിരുപതിലേറെ വയസ്സിരിക്കയില്ല
തരുണിയവളതിന്നുമുമ്പു് ഹാ! ഹാ!
നിരുപമനിർദ്ധനതയ്ക്കു നൃത്തരംഗം."

അംഗങ്ങൾക്കു സംപൂർണ്ണവികാസവും സൌഷ്ഠ വവും ഉണ്ടാകുന്നതിനു സ്വല്പം മുമ്പെ ക്ഷാമദേവത അ വളെ ആക്രമണം ചെയ്യുന്നതിനെ വർണ്ണിക്കുന്നഭാഗം കാൺക.

"ഉടൽവിളറി വരണ്ടുക്രന്തൽ വെള്ളി–
ച്ചിടവടിവാൻ കവിൾത്തടം ചുളുങ്ങി,
സ്ഫുടമവൾ നവയൌവനത്തിലീശൻ
ചുടലയിൽവച്ചശ്രുഭേതരാ സ്ഥിക്രൂടം."

ക്ഷുൽപീഡാസാക്ഷാൽകാരമായ അവളുടെ ശരീരപ്രകൃതി കണ്ണാടിയിൽ കാട്ടുന്ന വിധം കാണേണ്ടതു തന്നെ. വിളറി വറണ്ട ദേഹം, നരച്ച കററയായ മുടി, ചുക്കിച്ചുളുങ്ങിയ കവിൾ, ഇതെല്ലാംകൂടി കാണുമ്പോൾ ആ യുവതി നവയൗവനത്തിൽതന്നെ ഈശ്വരനാൽ ചുടലയിൽ വച്ചുപ്പെട്ട അസ്ഥിക്കൂടമോയെന്നു തോന്നിപ്പോകുന്നു!

"ചുഴിയുടെനടുവിൽ കാണിവേണ്ടും
വഴിയറിയാതെകുഴഞ്ഞിയമ്മനിൽക്കെ
അഴിനിലപെരുകും കിടാവൊട്ടുക്കം
മിഴികളടച്ചൊരരക്ഷണം കിടന്നു.
കരുണമൊരുരസംതാൻ വസ്തുഭേദേനനാനാ
പരിണതിയെ വഹിച്ചീടുന്നതേ മാറിമാറി.
തിര, നുര, ചുഴിയെന്നീരൂപഭേദങ്ങൾകാണായ്‌—
വരികിലുമിവയെല്ലാം വെള്ളമത്രേ നിനച്ചാൽ."

(ഉത്തരരാമചരിതം)

കരുണാരസത്തിൻെറ നാനാപരിണാമങ്ങളെ കവി എത്രയും യുക്തിയുക്തമായി പ്രതിപാദിച്ചിരിക്കുന്നു.

"ഉത്തരേരാമചരിതേ ഭവഭൂതിർവിശിഷ്യതേ"

എന്ന അഭിയുക്തവചനത്തിൻെറ ഹേതുവും കവിയുടെ കരുണാരസവർണ്ണനാപ്രവീണതയാണല്ലൊ. കുന്തളരാജാവായ സുരഥൻെറ സഹോദരി മാലതി, സഭർത്താവായ അമലൻെറ പുനർദർശനം ലഭ്യമാകാഞ്ഞു ദുഃഖിക്കുന്നഭാഗം കാണുക.

"ഊണിൽകുറഞ്ഞുരുചി, നിദ്രചുരുങ്ങി, പൂന്തേൻ
വാണിക്കുകാൺമൊരുകിനാവുകുട്ടപ്പമായി;
ക്ഷീണിച്ചുമേനി, മിഴിമങ്ങി, മുഖംവിളർത്തു;
കാണിക്കുമില്ല സുഖമങ്ങനെപോയികാലം."

(മാലതി)

പൂവൻകിളിയുടെ ചരമം ഹേതുവാൽ വിധവയായിത്തീർന്ന പെൺകിളിയെ വള്ളത്തോൾതന്നെ വർണ്ണിച്ചിരിക്കുന്ന ഭാഗവും ഇവിടെ അനുസ്മരണീയമാണു്.

"അകാലവൈധവ്യമണഞ്ഞൊരമ്മ
പത്രംമുളയ്ക്കാത്ത കുറെക്കിടാങ്ങൾ"

(വെടിപ്പെ കാണ്ടപക്ഷി)

ശോകവും ദയയും ഉളവാക്കിക്കൊണ്ടു് വായനക്കാരനെ ചിന്താമഗ്നനാക്കുന്നവയും, "കല്ലിൻകരളുമലി"ക്കുന്നവയും ആയ ഈ പദ്യങ്ങൾ എത്ര അമൂല്യവും രസസംപൂർണ്ണവുമായിരിക്കുന്നു. ഈദൃശമായ രസാനുഭൂതിപ്രതീതി മഗ്ദലേന മറിയം പാരായണം ചെയ്യുമ്പോൾ ജനിക്കുന്നുണ്ടോ എന്നു അനുഭവരസികന്മാർ വിധിക്കട്ടെ. പാപമില്ലാത്തവർ യാതൊരുത്തരുമില്ലാതിരിക്കുന്ന സ്ഥിതിക്കു് മഹാപാപിയായ മഗ്ദലേനയുടെ പശ്ചാത്താപവർണ്ണനയിൽ പാപിലോകത്തിനു് അനുഭവരസം തോന്നാനെളുപ്പമുണ്ടു്. മേനോൻ, എന്തുകൊണ്ടോ ആ ഭാഗത്തിനു പ്രാധാന്യം നൽകുന്നില്ലെന്നുപറഞ്ഞാൽ കഴിഞ്ഞല്ലൊ "മഗ്ദലേന മറിയം" അഥവാ, ഉള്ളൂരിൻെറ തൂലികയ്ക്കു് വിഷയമായിഭവിച്ചിരുന്നെങ്കിൽ—ഇനി സാദ്ധ്യമല്ലല്ലോ—ഉമയമ്മറാണിയുടെ സ

ന്താപത്തിൽ സഹതപിച്ചവരും ആദിത്യവർമ്മമഹാരാജാവിൻെറ മനോദുഃഖത്തിൽ ദുഃഖിച്ചവരുമായ സഹൃദയന്മാർ സ്വപാപങ്ങളെ അനുസ്മരിച്ചു അവരുടെ അപരാധങ്ങളെപ്പററി മനസ്താപപ്പെട്ടു സർവ്വേശ്വരനോടു മാപ്പുചോദിക്കുമായിരുന്നു. ഇത്രയും പറഞ്ഞതുകൊണ്ടു് ശോകരസം അനുഭവയോഗ്യമാകുവാനുള്ള പ്രാപ്തി വള്ളത്തോളിനില്ലെന്നു ഞാൻ വാദിക്കുന്നതായി ഒരുത്തരും തെററിദ്ധരിച്ചുപോകരുതു്. എന്തെന്നാൽ,

"പലതുമിഹ ചികിത്സചെയ്തുനോക്കി
ഫലമതിനില്ലിവനേറിടുന്നുരോഗം;
നലമൊടുമെനിക്കു നിൻകടാക്ഷാ–
ഞ്ചലപരമൌഷധമേകിടേണമമ്മേ!"

(ബധിരവിലാപം)

മേനോൻവർകൾക്കു് ബധിരത പിടിപെട്ടപ്പോൾ സ്വകഷ്ടാനുഭവത്തെപ്പററി എഴുതിയ ഈ കവിത ഏതൊരു സഹൃദയനെ സഹതാപസമുദ്രത്തിൽ താഴ്ത്തുകയില്ല. ശ്രവണാക്ഷമതയുടെ ഹേതുതന്നെ ദുർഗ്ഗുണാധിക്യമല്ലയോ? എന്നു് ഒരു സിദ്ധനെപ്പോലെ കവി ഏററു പറയുന്നഭാഗം സാക്ഷാൽ ഹൃദയസ്പൃക്കായിട്ടുണ്ടു്.

"........ജഗൽ ബഹിഷ്കൃതൻദുർ–
ഗ്ഗുണനിധിഞാനിനിയെന്തിനിങ്ങിരുപ്പൂ!"

(ബധിരവിലാപം)

ഈവിധം മഗ്ദലേനയുടെ "മുഴവൻ തേററ"ത്തിൻെറ പ്രകരണം ക്ലേശങ്കഷമായി മേനോൻ വർണ്ണിക്കാ

ഞ്ഞത്തു് കേരളീയരുടെ ദുർദശാപരിപാകം കൊണ്ടാണെന്നത്രേ ഈ നിരൂപകന്റെ അഭിപ്രായം. ഇവിടെ ഒരെതിർവാദവും പുറപ്പെടാവുന്നതാണു്.

"തട്ടാൻ സ്വർണ്ണക്കമ്പി വലിച്ചു് നീട്ടുന്നതുപോലെ കവി മനോവികാരങ്ങളെ അധികമായി വലിച്ചുനീട്ടേണ്ടതില്ല. അധികം വിസ്തരിക്കാതെ ചില പൊടിക്കൈകൾകൊണ്ടു് മനോധർമ്മത്തെ സൂചിപ്പിക്കയേയാവൂ. ഇംഗ്ലീഷ് സാഹിത്യത്തിൽതന്നെ ഏററവും കരുണരസമുള്ള "കിംഗ്ലിയർ" നാടകത്തിൽ കോർഡിലിയയുടെ മരണത്തെ ഷേക്സ്പീയർ വർണ്ണിച്ചിരിക്കുന്ന ഭാഗം നോക്കുക"

ഈ ആക്ഷേപം എന്റെ അഭിപ്രായത്തെ വാസ്തവത്തിൽ ഖണ്ഡിക്കുന്നില്ല. എന്തെന്നാൽ സൃഷ്ടിയായ മഗ്ദലേനാ അപരാധം ചെയ്തതു് സ്രഷ്ടാവിനോടാണു്! തന്നിമിത്തം പാപകർത്രിയുടെ കാർപണ്യവും "കർത്താ"വിന്റെ സർവശക്തിത്വവും തമ്മിലുള്ള താരതമ്യ ചിന്തയും, സ്രഷ്ടാവിനു സൃഷ്ടിയോടുള്ള സ്നേഹാധിക്യവിമർശനവും കൊണ്ടുവേണം പ്രകൃതത്തിൽ വായനക്കാരുടെ മനസ്സിനെ ഇളക്കുവാൻ. അതിനാൽ വെറും പൊടിക്കൈകൊണ്ടുമാത്രം ഇവിടെ ശോകരസമൊ അനുഭവപ്രതീതിയൊ ഉണ്ടാകയില്ലെന്നു സിദ്ധിക്കുന്നു. മഗ്ദലേനയുടെ അലഘുവായ വ്യസനത്തിനു് ഒരു ശമനൌഷധം അവൾ കണ്ടെത്തി. അവളിതാ അദ്ദേഹത്തിന്റെ കാലിണയിൽ ചുംബനവർഷം ചെയ്യുന്നു.

"തങ്കത്തൃക്കാൽകളെത്താഴ്മയോടെ

...............................................

തോർത്തിത്തുടച്ചവ രണ്ടിന്മേലും

ചെമ്പവിഴങ്ങൾ പതിക്കയായ് തന്വാംഗി
തൻപരിപേലവ വായ്മലരാൽ
ഇന്നുന്നതാംഗിനിൻവക്ത്രം പവിത്രമായ്!
ഇന്നുനിൻ ചുംബനം സ്ഥാനത്തായി"

ഈ വാക്യത്തിൽ സ്ഫുരിക്കുന്ന അർത്ഥഗാംഭീര്യവും രസവൈശിഷ്ട്യവും അന്യാദൃശമാണ്. ഭാസുരമായ വാസനയും വികസ്വരമായ ഭാവനാശക്തിയും ഈ പദ്യങ്ങളിൽക്കൂടി പ്രത്യക്ഷമാകുന്നുണ്ട്. അവൾ അനേകം ചുംബനങ്ങൾ പലർക്കുമായി പകുത്തുകൊടുത്തിട്ടുണ്ട്. അവയെല്ലാം പാപപങ്കിലങ്ങളായിരുന്നതിനാൽ തജ്ജന്യമായ അവളുടെ ആനന്ദം പരിപാവനമായിരുന്നില്ല. സ്ഥാനപ്രയുക്തമായ അവളുടെ ഈ ചുംബനം സർവഥാ ചാരിതാർത്ഥ്യജനകമായിരുന്നു എന്നു കവി സങ്കല്പിക്കുകയും അവളുടെ പൂർവജീവിതത്തിലെ പാപങ്ങളെ കവി സമർത്ഥിക്കുകയും അനുസ്മരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഈ "തങ്കത്തൃക്കാൽ" ഉള്ളൂരിൻെറ "തങ്കത്തകിട്ടി"നെ ഓർമ്മയിൽ കൊണ്ടുവരുന്നു.

"നിൻകവിൾ തങ്കത്തകിട്ടിങ്കൽപ്പിഞ്ചുമ്മ
യെൻ കണ്ണുനീരിലുണ്ണി! ഞാനെത്രവച്ചു!"

(ഓമനേ നീയുറങ്ങു)

അതിനിടയ്ക്കു് അദ്ദേഹത്തിൻെറ പാദപത്മം അവളുടെ നേത്രങ്ങൾക്കു വിഷയമായി. അപ്പോഴാണ് തൃക്കാലുകൾ മുഴുവനും നനഞ്ഞിരിക്കുന്നതായി അവൾക്കു ബോദ്ധ്യപ്പെട്ടതു്. അതു തുടച്ചു കളയുവാൻ തൽക്കാലം

ഒരൊററ കൈലേസെങ്കിലും അവളുടെ പക്കലില്ലല്ലോ യെന്നു് അവൾ വ്യസനിക്കുന്നു. തൻെറ സുകുമാരകളേബരത്തേ ആച്ഛാദനം ചെയ്യുന്ന ദുക്കൂലാംശംകൊണ്ടു "തോർത്തി"യാലോ! പക്ഷെ അതു പാപാങ്കിതമല്ലയോ? എന്നു് അവൾ ഇതികർത്തവ്യതാമൂഢയായി സ്വല്പം കുഴങ്ങിയെങ്കിലും പെട്ടെന്നു് അവളുടെ തലമുടിയുടെകാര്യം അവൾക്കു ഓർമ്മവന്നു. അതു് കോമളവും ശോഭനവുമാണെന്നു് പലരും പലവുരു പറഞ്ഞിട്ടുള്ളതാണല്ലോ. ആ കളഭാക്ഷിണി കോമളനിബിഡമായിരുന്ന അവളുടെ വേണീസമൂഹത്തെ ബന്ധിച്ചിരുന്ന സൂചികളും തടകളും ഓരോന്നായി വലിച്ചെടുത്തു. ആ മുഖകമലത്തെ പരിധാനം ചെയ്തുകൊണ്ടു് ജാനുക്കളെ സ്പർശിക്കുമാറു് അവൾ ആ ചികുരഭാരം അഴിച്ചിട്ടു് യേശുനാഥൻെറ തൃപ്പാദങ്ങളെ തുടച്ചു. പ്രേമപ്രമത്തയായ അവൾ "കാര്യാകാര്യ വിചാരമാർഗ്ഗവിമുഖോ ലോകേഷുകാമീജനഃ" എന്ന പ്രമാണാനുരൂപമായി എന്തെല്ലാമോ കൂട്ടിക്കുട്ടി. പ്രേമോന്മത്തകളുണ്ടോ കാര്യാകാര്യചിന്ത ചെയ്യുന്നു? ഒരു ശിശുവിനെ എന്നപോലെ യേശുവിൻെറ തൃപ്പാദങ്ങളെ അവൾ വീണ്ടും വീണ്ടും വീക്ഷിച്ചു. തൽക്ഷണം ആകസ്മികമായ ഒരു മന്ദഹാസപ്രഭ അവളുടെ മുഖകമലത്തിൽ കളിയാടി. ഈ ചാപലം അഥവാ സാഹസിക്യം സ്വാഗമനോദ്ദേശത്തെ അനുസ്മരിപ്പിച്ചു. അവൾ കൊണ്ടുപോന്നിരുന്ന പരിമളതൈലം ഭരണിയിൽ തന്നെ വച്ചിരിക്കയായിരുന്നു. ഭരണി തുറന്നതും അവിടമെല്ലാം സുഗന്ധംകൊണ്ടു നിറഞ്ഞതും ഒന്നായിക്കഴിഞ്ഞു. പരിമളതൈലം മുഴുവനും അവൾ അദ്ദേഹത്തിൻെറ പാദങ്ങളിൽ ഒഴിച്ചു് സ്നേഹപൂർവം തലോടി. പിന്നീടു് തലമുടികൊണ്ടു് അവയെ തുടച്ചു. മുമ്പേ ബാഷ്പംകൊണ്ടു സേചനം ചെയ്ത തൃപ്പാദത്തെ തന്നെ

വീണ്ടും മറിയം പരിമളതൈലംകൊണ്ടു് അഭിഷേകം ചെയ്തു. തൽഫലമായി അനനുഭൂതപൂർവമായ സന്തോഷവും സംതൃപ്തിയും പെട്ടെന്നു് അവർക്കുണ്ടായി. ആരും ഒന്നും സംസാരിച്ചില്ല. സല്ക്കാരകന്റെ പരാജയത്തെ പരിഹരിക്കുവാനായിട്ടു് അതിവിശേഷമായ വീഞ്ഞു കൊണ്ടുവന്നു് അയാൾ മേശമേൽ വച്ചു. ഓരോരുത്തർക്കും പകർന്നുകൊടുത്തു. എന്നിട്ടും വലിയ വിശേഷമൊന്നുമുണ്ടായില്ല. ഇനിയും മൗനമുദ്രയെ ഒരുത്തരും ഭഞ്ജിക്കുന്നില്ല. അവർ ഭൂതഭീതരെപ്പോലെയും ഇരുട്ടത്തു് ഇരിക്കുന്നവരെപ്പോലെയും വർത്തിക്കുന്നു. ആ സ്ത്രീ യഥേഷ്ടം എന്തും ചെയ്തുകൊള്ളട്ടേയെന്നു യേശുവും നിശ്ചയിച്ചു.

പാദചുംബനത്തിനും മററും ഈ അഭിസാരികയ്ക്കു് അനുമതി നല്കിയ യേശുവിന്റെ പ്രവൃത്തികൾ ശൈമന്റെ ദൃഷ്ടിയിൽ അവ്യാഖ്യേയങ്ങളായിരുന്നു. ഊട്ടുപുരയിൽ പ്രവേശിച്ച സമയം മുതൽ തന്നെ യേശു എല്ലാവരുടേയും പ്രത്യേകശ്രദ്ധയ്ക്കു വിഷയീഭവിച്ചിരുന്നു. എങ്കിലും പ്രതീക്ഷാനുസരണം വിശേഷവിധിയായി യാതൊന്നും കാണാത്തതിനാൽ എല്ലാവർക്കും സാമാന്യം അതൃപ്തിതോന്നി, അവർ അസംതൃപ്തമാനസന്മാരായി കാണപ്പെട്ടു. അദ്ദേഹം ഇദംപ്രഥമമായിട്ടാണു് പട്ടണത്തിൽ പ്രവേശിച്ചതു്. ശരിതന്നെ. എങ്കിലും പ്രവാചകനെന്നും മററും നടിക്കുന്ന വിദ്വാൻ കുലടയായ മറിയത്തെ അറിയാതിരിക്കുന്നില്ല. അവൾ, ആ മഗ്ദലേന–കുപ്രസിദ്ധയായ ജാരിണിയാണെന്നു് ആരാണു് അറിയാത്തതു്? പക്ഷേ അവളെപ്പററി ഇദ്ദേഹം ഇതിനു മുമ്പൊരിക്കലുംയാതൊന്നും കേട്ടിട്ടില്ലെന്നു തന്നെ വയ്ക്കുക. എന്നാൽ തന്നെയും വേശ്യാജനസാധാരണമായ വസ്ത്രാലങ്കാരചമ

ല്ലാരാദികൾ ഇവളുടെ രഹസ്യം സ്വയം വിളിച്ചു പറയു ന്നുണ്ടല്ലോ. ആത്മാഭിമാനമുള്ള എല്ലാവരും ഈ സ്വരൂപത്തെ ദർശിക്കുമോ? എന്നാൽ യേശുവോ? അവൾ സ്പർശിച്ചുകൊള്ളട്ടെ, പോരാ; ചുംബിച്ചുകൊള്ളട്ടെ; എന്നുവച്ചതു വലിയ ആശ്ചര്യം തന്നെ. പ്രീശൻെറ ചിന്താസന്താന പരമ്പരയുടെ ഗതി വൈശിഷ്ട്യമായ അയാളുടെ മുഖത്തു പ്രതിബിംബിക്കുന്നു. "ഇവൻ പ്രവാചകനായിരുന്നെങ്കിൽ തന്നെ സ്പർശിക്കുന്ന സ്ത്രീ ആരെന്നും ഇവൾ എങ്ങനെയുള്ളവളെന്നും അറിയുമായിരുന്നു."

സൈമൻെറ അനുമാനം ശരിതന്നെ. ദീർഘദർശകന്മാർ ത്രികാലജ്ഞന്മാരല്ലേ? അത്രയുമല്ല, ധനവാനായ യഹൂദൻെറ ഗൃഹത്തിൽ സുഗന്ധതൈലവുമായി കയറിച്ചെന്ന മറിയം മുമ്പെതന്നെ മാനസാന്തരപ്പെട്ടുകഴിഞ്ഞിരുന്നു. അവൾ യേശുവിനെ കാണുകയും സ്വനാഥനായി അദ്ദേഹത്തെ മനസാവരിയ്ക്കുകയും ചെയ്തിരുന്നു. തന്നിമിത്തം അവൾ മനുഷ്യൻെറ കാമപൂർത്തീകരണവിഷയമായ മാംസപിണ്ഡം—വേശ്യ ആയിരുന്നില്ല. അവൾ യേശുവിൻെറ സ്വരത്തെ ശ്രവിക്കയും ആ ദിവ്യഗീരുകൾ അവളുടെ ഹൃദയ യവനികയെ രണ്ടായി പിളർക്കുകയും ചെയ്തിരുന്നു. വിഷയലോലുപന്മാരുടെ പൊതുസ്വത്തായിരുന്ന മറിയം ഭോഗതൃഷ്ണയേക്കാൾ സുന്ദരമായ പ്രേമമുണ്ടെന്നും നാണയത്തേക്കാൾ ശ്രേഷ്ഠമായ സമ്പത്തുണ്ടെന്നും ഇപ്പോൾ ഗ്രഹിച്ചുകഴിഞ്ഞു. അവളുടെ ശരീരം മുമ്പിലത്തേപ്പോലെ മലീമസമായിരുന്നില്ല. അവളുടെ അധരങ്ങൾ ഇപ്പോൾ അദഭ്രശുഭ്രങ്ങളാണ്. അവളുടെ കരങ്ങൾ ഇപ്പോൾ നിഷ്കന്മഷങ്ങളത്രെ. അതുതന്നെയാണ് അവളുടെ ചുംബനങ്ങളും അഭിഷേചനങ്ങളും പാവനസ്വരൂപനായ യേശു

നാഥൻകൈക്കൊണ്ടതിൻെറ കാരണവും. പക്ഷെ പ്രാകൃതന്മാരായ പ്രീശന്മാരുണ്ടോ ഇക്കഥ അറിയുന്നു? അവരിൽ അധികംപേരും യേശുനാഥനെ അധിക്ഷേപിച്ചുവന്നു. അവർ അസത്യവാന്മാരും വഞ്ചനപ്രിയന്മാരുമായിരുന്നു. തന്നിമിത്തം വഞ്ചകവൈരിയും സത്യവാനുമായ യേശു അവരുടെ കോപത്തിനും അസൂയയ്ക്കും പാത്രമായതിൽ എന്താണത്ഭുതം? എങ്കിലും സൈമൺ അവരുടെ ഗണത്തിൽപെട്ടവനല്ലായിരുന്നു. അതിനാൽ അയാളുടെ അജ്ഞത ക്ഷന്തവ്യവും പരിഗണനീയവുമാണു്. മറിയം ഇപ്പോഴും യേശുവിൻെറ പാദങ്ങളെ തലോടിക്കൊണ്ടിരിക്കയാണു്. സ്വരത്തിലാവട്ടെ നോട്ടത്തിലാവട്ടെ അശേഷം പാരുഷ്യം പ്രദർശിപ്പിക്കാതെ യേശു, സൈമൻെറ നേരെ തിരിഞ്ഞു് അരുളിച്ചെയ്തു.

"സൈമൺ! നിന്നോടു ഒന്നു പറവാനുണ്ടു്."

എന്തായിരിക്കാം ഇദ്ദേഹം എന്നോടു പറവാനുദ്ദേശിക്കുന്നതു്? എൻെറ ഹൃദയഗത്തിൽ അങ്കുരിച്ച ദുശ്ശങ്കകൾ ഒരു പക്ഷെ ഇദ്ദേഹം ഗ്രഹിച്ചിരിക്കുമോ? അതില്ല, എന്തെന്നാൽ ഇവളെ അറിയുന്നതിനു കഴിയാത്ത സ്ഥിതിക്കു പരോംഗിതജ്ഞാനം ഇയാൾക്കുണ്ടായിരിക്കാൻ മാർഗ്ഗം കാണുന്നില്ല. രണ്ടായാലും വരുന്നതുവരട്ടെ എന്നുള്ള ആത്മഗതത്തോടെ ധൈര്യമവലംബിച്ചുകൊണ്ടു സൈമൺ മറുപടിപറഞ്ഞു.

"ഗുരോ! കല്പിച്ചാലും!"

കുറേനേരമായിട്ടു ആരും ഒന്നും സംസാരിക്കുന്നില്ല. എല്ലാവരും ശാന്തതയിൽ ലയിച്ചിരിക്കയാണു്. സർവ

ത്രമൌനം. വൃക്ഷലതാദികളുടെ ചലനങ്ങളോ പറവകളുടെ കളകൂജിതങ്ങളോ ഒന്നും തന്നെ ആ നിശബ്ദതയെ ഭഞ്ജിച്ചില്ല. മറിയത്തിൻെറ ഗൽഗദസ്വരവും നിലച്ചു. യേശു അവളെ ആട്ടിഓടിക്കാഞ്ഞതിനാൽ അവഠം അനുഗ്രഹീതയായി. അനന്തരസംഭവം എന്തായിരിക്കുമെന്നറിയാതെ എല്ലാവരും കുഴങ്ങുന്നു. അപ്പോളിതാ ശ്രീയേശുനാഥൻ അരുളിച്ചെയ്യുന്നു, കേട്ടാലും;

"കടം കൊടുക്കുന്ന ഒരുവനെ രണ്ടു കടക്കാരുണ്ടായിരുന്നു. ഒരുവൻ അഞ്ഞൂറു നാണയവും മററവൻ അമ്പതു നാണയവും കൊടുപ്പാനുണ്ടായിരുന്നു. കടം വീട്ടുവാനുള്ള വക അവക്കില്ലായിരുന്നതിനാൽ ഇരുവരുടേയും കടം അയാഠം ഇളവു ചെയ്തു. ഈ രണ്ടുപേരിൽ ആരാണ് അദ്ദേഹത്തെ അധികം സ്നേഹിക്കുന്നതു്?"

"നന്നായി, കടക്കാരൻെറ കഥയോ?" ശ്രോതാക്കളിൽ പലരും വിചാരിച്ചു. "ഇതൊരു ജാലവിദ്യതന്നെ, നിശ്ചയം. വ്യഭിചാരിണിയും ദീർഘദർശിയുമായുണ്ടായ വിസ്മയനീയമായ ബന്ധത്തെപ്പററിയുള്ള ചിന്ത, സന്നിഹിതന്മാരിൽനിന്നും അകററുവാനുള്ള ഒരു ഒന്നാംതരംസൂത്രമാണിതു്. യൂദന്മാർ ഒന്നിച്ചുകൂടുന്ന അവസരങ്ങളിൽ നിയമസംബന്ധമായ വാദപ്രതിവാദങ്ങഠം നടത്തുക പതിവാണെന്നുള്ളതു വാസ്തവം തന്നെ. എങ്കിലും യേശുവിൻെറ ഉദ്ദേശം അതായിരിക്കയില്ല.

സൈമൺ ഒരുപണക്കാരനായിരുന്നു. പലക്കും കൈവായ്പ കൊടുത്തിട്ടുമുണ്ടു്. അദ്ദേഹം സദാചാരനായ

ഒരാളാണെന്നു പരക്കെ അറിയപ്പെട്ടുമിരുന്നു. കടം വീട്ടുവാൻ നിവൃത്തിയില്ലാത്തവരുടെ ഋണസംഖ്യ അയാൾ ഇളവു ചെയ്ക പതിവാണു്. എങ്കിലും സ്നേഹമെന്ന പദത്തെപ്പററിയോ അതിൻെറ അത്ഥത്തെപ്പററിയോ അയാൾ ഏറെയൊന്നും ചിന്തിച്ചിട്ടില്ല. പണവും സ്നേഹവും രണ്ടും രണ്ടാണല്ലോ. ആ സ്ഥിതിക്കു പണം കൊടുക്കാതെ സ്നേഹംകൊണ്ടു കടം വീട്ടുന്നതെങ്ങനെ? എങ്കിലും ചോദ്യത്തിനു മറുപടിപറയുക തന്നെ. "സ്നേഹം സ്വർണ്ണവും വെള്ളിയുംപോലെയാണെങ്കിൽ വലിയ സംഖ്യ ഇളച്ചുകിട്ടിയവർ കൂടുതൽ നന്ദി പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. നന്ദിയുടെ കൂടുതൽ കുറവുപോലെ സ്നേഹവും കൂടിയും കുറഞ്ഞുമിരിക്കും" എന്നു് അയാൾ മറുപടി പറഞ്ഞു.

"അധികം ആർക്കു് ഇളച്ചു കിട്ടിയോ ആ ആൾ അധികം സ്നേഹിക്കുന്നു എന്നു ഞാനൂഹിക്കുന്നു."

നാഥനും വിധികർത്താവും മററാരുമല്ല എന്നു തോന്നിക്കുന്ന സ്വരത്തിലും ഭാവത്തിലും യേശു കല്പിച്ചു.

"നീ ശരിയായി മറുപടി പറഞ്ഞു"

തദനന്തരം യേശു മൌനം പൂണ്ടു. മഗ്ദലേനയോ? അവളെന്താണു ചെയ്യുന്നതു്?

"തന്നുയിർ നാഥങ്കൽച്ചേർക്കുവാനായിട്ടോ
തന്വിയാൾ നീണ്ടൊരുവീർപ്പുവിട്ടു"

അവരം നിലവിളിച്ചിരിക്കണം. ദയനീയമാംവണ്ണം നിലവിളിച്ചിരിക്കണം; അതിനു തക്കമില്ല.

"ഉരുകുന്നൊരു മാനസ്സത്തൊടും
പെരുകീടുന്നൊരു കണ്ണുനീരൊടും"

(ഉമാകേരളം)

അവരം പ്രാത്ഥിച്ചിട്ടുണ്ട്. ആ സ്ഥിതിക്കു സാക്ഷാൽ ഉയിർനാഥൻെറ മുമ്പാകെ സ്വജീവനെക്കൂടെ സമർപ്പിക്കുന്നതിനു നായിക ആഗ്രഹിച്ചു എന്നുള്ള കവിയുടെ ഉൽപ്രേക്ഷ എത്രയും സന്ദർഭോചിതമായിട്ടുണ്ട്.

# V

“നാഥ, തവാജ്ഞകൾകേട്ടുനടക്കാതെ
നാനാപരാധങ്ങൾ ചെയ്തുപോയ് ഞാൻ
ശാസിതാവായോന്നെ, സർവംക്ഷമിച്ചുനിൻ–
ദാസിയെ തൃക്കാൽക്കൽ നിർത്തേണമെ!”

ഈ പ്രാർത്ഥനയും മൂലത്തിലില്ലാത്തതാണെങ്കിലും ഔചിത്യഗുണസമ്പൂർണ്ണമാണ്. ദയനീയാവസ്ഥയിലിരിക്കുന്ന നായിക യേശുവിന്റെ ഹൃദയാന്തർഭാഗത്തു മുട്ടുന്നവിധം കവി ഇങ്ങനെ വർണ്ണിക്കുന്നു.

“മുട്ടുവിൻ വാതിൽ തുറക്കു”മെന്നങ്ങന്നു
പട്ടാംഗമായ്ച്ചൊന്നതോർത്തുകൊണ്ടേ
താവകനുഗ്രഹദ്വാരത്തിൽ മുട്ടുമി–
പ്പാവത്തിനേകുകിങ്ങുൾപ്രവേശം.”

“അല്ലൽപ്പെരുങ്കടൽക്കല്ലോലമാലയി
തെല്ലല്ലലഞ്ഞു കുഴങ്ങുന്നു ഞാൻ
ഏഴയാമെന്നെകരേറ്റുവാൻമറ്റാരു–
ണ്ടാഴിക്കുമീതെ നടന്നവനെ!”

ഈപദങ്ങളിലെ ശബ്ദാർത്ഥചമൽക്കാരവും ആശയവിശേഷവും ആരാലാണ് ആദരണീയമല്ലാത്തതു്? സ്ത്രീസഹജമായ നിരാലംബസ്വഭാവം എത്ര ഹൃദ്യമായി വ്യഞ്ജിക്കുന്നുവെന്നു കാൺക.

"ലീലായായാകണ്ടു ചിരിപ്പാനായ് വഞ്ചകൻ
മേലെ വിരിച്ചിട്ടപുൽപ്പരപ്പിൽ
മേയാനായ് ചെന്നൊരു പെൺമാൻ നിരാലംബ-
യായിതാ, വീണുപോയ് മൃത്യുകുഴിയിൽ"

ശ്രീ ക്രിസ്തുനാഥൻ ടിബേറിയസ് കടലിന്റെ മീതെ നടന്നുചെന്നു സ്വശിഷ്യന്മാരെ ആശ്വസിപ്പിച്ച സംഭവത്തെ "ആഴികമീതെ നടന്നവനെന്ന" ഉപാധിയാൽ ഭംഗിയായി വർണ്ണിച്ചിരിക്കുന്നു. ആരെയാണ് കുഴിയിൽ ചാടിക്കേണ്ടതെന്നുവെച്ചു അലഞ്ഞുനടക്കുന്ന പിശാചിന്റെ പ്രലോഭനങ്ങളെ "മേലെ വിരിച്ചിട്ട പുല്പരപ്പായി" സങ്കല്പിച്ചുകൊണ്ടുള്ള വർണ്ണനയും എത്ര ഹൃദയസ്പൃക്കായിരിക്കുന്നു.

"സാത്വികഭക്തിയാം തേൻപേറുമീവക
പ്രാർത്ഥനവാക്കുകളായ പൂക്കൾ
മന്ദകുന്ദാഭയാം വെൺപട്ടുനൂലിന്മേൽ
ചന്തത്തിൽ കോർത്തൊരു മാലയാക്കി
വിണ്ണിൻപെരുമാൾ തൻമുന്നിൽ സമർപ്പിച്ചു
വന്ദനനമസ്കാരം ചെയ്തുവീണ്ടും
ആ മണിതൃക്കഴൽ ചുംബിച്ചിതോമലാൾ
താമരത്താരൊരു ഹംസിപോലെ."

ക്രിസ്തുനാഥന്റെ തൃച്ചേവടികളെ പ്രണമിച്ച നായികയുടെ മനോഭാവങ്ങളെ കവി ഇവിടെ അന്യാദൃശമായ ചാതുര്യത്തോടുകൂടിയാണു വർണ്ണിച്ചിട്ടുള്ളത്. കഥാപാത്രങ്ങളുടെ മനോഭാവങ്ങളെക്കൂടിയും പദപ്രയോഗങ്ങളാൽ സാക്ഷാത്കരിക്കുക ക്ഷിപ്രസാദ്ധ്യമായ ഒരു

കാര്യമല്ല. വർണ്ണനയുടെ സാഫല്യമാണല്ലോ തന്മയത്വം. കവി കാണുന്നതുപോലെതന്നെ വായനക്കാരനേയും കാണിച്ചുകൊടുക്കുമ്പോൾ ഉഭയകക്ഷികളുടേയും മനസ്സിൽ ഒന്നുപോലെ അനുഭവരസം ജനിപ്പിക്കുമ്പോൾ ആ വർണ്ണനയ്ക്കു തന്മയത്വമുണ്ടാവുന്നു. യഥാർത്ഥകവികൾക്കു മാത്രം സാധിക്കുന്ന ഒരു നല്ല അപാദാനമാണ് ഇതു്. ശ്രീയേശുനാഥൻ പണ്ടു് വെള്ളത്തിൽവച്ചു പത്രോസിനെ സംരക്ഷിച്ചു. ഇപ്പോൾ അല്ലലാകുന്ന കല്ലോലത്തിൽ കിടന്നുഴലുന്ന മറിയവും ആ സഹായം തന്നെ അഭ്യർത്ഥിക്കുന്നു. ഒന്നുപറയുമ്പോൾ ഒന്നുകൂടെ തോന്നുമ്പോൾ, രൂപകസാമഗ്രികളിലൊന്നായ വ്യംഗ്യം സ്വയം സമുത്ഭവിക്കുന്നു.

മഗ്ദലേനയുടെ പ്രാർത്ഥന ഇവിടെ അവസാനിച്ചിരിക്കയാണു്. അവളുടെ പ്രാർത്ഥനാവാക്കുകളെ കുസുമങ്ങളായിട്ടു ഉപമിച്ചുകൊണ്ടുള്ള രൂപകാലങ്കാരപ്രയോഗം ക്രിസ്തീയപാരമ്പര്യത്തിനു അനുയോജ്യമായിട്ടുണ്ടു്. ഒരു മേരീഭക്തൻ "നന്മനിറഞ്ഞ മറിയമെ" എന്നുള്ള വിശിഷ്ടജപം ഭക്തിയോടുകൂടി പ്രാർത്ഥിച്ച സമയം ഓരോ പ്രാവശ്യവും ഓരോ കുസുമം പ്രത്യക്ഷമായ കഥ പലരും കേട്ടിരിക്കുമല്ലോ.

യേശുനാഥൻ സ്വയം സ്വീകരിച്ച മൌനവ്രതം അതാ ഭഞ്ജിക്കുവാൻ പോകുന്നു. എന്തായിരിക്കാം അദ്ദേഹം അരുൾചെയ്യാനുദ്ദേശിക്കുന്നതു്? സ്വാഗമനവേളയിൽ, സല്ക്കാരകൻ പ്രദർശിപ്പിച്ച അനാചാരത്തിന്റെ വൈപുല്യവും, പാപിയായ മഗ്ദലേനാ അഭിഷേകംമൂലം പ്രത്യക്ഷപ്പെടുത്തിയ പ്രേമാധിക്യവും തമ്മി

ല്ലുള്ള അന്തരം സദസ്യർക്കു കാണിച്ചുകൊടുക്കേണ്ടതല്ല യോ? യേശു സ്ത്രീയുടെ നേരെ തിരിഞ്ഞു ശൈമനോടു അരുളിച്ചെയ്തു.

"ഈ സ്ത്രീയെ നീ കാണുന്നുവോ? ഞാൻ നിൻെറ വീട്ടിൽ വന്നു. (അവളുടെ വീട്ടിൽ ഞാൻ പോയില്ല.) നീ എൻെറ കാലിൽ വെള്ളം ഒഴിച്ചില്ല (തന്മൂലം ഹീനന്മാരായ അതിഥികളുടെ കൂട്ടത്തിൽ എന്നെ നീ ഗണിച്ചു.) ഇവളോ കണ്ണുനീർകൊണ്ടു് എൻെറ കാലു നനച്ചു. (ഇങ്ങനെ ഇവൾ മററാരുത്തർക്കും ചെയ്തിട്ടില്ല.) ഇവളുടെ തലമുടികൊണ്ടു് എൻെറ പാദങ്ങളെ ഇവൾ തുടച്ചു. (സ്നേഹം ഒന്നുകൊണ്ടു മാത്രമേ മനുഷ്യർ ഈവിധം ചെയ്കയുള്ളു.) നീ എനിക്കു ചുംബനം തന്നില്ല. (അപൂർവം ചിലർക്കേ ഈ സല്ക്കാരം നിഷേധിക്കപ്പെട്ടിരുന്നുള്ളു.) ഇവളോ? ഞാൻ അകത്തു വന്നതുമുതൽക്കു ഇടവിടാതെ എൻെറ കാലിൽ ചുംബിച്ചു. (ഇതു വെറും സൽക്കാരത്തിൽ കവിഞ്ഞ പ്രവൎത്തി അല്ലയോ?)

നീ എൻെറ തലയിൽ തൈലം പൂശിയില്ല. (അങ്ങനെ ചെയ്തിരുന്നെങ്കിൽ അതൊരു പ്രത്യേക ബഹുമാനമാകുമായിരുന്നു.)

ഇവളാകട്ടെ, പരിമളതൈലംകൊണ്ടു് എൻെറ കാലു പൂശി (എന്തിനേറെ) ഇവൾ പ്രദർശിപ്പിക്കാത്ത ബഹുമാനം ഇനി വല്ലതുമുണ്ടോ? അതിനാൽ നിന്നോടു ഞാൻ പറയുന്നു.

യേശുനാഥൻെറ മുഖഭാവം മാറിത്തുടങ്ങുന്നതു കാൺക. ഒരു സാധാരണ വിരുന്നുകാരൻ സ്വസൽക്കാര

കനോടു സംസാരിക്കുന്ന സ്വരത്തിലും രീതിയിലും അല്ല സാക്ഷാൽ ജഗദ്ഗുരുവിന്റെ അലംഘനീയമായ ആജ്ഞയാണു് ആ തിരുവായിൽനിന്നും പുറപ്പെടുന്നതെന്നു കേൾവിക്കാർക്കു തോന്നത്തക്കവിധത്തിൽ അദ്ദേഹം തുടൎന്നു അരുളിച്ചെയ്തു.

"അനേകം പാപങ്ങളിൽനിന്നും അവൾ മോചിതയായിത്തീൎന്നിരിക്കുന്നു. എന്തെന്നാൽ അവൾ വളരെ സ്നേഹിച്ചു. അല്പം മോചനം ലഭിച്ചവൻ അല്പം സ്നേഹിക്കുന്നു."

തദനന്തരം യേശുദേവൻ മറിയം മഗ്ദലനായുടെ നേരേ തിരിഞ്ഞു ദയാപൂൎവം അവളെ കടാക്ഷിച്ചു. അദ്ദേഹത്തിന്റെ തിരുമുഖത്തു് അനുകമ്പയും അധികാരവും സമഭാവത്തിൽ കളിയാടി. കഫ്റണാമിൽവച്ചു ശക്തിയോടുകൂടി അശുദ്ധാത്മാക്കളോടു ആജ്ഞാപിച്ച സമ്പ്രദായത്തിൽ (ലൂക്കു് IV. 36) അരുളിച്ചെയ്തു.

"നിന്റെ പാപങ്ങൾ പൊറുക്കപ്പെട്ടിരിക്കുന്നു." കൂട്ടവിരുന്നുകാരാരും ഒന്നും സംസാരിക്കുന്നില്ല. സൈമനും മൗനവ്രതം പൂണ്ടിരിക്കയാണു്. യേശു ഉദ്ധരിച്ച ഉപമയുടെ ആന്തരാൎത്ഥവും ഉദ്ദേശ്യവും എല്ലാവൎക്കും ഇപ്പോഴേക്കു നല്ലപോലെ മനസ്സിലായി. യേശുവിനെ ബഹുമാനിക്കുവാനായിരുന്നു സൈമൺ ഈ വിരുന്നു കഴിച്ചതും ഇഷ്ടമിത്രങ്ങളെ ക്ഷണിച്ചുവരുത്തിയതും; പക്ഷെ എന്താണു ചെയ്തതു്? രഹസ്യമായിട്ടായിരുന്നെങ്കിൽ അതിഥിപൂജ വേണ്ടവിധത്തിൽ അയാൾ ചെയ്യുമായിരുന്നു. പക്ഷെ ബഹുജനസമക്ഷം പരസ്യമായിട്ടു് ഒരു ആശാരിയുടെ മകനെ പ്രീശന്മാരിൽ പ്രീശനായ

സൈമൺ ആദരിക്കുകയോ? ഛേയ് ഒരിക്കലുമില്ല. അല്ലാ, അപ്രകാരം ചെയ്യണമെന്ന് ഒരു വിചാരം ഉള്ളിൽ തോന്നിയാൽ തന്നെയും തദനുസരണം പ്രവൃത്തിക്കുവാൻമാത്രം മനക്കരുത്ത് അയാൾക്കില്ലായിരുന്നു. നൃപോചിതമായ ശാലയുടെ ഉടമസ്ഥനും പണ്ഡിതനുമായ യഹൂദപ്രഭു ഒരു മാന്യനെ ക്ഷണിച്ചുവരുത്തിയ ശേഷം അയാളോട് ഈവിധം അനുവർത്തിച്ചു. ചെററക്കുടിലിൽ ജാതയും ദാരിദ്ര്യപീഡയാൽ ആകുലിതയും ആയിരുന്ന ഒരു തേവിടിശി ഇതാ ആചാരോപചാരത്തിൽ ആ യഹൂദപ്രഭുവിനെ തോല്പിച്ചിരിക്കുന്നു.

സൈമൺ മനസ്സാക്ഷിയെ വഞ്ചിച്ചു. മറിയമോ? മനസ്സാക്ഷിക്കനുസരണമായി പ്രവർത്തിച്ചു. അയാളുടെ ധൈര്യമോ അവളുടെ ധൈര്യമോ ഏതായിരുന്നു വലുതെന്നു പറവാൻ പ്രയാസം. ലോകരുടെ മുമ്പാകെ ലൗകികനായും ദൈവസന്നിധിയിൽ ഭക്തനായും കാണപ്പെടുന്നതിനു സൈമൺ ആഗ്രഹിച്ചു. അവൾ ദൈവത്തിൻെറയും ലോകത്തിൻെറയും സമക്ഷം ഭക്തയായി കാണപ്പെട്ടു.

"രണ്ടീശന്മാർക്കു വേല സാദ്ധ്യമല്ല"

എന്ന പാനക്കാരൻെറ വാക്കുപോലെ പ്രീശൻെറ കാര്യത്തിൽ സംഭവിക്കുകയും ചെയ്തു. ധൈര്യത്തിലും സ്നേഹത്തിലും പാപിയായ സ്ത്രീ സൈമനെ പരാജിതനാക്കിയതു് വാസ്തവംതന്നെ. എങ്കിലും സൈമൺ സദുദ്ദേശത്തോടെ ആയിരുന്നു യേശുവിനെ ക്ഷണിച്ചുവരുത്തിയതു്.

നാഥാ! പറഞ്ഞാലും!

എന്നവാക്യം ഇതിനൊരുത്തമസാക്ഷ്യമാണല്ലൊ. യേശു നിശ്ചയമായും ഒരു പ്രവാചകനാണു്; പോരാ പ്രവാചകനെക്കാൾ വലിയവനാണു്; അല്ലെങ്കിൽ പാപമോചനം ചെയ്കയില്ലല്ലോ. മറിയം പാപിയാണെന്നു് അദ്ദേഹം അറിഞ്ഞിരുന്നു. ആ സ്ഥിതിക്കു് സൈമൻെറ പ്രവൃത്തി അനാദരമായി തീർന്നില്ലയോ എന്നു അയാൾ ബലമായി സംശയിച്ചുതുടങ്ങി അയാളുടെ പാപഭാരം അയാളെ വ്യസനിപ്പിക്കട്ടെ! അതു് അയാൾക്കു നല്ലതാണു്.

മററുള്ള വിരുന്നുകാരുടെ മനോഗതി എന്താണു്? ചിലർ പിറുപിറുക്കുന്നുണ്ടു്. ഒരുവൻ പറഞ്ഞു "ഇവൻ ആരാണു പാപമോചനം നൽകുവാൻ?" രണ്ടാമൻ പറഞ്ഞു: "പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നുപോലും! അമ്പടാ! ദൈവദൂഷക!" മൂന്നാമൻ "ആ പെണ്ണിനെ ഇവൻ തൊട്ടതാണത്യത്ഭുതം!" വേറൊരുവൻ "നിങ്ങളെന്തിനാണിങ്ങനെ അതുമിതും പുലമ്പുന്നതു്?" അദ്ദേഹം "ഒരു ദിവ്യനെപ്പോലെയാണല്ലൊ അവളോടു പ്രവൃത്തിച്ചതു്? അവൾക്കു വലുതായ ആശ്വാസവും സമാധാനവും ഉണ്ടായതു നാം കണ്ടുവല്ലൊ?"

പന്തിഭോജനം അവസാനിച്ചുകഴിഞ്ഞു. വീണ്ടും നിശബ്ദത എങ്ങും വ്യാപിച്ചു. പരിമളതൈലത്തിൻെറ സുഗന്ധം ഇനിയും ഏവരേയും ആശ്വസിപ്പിച്ചുകൊണ്ടു തന്നെ ഇരിക്കുന്നു.

"ചുററുമൊരാനന്ദശാന്തത ചേർന്നിതു;
മുററുമനങ്ങാതായ് ദീപനാളം
ചന്ദ്രമസ്സുന്നിദ്രനക്ഷത്രാഢ്യത്തിൽ
നിന്നുവിളങ്ങിനാനൊന്നുകൂടി"

പ്രകൃതത്തിലെ നിശബ്ദാവസ്ഥ ദിവാകരന്റെ "മേനിയിൽ കിടന്നു സിദ്ധിയാർന്ന" നളിനിയെ അനുസ്മരിപ്പിക്കുന്നു.

"നീലവിൺനടുവുറച്ചുഭാനുകാ-
ൺമീലകാട്ടിലുമനക്കമൊന്നിനും;
ബാലനിത്ധടുതിപൊങ്ങുമൂക്കിനാൽ
കാലചക്രഗതിനിന്നുപോയിതോ?"

(നളിനി)

എന്നു ദിവാകരൻ ചോദിക്കുന്നു "മാറേറണ്ടവയെ മാററി" നോക്കുമ്പോൾ ഈ രണ്ടു ഭാഗവും തമ്മിൽ വലുതായ ഐക്യം കാണുമെങ്കിലും രണ്ടു കവികളും രണ്ടു തരത്തിലാണു സ്വാശയങ്ങളെ പ്രകടിപ്പിക്കുന്നതു്. നക്ഷത്രമദ്ധ്യത്തിലെ ചന്ദ്രമസ്സും നീലവിൺനടുവിലെ ഭാനുവും നിശ്ചലമായി പ്രകാശിക്കുന്നുണ്ടു്. കാട്ടിലനക്കമില്ല, ദീപനാളമനങ്ങാതാവുകയും ചെയ്യുന്നു. ഈ സന്ദർഭങ്ങളുടെ വർണ്ണനാസാദൃശ്യം ആലോചിക്കുമ്പോൾ വള്ളത്തോളും ആശാനും തമ്മിൽ ധാരാളം സാമ്യമുള്ളതായി പ്രത്യക്ഷപ്പെടാതിരിക്കയില്ല. പാണ്ഡിത്യവും പരിശീലനവും ഭാവനയുമാണല്ലൊ കവികളുടെ പ്രധാന യോഗ്യതകൾ. ഇവയോരോന്നും ഓരോരുത്തർക്കും ഓരോവിധമാണു സിദ്ധമാവുക. വള്ളത്തോൾ സാഹിത്യനിർമ്മാണം ഒരുവൃത്തിയായി സ്വീകരിച്ചിരിക്കയാണെങ്കിൽ ആശാൻ സമുദായോദ്ധാരണത്തിൽ വ്യാപൃതനായിരിക്കുകയായിരുന്നു. എങ്കിലും പ്രതിപാദന സംപ്ര

ദായത്തിൽ ആശാനും വള്ളത്തോളും തുല്യസ്ഥാനികളാണെന്നാണ് എൻെറ അഭിപ്രായം. പക്ഷെ ആശയവിശേഷത്തിൽ അങ്ങിനെയല്ലതാനും. ആശാൻ അദ്ധ്യാത്മവിഷയത്തിൽ അനെനസ്യൂതമായി പരിശ്രമിച്ചുകൊണ്ടിരുന്ന ആളാണത്രെ. ഒരു മഹർഷിയെ അദ്ധ്യാപകനായും സ്വചിന്താമണ്ഡലത്തിലെ നിത്യസഞ്ചാരികളായി വ്യാസാദി മഹർഷിമാരെയും കാളിദാസാദി കവികുലശ്രേഷ്ഠന്മാരെയും സിദ്ധിച്ചിട്ടുള്ള ആശാൻെറ ആശയം ഗംഭീരമായി കാണപ്പെടുന്നതിലത്ഭുതപ്പെടുവാനില്ലല്ലോ. അദ്ദേഹത്തിൻെറ കൃതികൾക്കുള്ള ഒരു പ്രത്യേക ഗുണം അവയിൽ അന്തർലീനമായി കാണപ്പെടുന്ന തത്വജ്ഞാന പ്രതിഷ്ഠയാകുന്നുവെന്ന് ഒരു ലേഖകൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. അദ്ദേഹം തുടർന്നു പറയുന്നു. "ആശാൻെറ പദ്യങ്ങളിലെ ആശയങ്ങളുടെ ദുരവഗാഹിത്വത്തിനും കാരണം ഇതുതന്നെ. എന്നാൽ അവയിലെ ആശയങ്ങൾ അറിയുന്നിടത്തോളം മേൽക്കുമേൽ ജിജ്ഞാസയെ വർദ്ധിപ്പിക്കുകയും വായനക്കാരൻെറ ചിന്താഗതിയെ ഉണർത്തുകയും കാവ്യത്തിനുള്ള ആലോചനാമൃതത്വം എന്ന ഗുണത്തിൻെറ സൽഭാവം നല്ലപോലെ പ്രത്യക്ഷപ്പെടുത്തുകയും ചെയ്യുന്നു. ഐഹിക സുഖങ്ങളുടെ നശ്വരത്വം, ജീവാത്മാവിനും പരമാത്മാവിനും തമ്മിലുള്ള അഭേദ്യമായ ബന്ധം, ആപത്തിൽ നിന്നു ലഭിക്കുന്ന ആനന്ദം, മനുഷ്യൻെറ മരണാനന്തര ജീവിതം, മുതലായ ഉൽകൃഷ്ടപ്രമേയങ്ങളാണ് അദ്ദേഹത്തിൻെറ പദ്യങ്ങളിൽ പ്രതിപാദിക്കപ്പെടുന്നതു്. ഈ വിധത്തിലുള്ള അദ്വൈതാമൃതം ആസ്വദിച്ച് അജരാമരന്മാരായി തീരുവാൻ അനുകൂലമായ

മനസ്ഥിതിയില്ലാത്ത ചാർവാകന്മാർക്കു് ആശാൻെറ കവിതാമാർഗ്ഗം ഗുണരഹിതമാണെന്നു തോന്നുന്നുവെങ്കിൽ അതിനെപ്പററി ഒട്ടും അത്ഭുതപ്പെടാനില്ല." കാലചക്രത്തിൻെറ വിക്രിയകളല്ലേ ഇതു്? വള്ളത്തോളോ ഒരു സവർണ്ണ ഹിന്ദു! ശ്രീവാത്മീകിയെ തന്നെ മുഴുവനും അരച്ചുകുടിച്ച അസാദ്ധ്യൻ! തന്നിമിത്തം ആശയപൌഷ്കല്യത്തിൽ വള്ളത്തോൾ സ്വല്പമെങ്കിലും ആശാൻെറ പിന്നിലാണെന്നു് എങ്ങിനെ പറയും? പിന്നെ ഇവർ തമ്മിലുള്ള അന്തരം എന്തു്? ആശാൻ ആദ്ധ്യാത്മിക വിഷയത്തിനു സർവോപരി പ്രാധാന്യം നൽകുന്നു. വള്ളത്തോളാകട്ടെ പ്രകൃതി വീക്ഷണത്തിനു പ്രാമുഖ്യം കൊടുക്കുന്നു ഒരാൾ ഈശ്വരനിൽ പ്രകൃതിയെ കാണുന്നു, സ്രഷ്ടാവിൽനിന്നു സൃഷ്ടിയിലേക്കു നോക്കുന്നു. മറെറയാൾ പ്രകൃതിയിൽനിന്നു് ഈശ്വരനെ ദർശിക്കുന്നു. സൃഷ്ടിയിൽ നിന്നു സ്രഷ്ടാവിങ്കൽ എത്തുന്നു.

വർണ്ണനാസമ്പ്രദായത്തിൽ ഇവർ തമ്മിൽ എത്രതന്നെ സാമ്യമുണ്ടായിരുന്നാലും, ആശയസഞ്ചയത്തിലെ വ്യത്യാസം കവിതയിലും പ്രത്യക്ഷമാവുന്നുണ്ടു്. ഭാരതത്തിലെ പുരാതന കവിരാജന്മാരായ കാളിദാസനും ഭവഭൂതിയും പ്രകൃതി വർണ്ണനത്തിൽ വിദഗ്ദ്ധന്മാരാണല്ലൊ. അതുപോലെ ആംഗ്ലേയകവികുലകൂടസ്ഥന്മാരായ ഷേക്സ്പീയർ, വേർഡ്സ്വത്തു്, ബൈറൺ, എമേഴ്സൺ പ്രഭൃതികളും പ്രകൃത്യാരാധകന്മാർതന്നെ. എങ്കിലും ഇവർ ഓരോരുത്തരും ഓരോ രീതിയിലാണു് പ്രകൃതിയെ പ്രതിവീക്ഷണം ചെയ്യുന്നതു്. ഭവഭൂതി, പ്രകൃതിയിൽ ആത്മാവിനെ ദർശിക്കുമ്പോൾ കാളിദാസൻ, മനുഷ്യനിൽ പ്രകൃതിയെ സമീക്ഷണം ചെയ്യുന്നു.

ഒരാൾ മനുഷ്യനു പ്രാധാന്യം നൽകുമ്പോൾ മററയാൾ പ്രകൃതിക്കാണു് പ്രാമുഖ്യം പ്രദാനം ചെയ്യുന്നതു്. ഭവഭൂതിയുടെ ദൃഷ്ടിയിൽ മനുഷ്യൻ പ്രകൃതിയുടെ ഒരു സാധാരണ ഘടകം മാത്രമാണു്. എമേഴ്സനും ബൈറനും ഈ അഭിപ്രായക്കാരാണെങ്കിൽ കാണിദാസനും ഷേക്സ്പീയരും, മനുഷ്യനും അവൻെറ അന്തർയാമിയായ ചിന്താസന്താനങ്ങൾക്കും വൈശിഷ്ട്യം നൽകുന്നവരാണു്. ഈ അഭിപ്രായാനുസരണം താരതമ്യം ചെയ്യുമ്പോൾ ആശാൻ കാളിദാസരോടും വള്ളത്തോൾ ഭവഭൂതിയോടും സാദൃശപ്പെടുന്നതായി കാണപ്പെടും. കാളിദാസൻെറ കവിതയുടെ പ്രത്യേകഗുണങ്ങളായ അകൃത്രിമതയും ലാളിത്യവും കുമാരനും, ഭവഭൂതിയുടെ പ്രൗഢിയും മാഹാത്മ്യവും ഹൃദയദ്രവീകരണ ശക്തിയും മേനോനുമാണുള്ളതു്. എങ്കിലും പ്രകൃതിയുടെ നാനാപ്രതിഭാസങ്ങളെ വണ്ണിക്കുന്നതിൽ കാളിദാസൻ ഭവഭൂതിയോടു കിടനില്ക്കാത്തതുപോലെ ആശാൻ വള്ളത്തോളിനോടു കിടനില്ക്കുന്നില്ല. അപ്രകാരം തന്നെ അദ്ധ്യാത്മവിഷയ വണ്ണനാചാതുരി കാളിദാസനു ഭവഭൂതിയോളമില്ലെങ്കിൽ തദ്വിഷയത്തിൽ വള്ളത്തോളിനു് ആശാനോടൊപ്പം സാമർത്ഥ്യമില്ലെന്നും അഭിപ്രായപ്പെടാവുന്നതാണു്. ആശയാവിഷ്ക്കരണ വിഷയത്തിൽ ആശാൻ കാളിദാസനോടെന്നതിനെക്കാൾ ഭാരവിയോടല്ലയോ ഒന്നുകൂടി ചേരേണ്ടതെന്നും വിചാരിക്കേണ്ടതായിരിക്കുന്നു. എന്തെന്നാൽ വാഗത്ഥഗൌരവപ്രകടനത്തിൽ ഭാരവി കാളിദാസനെ അധഃകരിക്കുന്നുണ്ടു്.

"ഉപമാകാളിദാസസ്യ
ഭാരവേരർത്ഥഗൌരവം
ദണ്ഡിനാ:പദലാളിത്യം
മാഘേസന്തിത്രയോഗുണാഃ"

എന്നുണ്ടല്ലൊ.

കേവലം അനവഗാഹമായ അദ്ധ്യാത്മവിഷയ പ്രതിപാദനത്തേക്കാൾ ക്ഷിപ്രസാദ്ധ്യമായ ഒന്നാണു പ്രകൃതിവർണ്ണനം. ഇതുകൊണ്ടുകൂടിയായിരിക്കണം മേനോന്റെ കവിതയ്ക്കു കൂടുതൽ ശയ്യാഗുണവും സൌകുമാര്യവും കാണുന്നതു്. ഉള്ളൂരാകട്ടെ ഇവർ രണ്ടുപേരുടേതിൽ നിന്നും വിഭിന്നമായ പദ്ധതിയെ ആണു് അനുധാവനം ചെയ്യുന്നതു്. ഭവഭൂതിയും കാളിദാസനും തമ്മിൽ പലേ സാദൃശ്യങ്ങളും ഉള്ളതുപോലെതന്നെ ആശാനും മേനോനും തമ്മിലും ഉണ്ടു്. എന്നാൽ ഉള്ളൂരുമായിട്ടു തട്ടിച്ചുനോക്കുമ്പോൾ സാമ്യത്തെക്കാൾ വൈപരീത്യമാണു മുന്നിട്ടു നില്ക്കുന്നതെന്നു പറയേണ്ടിയിരിക്കുന്നു. ഈ ആശയത്തോടു് ഏറെക്കുറെ യോജിക്കുന്നതായ ഒരു അഭിപ്രായം "കേരള കൌമുദി" പത്രാധിപർ പുറപ്പെടുവിച്ചു കാണുകയുണ്ടായി. വള്ളത്തോളിന്റെ തൂലികയിൽ കൂടി കവിത നേരിയ വെള്ളിക്കമ്പിപോലെ പ്രവഹിക്കുന്നു. ആശാന്റേതു തീർത്ഥവാരിപോലെ നിർഗ്ഗളിക്കുന്നു. എന്നാൽ ഉള്ളൂരിന്റേതോ ധാരായന്ത്രത്തിൽ കൂടി വിവിധാകൃതിയിൽ ചൊരിയുന്നു. നോക്കണം, ആശാനും മേനോനും കൈകൊണ്ടു കവിതയെഴുതുമ്പോൾ പരമേശ്വരയ്യർ യന്ത്രംകൊണ്ടു വിവിധാകൃതിയിൽ ചൊരിയുന്നു. ഇതാണു കവി"ത്രിമൂർത്തികൾ" തമ്മിലുള്ള അന്തരം. ആശാനും മേനോനും ജന്മസിദ്ധമായ സ്വരമാധു

രിമയോടു കൂടി രംഗത്തു പ്രവേശിക്കുന്നു. എന്നാൽ ഉള്ളൂരോ? പാണ്ഡിത്യോചിതമായ സ്വരവിശേഷത്തോടും സർവകലാ വൈദഗ്ദ്ധ്യത്തോടും ഹാദാകർഷങ്ങളായ ആഭരണങ്ങളോടും കൂടിയാണു പ്രത്യക്ഷമാകുന്നതു്. ഈ ലക്ഷണപ്രകാരം നോക്കുമ്പോൾ വള്ളത്തോളിനേക്കാൾ ഉള്ളൂരിനാണു ഭവഭൂതിയോടു് അധികം സാമ്യം കാണുന്നതു്.

ആശാന്റെ പാദന്യാസം ഹംസിയുടേതുപോലെ മന്ദമനോഹരമാണെങ്കിൽ വള്ളത്തോളിന്റേതു ലളിതനടിയുടെ ചുറുചുറുക്കോടുകൂടിയതാണത്രെ. ഉള്ളൂരിന്റേതു് വിദഗ്ദ്ധനടിയുടെ താളമേളങ്ങളോടുകൂടിയ നൃത്തമാണു്. ലളിതനടി അന്നനടയെ അനുകരിക്കും; അന്നം ലളിതനടിയെ അനുകരിക്കുവാൻ വിഷമിക്കും. എന്നാൽ വിദഗ്ദ്ധനടിക്കു് രണ്ടും സ്വാധീനം.

ഭാരതീ, പദാവലി തോന്നണം കാലേകാലേ
വാരിധി തന്നിൽ തിരമാലകളെന്നപോലെ.

എന്നു വശ്യവചസ്സായ എഴുത്തച്ഛൻ സരസ്വതീദേവിയോടു അഭ്യർത്ഥിക്കുകയും തൽഫലമായി മലയാളസാഹിത്യനഭസ്സിൽ അനിതരസാധാരണമായ ഉച്ചസ്ഥാനത്തെ പ്രാപിക്കുകയും ചെയ്തു ആഗുരുഭൂതരോടൊപ്പം പരമേശ്വരയ്യരും പ്രാർത്ഥിച്ചിരിക്കണം.

"തുരംഗതുംഗകണ്ഠബദ്ധകിങ്കിണീഘണംഘണ-
ധ്വനിപ്രതിധ്വനിപ്രഘോഷിതാംബരം നിരന്തരം
മദം മുഴുത്തുയർന്ന ഹസ്തിവൃന്ദബദ്ധശൃംഖലാ
ഝലജ്ഝലപ്രഘോഷിതം മുകുന്ദരാമപാഹിമാം"

പ്രായേണ ഇതുപോലെതന്നെ ഉള്ളൂരിനും പദസൌന്ദര്യധാടിയിൽ അനന്യസാമാന്യമായ പ്രതിപത്തിയുണ്ടെന്നുള്ളതു വാസ്തവംതന്നെ. താളവും മേളവും ചിലപ്പോഴെല്ലാം സ്വല്പം കടന്നുപോയിട്ടുമുണ്ടായിരിക്കാം. അതുകൊണ്ടായിരിക്കുമോ ഉള്ളൂരിനു കവിതയില്ലെന്നും മററും ചില വിദ്വാന്മാർ രഹസ്യമായിട്ടും പരസ്യമായിട്ടും ഒക്കെ അഭിപ്രായപ്പെടുന്നതെന്ന് അറിയുന്നില്ല.

"പരമപുരുഷശയ്യേ! ഭാരതക്ഷോണിമൌലേ!
പരശുജയപതാകേ! പത്മജന്മത്തശാലേ!
പരമിവനുസഹായം പാരിലാരുള്ളു നീയേ!
പരവശതയകററിപ്പാലനം ചെയ്കതായേ!"

ഭരതമാതാവിനെ ഉദ്ദേശിച്ചു വിരചിതമായ ഈ പദ്യത്തിൽ കവിതയില്ലപോലും!

ഇതാ വേറൊന്ന്,

"പാരിച്ചവാനിൽ നിഴൽപോലെ മൂടിയ
ക്രൂരിരുൾകട്ടിക്കരിമ്പടത്തെ
തന്മെയ്യിൽനിന്നുവലിച്ചുകലക്കളെ-
ഞ്ഞിമ്മഹീമണ്ഡലപൊൻമണ്ഡപം"

X X X X

ചിക്കെന്നുനോക്കുക; ചൊവ്വേകിഴക്കോട്ടു
ചക്രവാളത്തിൻെറയററത്തായി

X X X X

അങ്ങോട്ടുനോക്കുവിൻ; ദ്യോവുംസമുദ്രവും
ഭംഗിയിൽ മേളിക്കുംദിക്കിൽനിന്നു
പൊന്മയമായൊരുസാധനം പൊന്തുന്നു
കൺമിഴിരണ്ടും തുടച്ചുകാൺമിൻ."

ഈ കവിതയിൽ വിസ്മയരസമാണെല്ലാം പ്രധാന രസം. വിസ്മയം ഒരു രസമോ എന്ന് ഒരുത്തരും ശങ്കിക്കേണ്ട. എന്തെന്നാൽ വിസ്മയം രത്യാദി ചിത്തവൃത്തികളിൽ ഉൾപ്പെടുന്നുണ്ട്.

രതിശോകംമഹോത്സാവം
ക്രോർധംഹാസംഭയംക്രമാൽ
ജുഗുപ്സാവിസ്മയംപിന്നെ
നിർവേദം......................"എന്നാണു പ്രമാണം.

ഇത്യാദിസ്ഥായിഭാവങ്ങളിൽ ഒരെണ്ണം അംഗങ്ങളായ മററു ഭാഗങ്ങളോടു യോജിച്ച് അംഗിയായി തീർന്ന് അവിച്ഛിന്നാധാരമായി നിലനിൽക്കുമ്പോൾ അതിനു രസമെന്നു പേർപറയപ്പെടുന്നു. കന്യാകുമാരിയിലെ സൂര്യോദയത്തിൽ പ്രകാശിക്കുന്ന കവിതയിലും മററും നിലീനമായി കിടക്കുന്ന സുധാരസം എത്രകണ്ടു മധുരതരമാണെന്നു വായനക്കാർകൂടി അനുഭവിച്ചുകൊള്ളട്ടെ എന്നുവച്ചു സ്ഥാലീപുലാകന്യായേന ഏതാനും ഉദാഹരണങ്ങളെ ഇവിടെ ഉദ്ധരിച്ചുവെന്നേയുള്ളു.

ഇനി കുമാരനാരായണപരമേശ്വരന്മാരായ മൂന്നു കവിരാജന്മാരിൽ ആരാണു സാക്ഷാൽ കവിസാർവഭൗമനായിട്ട് ഇപ്പോൾ കൈരളീമഹിളയെ—ഭാഷാസാമ്രാജ്യത്തെ—ഭരിച്ചുകൊണ്ടുപോകുന്നത് എന്നുള്ള ചോദ്യത്തിനു സമാധാനം പറയേണ്ടിയിരിക്കുന്നു. മൂന്നുപേരോടും ഓരോവിധത്തിൽ കടപ്പെട്ടിട്ടുള്ളവർ മൂന്നുപേരേയും സാർവഭൗമന്മാരായി കല്പിച്ചുകളയും. പ്രത്യേകം കടപ്പാടുള്ളവർ യഥേഷ്ടം ഓരോരുത്തരേയും അഗ്രിമ

സ്ഥാനികളാകും. അതുകൊണ്ടു് സാധാരണന്മാർക്കു് വാസ്തവാവസ്ഥ അറിവാൻ നിവൃത്തിയില്ല. ഇതു സംബന്ധിച്ചു് "കൌമുദി"യിൽ ഒരു രസശകലം കാണുകയുണ്ടായി.

(ബോട്ടിൽ വച്ചു ഒരു പട്ടർ ഒരു കുത്തുപൊടി എടുത്തു വലിച്ചു പൊടിയോടെ) ആരിരുന്നാലും ഉള്ളൂര തന്നെ മഹാകവി.

തിരുമുൽപ്പാടു്:–(വെററിലയിൽ ചുണ്ണാമ്പു തേയ്ക്കുന്നതു നിർത്തിയിട്ടു്) അപ്പോൾ കൊച്ചുണ്ണിത്തമ്പുരാനോ?

നായർ–(ഇടത്തുകൈകൊണ്ടു തലമുടിയെ തലോടിക്കൊണ്ടു്) വള്ളത്തോൾ ഉള്ളപ്പോൾ മററാർക്കും കിട്ടില്ല.

ഈഴവൻ- (സിഗററ വായിൽ നിന്നു എടുത്തു) ഞങ്ങൾ ഒരിക്കലും സമ്മതിക്കില്ല, കുമാരനാശാൻ തന്നെ മഹാകവി.

x x x x

സുറിയാനിക്കാരൻ–(ദ്വേഷ്യപ്പെട്ടുകൊണ്ടു്) ആരെല്ലാം എന്തെല്ലാം പറഞ്ഞാലും വേണ്ടില്ല ചെറിയാൻ മാപ്പിള തന്നെ ഇന്നത്തെ കവി.

x x x x

സന്യാസി- (പുഞ്ചിരിതൂകികൊണ്ടു്) ഇനുതന്നെ ജാതിയില്ലന്നായാലോ? സരസ്വതീദേവി ഏതു ജിഹ്വ

യിലും സ്വച്ഛന്ദം കളിയാടിക്കൊണ്ടിരിക്കുന്ന സ്ഥിതിക്കു സാഹിത്യനഭോമണ്ഡലത്തിൽ ജാതി പിശാചിന് ഒട്ടുംതന്നെ സ്ഥാനം കൊടുത്തുകൂടാത്തതാണ്. എങ്കിലും രാജ്യതന്ത്രങ്ങളിലെന്നപോലെ തന്നെ കാവ്യത്തിലും ഇപ്പോൾ വർണ്ണത്തിനാണ് പ്രാമുഖ്യം. കവനകൌമുദി മാസികയിലെ ഭാഷാഭിമാനിപ്രഭൃതികളുടെ പദ്യസമരവും സന്മാർഗ്ഗപോഷിണി സഭയിലെ ശാസ്ത്രികളുടെ വാഗ്ഘോരണിയും ഇതിനുള്ള ഒടുവിലത്തെ ഉദാഹരണങ്ങളാണെന്ന് ഒരുത്തരും വിചാരിച്ചുപോകേണ്ടാ? തന്നിമിത്തം മുൻചോദ്യത്തിനു സുസ്പഷ്ടമായ ഒരു സമാധാനം പറവാൻ നിവൃത്തിയില്ലാതായിരിക്കുന്നത്. എങ്കിലും ത്രിമൂർത്തികളെന്നുള്ള അഭിസംബോധനകൊണ്ടും ലേഖനപരമ്പരയിലെ ഇതരഭാഗങ്ങൾകൊണ്ടും പരമാർത്ഥ്യം ഏറെക്കുറെ വ്യക്തമായിട്ടുണ്ടല്ലോ. കവിരാജത്രിമൂർത്തികളുടെ താരതമ്യവിവേചനം ഈ നിരൂപണത്തിലെ ഒരംശമാകയാൽ ദീർഘമായ ഈ വ്യതിയാനം ക്ഷന്തവ്യം.

"ഘോരനരകത്തിൽനിന്നാശുവിണ്ണിലേ-
ക്കേറുന്നസാധ്വിയെക്കൊണ്ടാടാനോ
ശുഭ്രമേഘങ്ങളാം വെള്ളിവിമാനങ്ങ-
ളഭ്രസ്ഥലത്തെങ്ങുവന്നനില്ലായ്!"

പാപം തമോമയവും പുണ്യം സത്വമയവുമാണല്ലോ. ആ സ്ഥിതിക്കു നരകഗർത്തത്തിൽ നിന്നും മോചിതയായ മറിയത്തെ സാഘോഷം സ്വർഗ്ഗരാജ്യത്തിലേക്കു ആനയിക്കുവാനായി വെള്ളിവിമാനങ്ങൾ ഹാജരാക്കിയിരിക്കുന്നതു വളരെ ഉചിതം തന്നെ.

ഗ്ഗുതിൽതടത്തിലെമുക്കുവൻ യേശുവാം
നേതാവു നൽകിയനേർവലയാൽ
ആടൽപ്പെട്ടുത്താതെ പുണ്യമത്സ്യങ്ങളെ
തേടിപിടിപ്പവരായ് ചമഞ്ഞു.

ശ്രീയേശുനാഥന്റെ ശിഷ്യന്മാർ മീൻപിടുത്തക്കാരായിരുന്നുവെന്നു സുപ്രസിദ്ധമാണല്ലൊ. പക്ഷെ പിൽക്കാലത്തു അവർ പുണ്യമത്സ്യങ്ങളെ തേടിപ്പിടിച്ചു തുടങ്ങുകയാണു ചെയ്തതു്. രണ്ടു വഞ്ചികൾ കരയ്ക്കു അണഞ്ഞുനില്ക്കുന്നതു കണ്ടു ആ വഞ്ചികളിൽ ഒന്നിൽ ഒരാൾ കയറി ഇരുന്നു് ജനങ്ങളോടുപദേശിച്ചു. അന്നത്തെ ദിവസം പലവഞ്ചികളും ജനസമേതം ഉൾക്കടലിൽ കിടപ്പുണ്ടായിരുന്നു. അവയിൽ ഒന്നിൽ ഉപവിഷ്ടനായി ഒരു ഗുരുവരൻ പ്രസംഗിക്കുന്നു. ഈ ആചാര്യവര്യൻ ആരാണു്? അദ്ദേഹം കന്യകമറിയാമിന്റെ പുത്രനും ബാഹ്യരൂപത്തിൽ ഇതര മനുഷ്യനിൽ നിന്നും പ്രസ്താവിത വ്യത്യാസമില്ലാത്തവനുമായ "യേശുവാം നേതാവു്" തന്നെയാണു്.

ദാ! നോക്കു! ഒരു കൈവർത്തകവ്രജം. അതിൽ കുറേപ്പേർ വലകൾ കഴുകുന്നു. മററു ചിലർ ഈ നവ്യമനുഷ്യൻ ആരായിരിക്കുമെന്നുവച്ചു അത്ഭുതം പ്രദർശിപ്പിക്കുന്നു. സബദിപുത്രന്മാരായ യാക്കോബും യോഹന്നാനും നിന്നപാടെ നിലകൊള്ളുന്നു. തന്റെ വഞ്ചിയിലാണല്ലൊ ഗുരുനാഥൻ കയറിയതെന്നുള്ള അഭിമാനത്തോടും എന്നാൽ അവസരജന്യമായ വിനയത്തോടുംകൂടെ പത്രോസ് നമ്രമുഖനായി നില്ക്കുന്നു. തന്റെ തിരുവായിൽ നിന്നും നിസർഗ്ഗസുന്ദരമായി നിർഗ്ഗമിക്കുന്ന വാങ്മാധുരിപ്രവർഷത്തെ ആസ്വാദിച്ചുകൊണ്ടു് അതാ ഒട്ടു

വളരെ ജനങ്ങൾ സാക്ഷാൽ പഞ്ചപുച്ഛമടക്കി ഉപവിഷ്ടരായിരിക്കുന്നു. ഇവരുടെ നടുവിൽ സഗൗരവവും സമാകർഷവുമായ വിധം സുസ്മേരനിഷ്പാവു പൊഴിച്ചുകൊണ്ടു വഞ്ചിയിൽ എഴുന്നരുളുന്ന ആ ദിവ്യകോമളവിഗ്രഹത്തെ കണ്ടാലും!

"ഉലകങ്ങൾ ചമച്ചുക്രൂരൊടീ
നിലയിൽപോററമധീശ"

നാണു് ഈ ചെറുവഞ്ചിയിലിരുന്നു ഏതിൻതോട്ടത്തിലെ മുക്കുവരുടെ നടുനായകത്വം വഹിക്കുന്നതും അവരെ പുണ്യമൽസ്യങ്ങളെ പിടിക്കുവാൻ പഠിപ്പിക്കുന്നതും.

"പാമരർക്കേറുന്നപാപം
നശിപ്പിച്ചുക്ഷേമത്തെജഗത്തിനുനൽകീടുവാൻ"

പ്രാപ്തിയുള്ള ദിവ്യധാർമ്മികോത്തംസമാണു് ആ മീൻപിടുത്തക്കാരെ മനുഷ്യമൽസ്യങ്ങളെ തേടിപ്പിടിക്കുന്ന വിദ്യ സസ്നേഹം അഭ്യസിപ്പിക്കുന്നതു്! കവിയുടെ ഈ വർണ്ണന അത്ഥവത്തും സുന്ദരവത്തുമായിട്ടുണ്ടെന്നു സ്പഷ്ടമാണു്!

എൻെറ നിരൂപണ പരമ്പരയിലെ കവിരാജത്രിമൂത്തികളിൽ മദ്ധ്യസ്ഥാനി! ഹാ! കഷ്ടം! ഇപ്പോൾ എവിടെ?

"ഷേക്ക്സ്പീയരുംപോയ് ശ്രീവാത്മീകിയു
മൂക്കൻഭീമനുമൊക്കെച്ചെത്തു
അതിലെല്ലാപ്പേരും മേലാൽ

"മൃതി" നിഴലെന്നവിധം പിന്നാലെ"
ഒന്നിച്ചുനടക്കുന്നതു
നന്നായോർത്തുനടന്നീടേണം.
ജലന്തരംപോലെ ജീവിതമെന്നതു
കലിത ദാരമകതളിരിൽനിനച്ച്
ശാശ്വതനായിട്ടുമീശ്വരനെയോ-
ർത്താശ്വാസത്തോടുവാണീടേണം.
ചത്താലും ലോകത്തിൽ നിത്യം
വാഴ്ത്തപ്പെട്ടുവാൻ നോക്കിക്കൊൾവിൻ!!

എന്നു, ലേഖനരചനയിൽ ഈ എഴുത്തുകാരൻെറ ആദ്യഗുരുവായ "നളൻ" പത്തുപന്ത്രണ്ടുവൽസരത്തിനു മുൻപ് എഴുതിയതു് എത്രയോ വാസ്തവമാണ്.

"ഉൾനാട്ടിലെ ഓണം" കഴിഞ്ഞു "വനയാത്ര" ചെയ്തു്, ഒരു "വീണപൂവും" കൊത്തിക്കൊണ്ടു "കളകണ്ഠഗീതം" പാടി "ലീല"യാടി ഉയൻ് ത്രിമൂത്തിസ്ഥാനീയായി "പട്ടം" കിട്ടി "കിരീടധാരണം" ചെയ്ത ഈ ഗ്രാമീണ വൃക്ഷത്തിലെക്കയിൽ" "ചിന്താവിഷ്ടയായ സീതയേ" പ്പോലെ "ദുരവസ്ഥ"യും "പ്രരോദനവും" കഴിഞ്ഞു് ഇപ്പോൾ "കരുണ"യും ചൊല്ലിക്കൊണ്ടു് ഉദ്ധാരകൻെറ (Redeemer) നിരുദ്ധാരകസാമത്ഥ്യത്താൽ ജലത്തിൽ "ദേഹവിയോഗം" ചെയ്തുവെന്നോ?

അയ്യോ കഷ്ടം!! നളിനിയേയും, ലീലയേയും വെള്ളത്തിലേക്കാനയിച്ചശേഷം, നമ്മുടെ കവിയും അവരെ അനുഗമിച്ചു. കവിയെ പല്ലനയാററിൻെറ "കാളിമാവേന്തിയ ചേലനിലേക്കു് എറിഞ്ഞുകൊടുത്തു്", ധമ്മരാജാവു് സംതൃപ്തനായി. എന്നാൽ നാമാകട്ടെ അക്കഥ

യോർക്കുംതോറും "അപഹൃതധനരായ ലുബ്ധരെന്നപോലെയും, അപഗതദീപരരണ്യപാന്ഥരെപ്പോലെയും, വിഷണ്ണരായിത്തീൻ!!! എന്തുചെയ്യാം!!! കൈരളിയുടെ ദുഃഖം അവർക്കേ അറിഞ്ഞുകൂടൂ." പക്ഷെ കവിയുടെ കളസ്വനമധുരിമ അവളെ സമാശ്വസിപ്പിക്കുന്നുണ്ടു്.

"ഞെട്ടററടിയുന്ന പൂവിൻെറ ശോഭയും
ചട്ടററ ചാരുവാം ഗന്ധവും പോലെയും
കെട്ടവിളക്കിൻ പ്രഭയെന്നപോലെയും
കഷ്ടം ഗുണങ്ങൾ മരിച്ചാൽ കഴിഞ്ഞിതെ"

(ആശാൻ)

ന്നോ? ഛെയ്! ഒരിക്കലുമില്ല. ഈ പൂവു് വീണുകിടക്കയില്ല. അതിൻെറ "അച്ഛൻ" എഴുന്നേററുനിന്നു തൻെറ "പ്രമാണത്തെ" ആചന്ദ്രതാരം ഉരുവിട്ടുകൊണ്ടു തന്നെയിരിക്കും. ഈ കോകിലത്തിൻെറ നാദം ഭാഷസാഹിത്യത്തോടുകൂടിയേ നില്ക്കൂ. അതു മലയാളമാകെ മാറെറാലി മുഴക്കിക്കൊണ്ടു തന്നെയിരിക്കും. ക്രിസ്ത്യാനികൾക്കു് സർവപ്രകാരേണയും സ്വീകാര്യമായ വിധത്തിൽ മഗ്ദലേന മറിയത്തെക്കുറിച്ചു് ഒരു കാവ്യമെഴുതരുതേയെന്നു് എൻെറ ഒരു മാന്യസ്നേഹിതൻ ആശാനോടു് എഴുതിചോദിക്കുകയും അങ്ങനെ ചെയ്യാമെന്നു അദ്ദേഹം സമ്മതിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. എങ്കിലും കഷ്ടം! ആശാൻെറ മഗ്ദലേനമറിയം ആശാനോടുകൂടി നഷ്ടപ്പെട്ടുപോയതിൽ ദുഃഖിക്കയല്ലാതെ ഇനി ഗത്യന്തരമില്ലല്ലോ.

"ടിററാനിക്ക"കപ്പൽ അപകടത്തിൽപ്പെട്ടു ന്യ്ല ഡ്പോയി മണ്ണടിഞ്ഞതു വാസ്തവം തന്നെ. പക്ഷെ

സ്ലറപ് ഒരു കവിയല്ലായിരുന്നു. വെള്ളത്തിൽപോയ ഷെല്ലിയോ? ഇന്നും ജീവിക്കുന്നു. തന്നിമിത്തം കുമാര കവിയുടെ ചരമത്തിൽ ചിന്താവിഷ്ടരാകാതെ നമുക്കു പ്ര കൃതത്തിലേക്കു പ്രവേശിക്കാം."

"അത്തൽകൊണ്ടന്ധയാമമ്മഹാഭക്തനെ
ക്രിസ്തുഭഗവാൻെറ തൃക്കടാക്ഷം
ആസ്ഥയാസ്പർശിച്ചു; സുപ്രഭാതാക്കൻെറ
യാദ്യാംശുകങ്ങളമെന്നപോലെ."

പാപകർമ്മംമൂലമുള്ള ദുഃഖത്താൽ മറിയം കേവ ലം അന്ധയായിത്തീർന്നിരിക്കുന്നു. അവളുടെ ബുദ്ധി പ്രകാശം ക്ലേശതിമിരത്താൽ ആക്രമിക്കപ്പെട്ടിരിക്കുന്നു. എങ്കിലും ഈ തിമിരത്തെ യേശുഭഗവാൻെറ തൃക്കണ്ണു കളിൽ നിന്നു പുറപ്പെട്ട വീക്ഷണമാകുന്ന രശ്മിയുടെ സ്ഫുരണം ഹനിച്ചുകളഞ്ഞു. അതു് എങ്ങിനെയെ ന്നു കവി പറയുന്നുണ്ടു്. ഭൂമീദേവിയുടെ പ്രകാശസർവ സ്വത്തെയും ശൂന്യപ്രായമാക്കി "ഞാനല്ലാതാരിനിയീ ലോകത്തിൽ" എന്നു സ്വയം നടിച്ചുവാണിരുന്ന തമോ ദേവി പ്രഭാതസൂര്യൻെറ ഭാസ്സുരണയിങ്കൽ സ്വയം കുത്തിച്ചാവുകയോ മഹാസമുദ്രത്തിൽ മുങ്ങിത്താഴുകയോ ചെയ്യുന്നു.

രൂപകാലങ്കാരസമ്മിളിതവും ഭാവസമ്പൂർണ്ണവു മായ ഈ പദ്യശകലത്തിൽ പ്രകാശിക്കുന്ന അത്ഗാം ഭീര്യം ആംഗ്ലേയഭാഷാസാഹിത്യനഭസ്സിലെ അദ്വിതീയ ജ്യോതിസ്സായ അഡിസ്സൻെറ ഏതാനും പദ്യങ്ങളും അ വയെപ്പററി സാഹിത്യവിമർശകരാജാവായ വില്യം മാക്പീസ്സാക്കറേ പുറപ്പെടുവിച്ച അഭിപ്രായവും എ ൻെറ സ്മൃതിപഥത്തിൽ വരുത്തുന്നു. താക്കറെ പറയുന്നു:—

"ഈ പാദങ്ങൾ നക്ഷത്രതുല്യം പ്രകാശിക്കുന്നതു കാണുക. പ്രശാന്തഗംഭീരമായ പ്രസാദത്തിൽ നിന്നും അവ പ്രശോഭിക്കുന്നല്ലോ" ഈ പ്രശംസയ്ക്കു പാത്രമായ പദ്യങ്ങളെ ഇവിടെ ഉദ്ധരിക്കുന്നതു് ആംഗ്ലേയ ഭാഷാഭിജ്ഞന്മാർക്കു് ഇഷ്ടമാകാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

"Soon as the evening shades prevail,
The moon takes up the wonderous tale,
And nightly the story of her birth;
And all the stars that round her burn
And all the planets in their turn,
Confirm the tidings as they roll,
And spread the truth from pole to pole,
What though no real voice nor sound
Among their radiant orbs be found
In reason's ear they all rejoice
And utter forth a glorious voice
For ever singing as thy shine
The hand that made us divine"

സന്ധ്യാദേവി വിളയാടിത്തുടങ്ങുമ്പോഴേക്കു, "ഭവതി എറെക്കളിക്കേണ്ട, ഈശ്വര മാഹാത്മ്യത്തെ വാഴ്ത്തുവാൻ സചേതന സൃഷ്ടികൾക്കു ഇപ്പോൾ പള്ളിയുറക്കമാണെങ്കിൽ ഇതാ ഞങ്ങളുണ്ടു്." എന്നു പറയുന്ന ഭാവത്തിൽ താരഗണം, ഗ്രഹസമൂഹം തുടങ്ങിയുള്ള വിയന്മാർഗ്ഗചാരികളേകോപിച്ചു ചന്ദ്രികാദേവിയുടെ നേതൃത്വത്തിൽ സാപല്പൂർവം പ്രകാശിക്കയും തങ്ങളുടെ ഉത്ഭവകർത്താവിനെ സ്തുതിക്കയും ചെയ്യുന്നതായും ഉദ്ധൃതപദ്യംമൂലം അഡിസ്സൻ സമർത്ഥിച്ചിരിക്കുന്നു. ഏതാണ്ടു

ഇതുപോലെ തന്നെയാണെല്ലോ പാപകർമ്മക്ലേശത്താൽ മൗനമുദ്ര അടഞ്ഞ മറിയത്തേ യേശുവിൻെറ കടാക്ഷമാകുന്ന പ്രകാശത്താൽ ഉന്മിഷിതയാക്കിതീത്തതു്. അതേ, യേശു അവളുടെ നേരെ തൃക്കൺ പാൎത്തു. ദയയും, കരുണയും, അനുകമ്പയും കലൎന്ന ആ വീക്ഷണം മറിയത്തിൻെറ സ്ഥൂല ശരീരത്തേയും കടന്നു ഹൃദയത്തിൽ തട്ടുമാറു ശക്തിയുള്ളതായിരുന്നു. അവൾ-ആ മാൻപേട അദ്ദേഹത്തിൻെറ നേരെനോക്കി. ഇത്രവ്യക്തവും അർത്ഥവത്തും അനുകമ്പാപൂരം സ്ഫുരിക്കുന്നതുമായ നോട്ടം ലോകത്തിൽ യാതൊരു മനുഷ്യൻെറയും നയനങ്ങളിൽ നിന്നും പുറപ്പെട്ടിട്ടുള്ളതായി അവൾക്കനുഭവപ്പെട്ടിട്ടില്ല. ഈ പ്രാവശ്യം കൃതജ്ഞതാനുമിശ്രമായ അശ്രുക്കളാൽ അവളുടെ നേത്രങ്ങൾ നിമഗ്നങ്ങളായിരുന്നു. അവളുടെ നേത്രങ്ങൾ മാത്രമല്ലാ ശരീരമാസകലം അശ്രുപൂരിതമായി. "ക്രിസ്തുഭഗവാൻെറ തൃക്കടാക്ഷത്തിൻെറ ശക്തിയാണു് അത്രമാത്രം അശ്രുക്കളെ ഇളക്കിവിട്ടതു്. അശ്രുധാരകൾ പാപശുദ്ധീകരണ ശക്തിയുണ്ടെന്നു വേറൊരു മഹാകവിയും പ്രസ്താവിച്ചിട്ടുണ്ടു്. പ്രസിദ്ധ തമിഴ കവികളായ കമ്പർ, തിരുവള്ളുവർ പ്രഭൃതികൾക്കു തുല്യനായ, അല്ലെങ്കിൽ, മിസ്റ്റർ പുരാണലിംഗപിള്ളയുടെ വാക്കിൽ, തമിഴ സാഹിത്യത്തിലെ അദ്വിതീയകൃതിയായ ചിന്താമണിയുടെ അദ്വിതീയതത്തെ പരാജിതമാക്കിയ-മഹാകവിയായ വീരമാമുനിവരൻ പറയുന്നു.

കണ്ണീരാടിക്കഴുവുങ്ക്കശടററിരന്ത്ഞാനതു്
തെണ്ണീരാടിത്തെളിന്താടെളിയുണ്ണീറൈതേവരുളിൻ
റണ്ണീരാടിക്കളിർന്താടവററാവമാപുണരിക്
കണ്ണീരടിയുഴർന്താളുരു വേറയിൽവേറെ്യനാൾ
(തേമ്പാവണി)

[അവൾ (മാനസാന്തരപ്പെട്ട കാന്താരി) കരഞ്ഞു; കണ്ണുനീരിൽ കുളിച്ചു, അവളുടെ കുററങ്ങളാകുന്ന പാപങ്ങളെ കഴുകി ശുദ്ധിയാക്കി തദ്വാരാഗ്രഹിച്ച ജ്ഞാനമെന്ന തെളിഞ്ഞ ജലത്തിൽ കുളിച്ചു തെളിഞ്ഞ തെളിവിനെ പ്രാപിച്ചതിനാൽ ദൈവാനുഗ്രഹം അവളുടെ ഹൃദയത്തിൽ കടന്നു. തന്നിമിത്തം അവളുടെ അകം കുളിർത്തു. പ്രമാദരഹിതവും ശാശ്വതവുമായ തപസ്സ് എന്ന മഹാസമുദ്രത്തിനകത്തു അവൾ മുങ്ങിക്കുളിച്ചു. ഏതൽ കാരണത്താൽ സ്വഭാവഗുണംകൊണ്ടു് അവൾ വേറൊരു ആളായി ചമഞ്ഞു.] മറിയം യേശുവിൽ വിശ്വസിച്ചു. അവളുടെ വിശ്വാസം അസ്ഥാനത്തായില്ല. അവൾ സ്നേഹിച്ചു. അവളുടെ സ്നേഹം സ്വീകൃതമായി. അവൾ സർവേശ്വരനെ വരിച്ചു; സർവ്വേശ്വരൻ അവളുടെ അർച്ചനയെ കൈക്കൊള്ളുകയും ചെയ്തു. മറിയത്തിൻെറ പശ്ചാത്താപം ഹൃദയപൂർവമായിരുന്നതിനാൽ സർവേശ്വരൻ അവൾക്കു പാപമോചനം നൽകി. അവളെ യേശുനാഥൻ അനുഗ്രഹിക്കുകയും ചെയ്തു.

“നിൻെറ വിശ്വാസം നിന്നെ പൊറുപ്പിച്ചിരിക്കുന്നു” എന്നരുളിച്ചെയ്കയും ഉണ്ടായി.

നിത്യവും ഹാർദ്ദമായ് പശ്ചാത്തപിക്കുന്ന
മർത്ത്യരഹോ, മഹാഭാഗ്യവാന്മാർ;
കാരുണ്യമൂർത്തിയാമീശനവർക്കെ-
താരിൽ സമാശ്വാസമേകുമെന്നും

(ഗിരിപ്രഭാഷണം)

അന്നു മുതൽ യേശു അവളുടെ സ്വന്തമാണെന്നു മറിയം പരിഗണിച്ചുപോന്നു. അവളുടെ പാപങ്ങളെ ക്ഷമിച്ച് ജീവിതത്തെതന്നെ പരിപൂതയാക്കിയ ദിവ്യ നാഥനല്ലേ ക്രിസ്തു. അദ്ദേഹം കുരിശിലായാലെന്തു്? അല്ലെങ്കിലെന്തു്? എല്ലായ്പോഴും അവളുടെ കത്താവു തന്നെ. യേശുനാഥൻ കുരിശിൽതൂങ്ങി ആസന്നമരണനായി കിടക്കുമ്പോൾ സമീപത്തു, ദിവ്യമാതാവോടുകൂടി മഗ്ദലേനയും ഉണ്ടായിരുന്നു. തത്സമയം ക്രിസ്തുവിന്റെ ഇഷ്ടജനങ്ങളിൽ അധികമാരും ഗാഗുൽത്തായിലുണ്ടായിരുന്നില്ല. എങ്കിലും യേശുവിന്റെ അമ്മയോടുകൂടി മഗ്ദലേനയുമുണ്ടായിരുന്നുവെന്നു കാണുന്നതിൽ അവളുടെ പാപമോചനം എത്രമാത്രം പരിപൂർണ്ണമായിയെന്നു ഊഹ്യമാണു്

മഗ്ദലേനാമറിയം ഖണ്ഡകാവ്യം വായിച്ചു കഴിയുമ്പോൾ നായികയുടെ അനന്തരകഥ എന്തായിരുന്നുവെന്നു് അറിയാൻ വലിയ ഒരുജിജ്ഞാസ വായനക്കാക്കു ജനിക്കാവുന്നതാണു്. ഈ ജിജ്ഞാസാ നിർവഹണാത്ഥം മറിയത്തിന്റെ കഥാശിഷ്ടസംഗ്രഹം ചേർക്കുന്നതു അന്തർഭോചിതമായിരിക്കുമല്ലോ.

x x x x

വെള്ളിയാഴ്ച, ഉച്ചകഴിഞ്ഞു മൂന്നുമണിക്കാണു ക്രിസ്തുഭഗവാൻ ദിവംഗതനായതു്. അന്നുതന്നെ അഞ്ചുമണിയോടുകൂടി തിരുപ്രേതം കല്ലറയിൽ പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു. പിറേറന്നാൾ സാബത്തു് ആയിരുന്നതുകൊണ്ടു് അന്നു് അവർക്കു യാതൊന്നിനും സ്വാത

ന്ത്ര്യമുണ്ടായിരുന്നില്ല. അതഃപരം ക്രിസ്തുവിൽ വിശ്വസിച്ചും, അദ്ദേഹത്തെ സ്നേഹിച്ചും പോന്നവരുടെ ദുഃഖത്തിന്ന് അതിരില്ല. അവർ ഇനി എന്തു ചെയ്യാനാണ്? എങ്ങോട്ടു പോകുവാനാണ്? അവരുടെ ആശ്രയകേന്ദ്രം—സുസ്ഥിരമെന്നു വിചാരിച്ചാശ്വസിച്ചുപോന്ന ആശ്രയസ്ഥാനം—ഇപ്പോൾ എവിടെ? മഗ്ദലേനയുടെ ഹൃദയം നിഷ്പന്ദവും ശൂന്യീകൃതവുമായിത്തീർന്നു. ജീവിതം തന്നെ ഇനി അനാകർഷകമല്ലേ എന്ന് അവൾ വിചാരിച്ചു. പെട്ടെന്ന് അവൾ വിചാരവീചീവിമുക്തയാകുന്നു. സാബത്ത്സമയം അവസാനിച്ചുവെന്നു നിർദ്ദേശിക്കുന്ന കിംകിണീകാണിതമാണ് അവളെ ജാഗ്രത്തിലേയ്ക്കു് ആനയിച്ചതു്. ദുഃഖഭാരം അവളെ ചിന്താവിമൂഢയാക്കിത്തീർത്തുകളഞ്ഞു. തന്നിമിത്തം യുക്തിയും ബുദ്ധിയും അല്ലാ അവളെ നയിക്കുന്നതു്. അന്ധപരമായ പ്രേമംമാത്രമാണ് അവളുടെ വഴികാട്ടി. ഒട്ടും മടിക്കാതെ മറിയം നടന്നുതുടങ്ങി. സമയം രാത്രിയാണെന്നാകട്ടെ, അവൾ ഏകാകിനിയാണെന്നാകട്ടെ സ്മരിച്ചില്ല. സന്ധ്യാവേളസഹജമായ നിശബ്ദതയും ഭയാനകതയും എങ്ങും വ്യാപിച്ചു. എങ്കിലും അങ്ങാടിയിലുള്ള കടകൾ പൂട്ടുന്ന സമയമായിട്ടില്ല. അതിനാൽ കടകളിലേക്കു തന്നെ പുറപ്പെട്ടു. എങ്ങോട്ടാണെന്നോ എന്തോന്നിനാണെന്നോ ഉള്ള ആലോചനകളൊന്നും കൂടാതെയാണ് അവളുടെ പുറപ്പാട്. ശവകുടീരത്തിലേയ്ക്കു പോകുവാൻ ഇനി പ്രഭാതമാവാതെ തരമില്ല. മാർഗ്ഗമദ്ധ്യേയായിരുന്നു സലോമ്മയുടേയും ക്ലേയോഫാസ് മറിയത്തിൻെറയും വാസസ്ഥാനങ്ങൾ. തന്നിമിത്തം ആ വസതികളെ സമീപിച്ചപ്പോൾ സാലോമ്മയേയും മറിയത്തേയും കൂടി വിളിച്ചു. അവരും യേശുവിൻെറ പ്രേഷ്ഠ

മിത്രങ്ങളും അനുയായികളുമായിരുന്നു. ഇവർ മൂന്നുപേരുംകൂടി സുഗന്ധദ്രവ്യങ്ങൾ വില്പനയ്ക്കു വച്ചിട്ടുള്ള കടകളെ ലക്ഷ്യമാക്കി നടന്നു. ആ സാധനങ്ങളുടെ വിലക്കൂടുതൽ അവരെ ഭയപ്പെടുത്തിയില്ല. കച്ചവടക്കാരൻ ആവശ്യപ്പെട്ട വിലകൊടുത്തു് അവർ വേണ്ടുവോളം വാങ്ങി ഉടൻ തന്നെ മടങ്ങിയെത്തി, രത്നകംബളങ്ങളിൽ സുഗന്ധ തൈലങ്ങളൊഴിച്ചു് ആ തിരുമേനിയെ വീണ്ടും ആഹ്ലാദനം ചെയ്യുവാനുള്ള എല്ലാ സജ്ജീകരണങ്ങളും ചെയ്തു രാത്രികാലം കഴിച്ചു. പ്രഭാതവേളയ്ക്കു മുമ്പേതന്നെ അവർ വീണ്ടും പുറപ്പെട്ടു.

എവിടെയും അന്ധകാരവും നിശബ്ദതയുമേയുള്ളു. ഇനിയും ആരും ഉണർന്നിട്ടില്ല. ഓർശ്ലേം പട്ടണം സുഖസുഷുപ്തിയിൽ ലയിച്ചിരിക്കുന്ന ഈ സമയത്തു് ഇതാ മൂന്നു സാധ്വീമണികൾ ഗാഗുൽത്താമലയിലേയ്ക്കു മന്ദഗമനം തുടരുന്നു. ചന്ദ്രികാധവളിതമായിരുന്ന ആകാശം കാർമേഘപടലങ്ങളാൽ ആച്ഛാദിതമായിരിക്കയാണു്. ചാററമഴയേ ഉള്ളുവെങ്കിലും മേഘഗർജ്ജനവും സൌദാമിനിപ്രഭാവവും ഒട്ടും കുറവല്ല. ഈ മഹിളാമണികളുടെ കൈവശമുള്ള സുഗന്ധതൈലങ്ങളും ശുഭ്രവസ്ത്രങ്ങളും സുഭദ്രമായി വഹിച്ചുകൊണ്ടു ഗാഗുൽത്താമലയുടെ താഴ്വാരത്തിൽ സ്ഥിതിചെയ്യുന്ന ഉദ്യാനത്തെ ലാക്കാക്കി പരസ്പര സംഭാഷണസമുദ്യുക്തരാകാതെ നമ്രശീർഷരായി പതുക്കെ ഗമിക്കുന്നു.

സാവധാനത്തിൽ തെരുവീഥിയുടെ വടക്കു പടിഞ്ഞാറേ ഭാഗത്തെത്തിയപ്പോഴേയ്ക്കും പശ്ചിമദിക്കിൽ കുറേശെ പ്രകാശം കണ്ടു തുടങ്ങുകയും അതോടുകൂടി അതു

വരെയും സാന്ദ്രിച്ഛായകളായി കാണപ്പെട്ടിരുന്ന ക്രൂരരിട്ടിൻ കുഞ്ഞുങ്ങൾ ജീവൽസത്വങ്ങളായി മാറുന്നതും കാണാറായി.

അവരുടെ വലതുഭാഗത്തു ദേവാലയത്തിൻെറ അവ്യക്തരൂപം (Outline) ഹരിദ്രാഭമായ പശ്ചാദ്ഭൂമിയിൽ നിന്നു് ഉത്ഥിതമായി സ്ഥിതി ചെയ്യുന്നു. അപ്പോഴേക്കു ബാലാർക്കൻ പൊന്നിളംകതിരുകൾ വീശിക്കഴിഞ്ഞു. അവർ നഗരത്തിൻെറ മുഖദ്വാരത്തെത്തിയപ്പോൾ സൂര്യപ്രകാശം ദിഗന്തരങ്ങളിലെല്ലാം നന്നെ വ്യാപിച്ചു. അദ്ധ്വനീനമണികളിലാരും ഒന്നും സംസാരിക്കുന്നില്ല. എങ്കിലും പൈങ്കിളിക്കിടാങ്ങളുടെ കളക്രൂജനങ്ങളും ജനങ്ങളുടെ അങ്ങോട്ടുമിങ്ങോട്ടുമുള്ള ഗമനനിർഗ്ഗമനങ്ങളും അവരെയും പ്രവൃത്ത്യുന്മുഖരാക്കിത്തീർത്തു. അപ്പോഴാണു് അവരുടെ ഉദ്ദേശനിർവ്വഹണവൈഷമ്യവും അവരുടെ ദുർബലാവസ്ഥയും അവർക്കു് ഒന്നുപോലെ ബോദ്ധ്യമായതു്. യേശുനാഥൻെറ തിരുമേനി, ഭീമാകൃതിയിലുള്ള ഒരു ശിലയാൽ ആവരണം ചെയ്യപ്പെട്ട പ്രേതകുടീരത്തിലാണല്ലോ സ്ഥിതിചെയ്യുന്നതെന്നുള്ള സ്മരണ അവരുടെ പ്രജ്ഞയിലുദിച്ചതു് അപ്പോഴാണു്. ആ ശിലയുടെ ഉപരിഭാഗത്തു രാജമുദ്ര വച്ചിരുന്നു എന്നു മാത്രമല്ല, ദ്വാരപാലകന്മാരെ അവിടെ കാവൽ നിറുത്തിയിട്ടുമുണ്ടായിരുന്നു.

എങ്കിലും ഭടന്മാരെ അവർ ഭയപ്പെട്ടില്ല. ആരാണു് ആ വലിയ കല്ലു നീക്കിക്കൊടുക്കുന്നതെന്നേ അവർ ചിന്തിച്ചുള്ളു. ആ ചിന്താഭാരം വാഗ്രൂപേണ ബഹിർഗമിച്ച ക്ഷണത്തിൽ അവർ അന്യാദൃശവും അപ്രതീക്ഷി

തവുമായ ഒരു കാഴ്ചകണ്ടു. അവരുടെ പാദങ്ങൾക്ക് അവലംബമായിരുന്ന സ്ഥലം കറങ്ങുന്നുണ്ടോ എന്നവൎക്കു തോന്നി. അവർ ശവകുടീരത്തെ സമീപിച്ചു. നിമിഷമാത്രയിൽ ആ പുണ്യസ്ഥലം അവർക്കു പ്രത്യക്ഷമായി. എന്തു്! അത്ഭുതം!! ആ ശവകുടീരശില, സ്ഥാനം ഭ്രംശത്താൽ മലൎന്നു കിടക്കുന്നു. ചിത്രലിഖിതത്തിൽ എഴുതപ്പെട്ടപോലെ രാജകിങ്കരന്മാർ കമഴ്ന്നുകിടക്കുന്നു. അവരുടെ കൈകൾ നിശ്ചേഷ്ടങ്ങളുമായിരുന്നു. പക്ഷെ അത്യത്ഭുതമായ കാഴ്ച അതൊന്നുമല്ലായിരുന്നു. ഗഗനത്തിലാദിത്യനെന്നപോലെ ആ ശിലയിന്മേൽ ദൃഢഗാത്രനും ബലിഷ്ഠനുമായ ആരോ ഒരാളെ കാണുന്നു. ആ കല്ലു മറിച്ചിടാൻതക്ക ശക്തിയും ധൈര്യവും ആ പുരുഷകേസരിയിൽ കുടികൊള്ളുന്നതുപോലെ അവർക്കു തോന്നി. ആ സ്ഥലത്തെ നായകനെന്നോണം യാതൊരു ക്ലേശവും കൂടാതാണു് ആ സുന്ദര സ്വരൂപം സ്ഥിതി ചെയ്യുന്നതു്. തടിൽ പ്രഭയെ പരാജിതമാക്കുന്ന തേജസ്സും വെൺമഞ്ഞിനെ വെല്ലുന്ന ധാവള്യവും അവിടെ പ്രവഹിച്ചിരുന്നതിനാൽ ആ തേജസ്സ്വരൂപൻ അവരുടെ നേത്രങ്ങൾക്കു് ദുഷ്പ്രേക്ഷനായിരുന്നു. ഈ സ്വരൂപം നിശ്ചയമായും ഒരു സ്വൎഗ്ഗലോകവാസിതന്നെയാണു്. നരകുലജാതനല്ല ഇദ്ദേഹം. അവരുടെ ദേഹം വിറച്ചു. മൂകരായിനിന്നെടത്തുതന്നെനിന്നു. അതാ ആ സ്വരൂപം വാ തുറന്നു് ഏതോ ആജ്ഞാപിക്കുവാനാഗ്രഹിക്കുന്നു. ആഗതരുടെ നേരെ കടാക്ഷവിക്ഷേപം ചെയ്തിട്ടു് ഇങ്ങനെ പറയുന്നു:—

"നിങ്ങൾ ഭയപ്പെടേണ്ടാ. എന്തെന്നാൽ ക്രൂശിൽ വധിക്കപ്പെട്ട യേശുവിനെയാണു നിങ്ങൾ ആരായുന്ന

തെന്നു ഞാനറിയുന്നു. അദ്ദേഹം മുൻകൂട്ടി പ്രവചിച്ചിരുന്നതുപോലെ ഉത്ഥാനം ചെയ്തിരിക്കുന്നു. നാഥനെ കിടത്തിയിരുന്ന സ്ഥലം ഇതാ നിങ്ങൾവന്നു നോക്കിയാലും."

ദൈവദൂതന്റെ വാക്കുകൾ അവരുടെ ഹൃദയത്തെ തട്ടിയുണർത്തി. ശവകുടീരം വാസ്തവത്തിൽ പരിശൂന്യമോയെന്നു പരിശോധിക്കുവാനുള്ള ജിജ്ഞാസ ഇതര ചിന്തകളിൽനിന്നും അവരെ വിമുക്തരാക്കി. ഭടന്മാരെയൊ തേജസ്വരൂപിയേയൊ അവർ ഗണ്യമാക്കിയില്ല. അവർ നിർഭയം കല്ലറയിൽ കടന്നു് അകത്തുനോക്കി. മൃതശരീരം അവിടെയെങ്ങും കണ്ടില്ല. തിരുമേനിയെ ചുററിയിരുന്ന ചില തിരശ്ശീലകളെല്ലാം അവിടെ കിടപ്പുണ്ടു് അത്രമാത്രം. സ്വനാഥന്റെ മൃതശരീരം ആരോ എടുത്തുകൊണ്ടുപോയിരിക്കുമെന്നുള്ള വ്യസനകരമൗത്യം വഹിച്ചുകൊണ്ടു് അവൾ ശിഷ്യപ്രമുഖനായ പത്രോസിന്റെ പക്കലെത്തി, "കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി. മൃതശരിരം എവിടെ ഒളിച്ചുവച്ചിരിക്കുന്നുവെന്നു് അറിയുന്നില്ല" എന്നു പറഞ്ഞു.

നോക്കണം, യേശുവിന്റെ സ്വന്തം ശിഷ്യന്മാരെക്കൂടി വിസ്മയിപ്പിക്കുന്ന സ്നേഹാർദ്രതയോടുകൂടി ഈ സ്ത്രീ പ്രവത്തിക്കുന്നല്ലോ. ശിഷ്യന്മാർ കല്ലറയിൽ ചെന്നു പരിശോധിച്ചു. മൃതശരീരം കാണാതെ അവർ വീട്ടിലേയ്ക്കു മടങ്ങിപ്പോയി. മറിയമോ; അവിൾ എങ്ങോട്ടു പോകുന്നു? യേശുവാണു് അവളുടെ സർവസ്വവും. അദ്ദേഹത്തെ പിരിഞ്ഞുള്ള വാസമോ അവൾക്കു് അചിന്ത്യമാണു്. സ്ത്രീസഹജമായ വിധത്തിൽ അവൾ കല്ലറയ്ക്കു പുറത്തു കരഞ്ഞുകൊണ്ടു നിന്നു. കരയുന്നതി

നിടയിൽ അവൾ കല്ലറയിൽ കുനിഞ്ഞുനോക്കി; യേശു വിന്റെ ശരീരം കിടന്നിരുന്നിടത്തു ധവളവസ്ത്രധാരിക ളായ രണ്ടുദൂതന്മാർ ഇരിക്കുന്നതു കണ്ടു. ഒരുവൻ കാല്ക്ക ലും മററവൻ തലയ്ക്കലും!

"സ്ത്രീയേ, നീ എന്തിന്നു കരയുന്നു?"

ഇതു് ഒരു സാധാരണമായ ചോദ്യമാണു്. ഇതിന്നു "വൃഥാ കരയുകയാണു്" എന്നേ സാമാന്യമായി എല്ലാ വരും ഉത്തരം പറകയുള്ളൂ. വാസ്തവഹേതു ലജ്ജകൊ ണ്ടായിരിക്കാം പലരും മറയ്ക്കുന്നതു്. പക്ഷേ, മറിയത്തി ന്നു ഇമ്മാതിരി വിചാരങ്ങൾ ഇല്ല. അവളുടെ കാര്യം മാത്രം അവൾക്കു്. അവളുടെ രക്ഷകനും നാഥനുമായ യേശുവിനെ പിരിഞ്ഞിരിക്കുവാൻ ഒരു ക്ഷണനേരമെ ങ്കിലും അവൾക്കു സാദ്ധ്യമല്ല. വെറും മനുഷ്യരുടെ ആ ലിംഗനങ്ങളെ അക്ഷാന്തിയോടെ കാത്തിരുന്നിട്ടുള്ള അ വൾക്കു സാക്ഷാൽ ജഗദീശ്വരന്റെ സ്നേഹവചസ്സുകളെ ശ്രവിച്ചുകൊണ്ടും ആ തിരുമേനിയെ ദർശിച്ചുകൊണ്ടും അല്ലാതെയുള്ള ജീവിതം ദുസ്സഹമായി. ആ തിരുമേനി യെ കണ്ടുകൂട്ടുന്ന പക്ഷം അതു സ്വയം ചുമന്നുകൊണ്ടു പോകുന്നതിന്നുകൂടി അവൾ ഒരുക്കമാണു്.

മറിയം പറഞ്ഞു. "എന്റെ കത്താവിനെ" (ഈ ക ത്താവു് സകല ജനങ്ങളുടെയും കത്താവാണെന്നു് അവൾ സമ്മതിക്കുന്നേയില്ല.) "എന്റെ കത്താവിനെ എടുത്തു കൊണ്ടുപോയി. അവനെ അവർ എവിടെ വച്ചു എന്നു ഞാൻ അറിയുന്നില്ല." യൂദന്മാരുടെ പ്രത്യേക വിരോധ ത്തിനും ഒട്ടുവളരെ ശിഷ്യഗണത്തിന്റെ സ്നേഹാദരങ്ങൾ

ക്കും പാത്രമായ യേശു എവിടെയാണെന്നു് ഈ പെണ്ണിന്—അറിയണം പോലും!

അതിനിടയ്ക്കു് എന്തോ ചലിക്കുന്നതുപോലെ അവൾക്കു തോന്നി. അവൾ പിറകോട്ടു തിരിഞ്ഞു. വല്ല പക്ഷിയും പറന്നതാണോ? അല്ല, അതാ ഒരാൾനില്ക്കുന്നു. ദൂതന്മാരെപ്പോലെ തന്നെ അയാളും ചോദിച്ചു. "സ്ത്രീയെ നീ കരയുന്നതെന്തു്? നീ ആരെയാണു് ആരായുന്നതു്? ഇത്തവണ അവൾക്കു് സ്വല്പം ആശ്വാസം തോന്നി. "ഈ മനുഷ്യൻ തോട്ടക്കാരനാണു്, ഈ തോട്ടത്തിലാണു കല്ലറയും. ആ സ്ഥിതിക്കു് ഇയാൾക്കു് മൃതശരീരത്തെപ്പററി അറിയാമെന്നു തീർച്ചയാണു്. ഞാൻ നിലവിളിച്ചതു് ആരെയോ കാണാഞ്ഞിട്ടാണെന്നു് ഇയാൾ ഊഹിക്കുകയും ചെയ്തല്ലൊ" എന്നെല്ലാമായിരുന്നു അവളുടെ മനോഗതം.

അവൾ തുടർന്നു പറഞ്ഞു. "സ്വാമിൻ, താങ്കൾ അദ്ദേഹത്തെ എടുത്തുകൊണ്ടുപോയി എങ്കിൽ എവിടെ വച്ചു എന്നു പറഞ്ഞുതരിക. ഞാൻ എടുത്തുകൊണ്ടുപൊയ്ക്കൊള്ളാം" മനസ്സഴിഞ്ഞുള്ള പ്രേമമാണിതു്. പ്രേമം തന്നെയാണല്ലൊ ഭക്തിയും. നോക്കു്! പ്രേമം അന്ധപ്രായമാണെന്നുള്ളതു് എത്ര വാസ്തവമാണു്. കർത്താവിൻെറ മൃതശരീരം ആ പെണ്ണിൻപിള്ള എങ്ങനെ എടുക്കാനാണു്? എങ്ങോട്ടു കൊണ്ടുപോകുവാനാണു്? എന്തു ചെയ്‌വാനാണു്? സ്നേഹം എല്ലാം വഹിക്കുന്നു; എല്ലാം വിശ്വസിക്കുന്നു; എല്ലാം ആശിക്കുന്നു; എല്ലാം സഹിക്കുന്നു." (1 കോർ. അ. XIII. 5. 7.) പക്ഷെ ഈ വക ആലോചനകൾ വല്ലതും അവളെ ബാധിച്ചെങ്കിൽ മതിയല്ലൊ.

അവൾക്കു പരിചിതമായ സ്വരത്തിൽ അദ്ദേഹം "മറിയേ" എന്നു വിളിച്ചു. "റബ്ബോണി" (എന്റെ നാഥാ) എന്നു സാനന്ദം അവളും വിളിച്ചു. അതുകൊണ്ടുണ്ടോ അവൾ തൃപ്തിപ്പെടുന്നു! അദ്ദേഹത്തിന്റെ തൃപ്പാദങ്ങളെ ഒന്നു ചുംബിക്കാതെ അവൾ കൃതാർത്ഥയാവുകയില്ല. പണ്ടു തൃപ്തിയാവോളം അവൾ ചുംബിച്ചു ആതങ്കത്തൃക്കാലുതന്നെ അല്ലേ അതു്! അവൾ സ്വന്തംപോലെ കൈത്തലത്തിൽ വഹിച്ചുകൊണ്ടു് അവളുടെ തലമുടികൊണ്ടു തുടച്ചതു് ഈ കാലുകളാണല്ലോ. അന്നു് അവളെ ഒരുത്തരും വിരോധിച്ചില്ല. പക്ഷെ ഈ പ്രാവശ്യം യേശു അവളെ തടഞ്ഞു. "എന്നെ തൊടരുതു്" എന്നു് അദ്ദേഹം ഖണ്ഡിച്ചുപറഞ്ഞെങ്കിലും ദ്ദേഹം മഹത്തായ ഒരു ദൗത്യം അവൾക്കു നൽകി. "നീ പോയി എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നു ഞാൻ കയറിപ്പോകുന്നു എന്നു് അവരോടു പറക" എന്നു കല്പിച്ചു. വലുതായ ഒരു സന്ദേശം കൊടുത്തു് അപ്പസ്തോലന്മാരുടെ—അപ്പോസ്തല ആക്കി—അവളെ തൃപ്തിപ്പെടുത്തി. അവൾ യേശുവിന്റെ കല്പനപോലെ പ്രവർത്തിക്കയും ചെയ്തു.

(യോഹ XX. 18)

സുവിശേഷത്തിലെ സാക്ഷ്യം മാത്രം അടിസ്ഥാനപ്പെടുത്തി നോക്കുന്ന പക്ഷം ഉത്ഥാനശേഷം ആദ്യമായി യേശുവിനെക്കണ്ടതു മഗ്ദലേനയാണു്. സ്വനാഥന്റെ ഈ സ്നേഹദാക്ഷിണ്യാദികളെ അവൾ ആജീവനാന്തം അനുസ്മരിക്കുകയും ചെയ്തതായിട്ടാണു കാണുന്നതു്. എന്തെന്നാൽ മറിയം കർത്താവിന്റെ സ്വർഗ്ഗാരോഹണശേഷം ഘോരസുകൃതിനിയായി ജീവിതം നയിച്ചു് മുമ്പി

ലത്തെ പാപജീവിതത്തെ പരിഹാരംകൊണ്ടു പാവനമാക്കുവാൻവേണ്ടി അവൾ മുപ്പതുവർഷക്കാലം നോമ്പും തപസ്സുമായി കഴിച്ചുകൂട്ടി. അവൾ മരണാനന്തരം പാപികളുടെ പ്രത്യേക മദ്ധ്യസ്ഥവാദിനിയായിത്തീരുകയും അനേക പാപികളുടെ മാനസാന്തരത്തിനു ഹേതുഭൂതയാവുകയും ചെയ്തിട്ടുണ്ടു്.

നമ്മുടെ പുണ്യവതിയുടെ ശിരസ്സ് ഇന്നുംസുരക്ഷിതമായിരിക്കുന്നു എന്നാണു കാണുന്നതു്. അതു നേപ്പിൾസിലെ രാജാവായിരുന്ന ചാറൽസ്രണ്ടാമൻ പണിയിച്ച ലാസാൻറ്മോം എന്ന ദേവാലയത്തിൽ എട്ടാം ക്ലെമൻറ പാപ്പായാൽ ദാനം ചെയ്യപ്പെട്ട ഒരു വിശിഷ്ടമായ സമ്പുടകത്തിൽ ഇന്നും സൂക്ഷിക്കുന്നുണ്ടു്. (കാത്തലിക്കു് എൻ സൈക്കിളോപിഡിയാ. വാ. IX) മിശിഹായേശുവിൻെറ ദൈവിക ശക്തി ഏഴു ഭൂതങ്ങളുടെ ആവാസത്തിൽ നിന്നും അവളെ സംരക്ഷിച്ചു. ഇപ്പോൾ അവളുടെ പശ്ചാത്താപം അഥവാ അവളുടെ വിശ്വാസം അവളെ പാപവിമുക്തയാക്കി. ആ അനുഗ്രഹം യേശുനാഥനിൽ നിന്നാണു് അവൾക്കു ലഭിച്ചതു്. തന്നിമിത്തം ടാഗോർ പിന്നീടു പാടിയതുപോലെ അവൾ ഇങ്ങനെ പാടിയിരിക്കണം.

"എനിക്കു നിന്നെ വേണമെന്നും നിന്നെമാത്രം മതിയെന്നും അവസാനം കൂടാതെ എൻെറ ഹൃദയം ആവർത്തിക്കട്ടെ! പകലും രാത്രിയും ഇതരചിന്തകളിലേക്കു് എന്നെ ആകർഷിച്ചുകൊണ്ടിരിക്കുന്ന എല്ലാ ആഗ്രഹങ്ങളും വൈയർത്ഥ്യസംപൂർണ്ണങ്ങളും കാപട്യസമന്വിതങ്ങളുമാണു്.

(ഗീതാഞ്ജലി 38)

എങ്കിലും അദ്ദേഹം ഒരു വാക്കുകൂടി പറഞ്ഞേക്കുമോ? അവൾ പോയില്ല. അവളുടെ പ്രതീക്ഷ അസ്ഥാനത്തായില്ല. എന്തെന്നാൽ അദ്ദേഹം അരുളിച്ചെയ്തു.

"പൊയ്ക്കൊൾക പെൺകുഞ്ഞേ,ദുഃഖംവെടിഞ്ഞുനീ-
യുൾക്കൊണ്ടവിശ്വാസം കാത്തു നിന്നെ."

അവൾ എണീററു നടകൊണ്ടു. ഇവയാണു മറിയത്തോടു യേശുനാഥൻ കല്പിച്ച അവസാന വാക്യങ്ങൾ. മഗ്ദലെന മറിയം കാവ്യത്തിലെ ഒടുവിലത്തെ വാക്യങ്ങളും ഇവ തന്നെയാണു്. രസവ്യഞ്ജകങ്ങളും സന്ദർഭവ്യഞ്ജകങ്ങളുമായ ഈ പാദങ്ങളിലെ പദപ്രയോഗങ്ങൾ പ്രശാന്തപ്രതീതിയുടേയും മനഃസമാധാന സുഷുപ്തിയുടേയും സുഖാനുഭൂതിയെ ഉളവാക്കുവാൻ പര്യാപ്തങ്ങളാണു്.

"കവിതാകാളിദാസസ്യ
തത്രശാകുന്തളംമതം
ശാകുന്തളേ ചതുർത്ഥാങ്ക
സ്തത്രശ്ലോകചതുഷ്ടയം"

എന്നു പറയാവുള്ളതുപോലെ വള്ളത്തോളിൻെറ ഖണ്ഡകാവ്യങ്ങളിൽ വച്ചു മഗ്ദലേനാമറിയമാണു ശ്രേഷ്ഠമായിട്ടുള്ളതെന്നുള്ള ഏതാനും നിരൂപകന്മാരുടെ അഭിപ്രായം മതവിഷയഭാഗം ഒഴിച്ചാൽ തിരസ്കരണീയമാണെന്നു പറവാൻ എനിക്കു ധൈര്യംപോരാ. എന്നു മാത്രമല്ലാ അക്ലിഷ്ടമായ ശബ്ദപ്രയോഗം, പ്രശാന്ത

ഗംഭീരമായ ആശയസ്ഫുടത, പ്രസന്നതരമായ ശബ്ദാ സൗകുമാര്യം, രസസമ്പുഷ്ടമായ പ്രാസാസ്വാദ്യത, സർവോപരി ഭക്തിമയ പ്രാധാന്യം ഇത്യാദി ഗുണഗണങ്ങൾ കൊണ്ടു കൈരളീ മഹിളയ്ക്കു് ഒരു വിശിഷ്ടകണ്ഠാഭരണമായിട്ടാണു മഗ്ദലേനാമറിയം പ്രശോഭിക്കുന്നതെന്നതിനു പക്ഷാന്തരത്തിനവകാശമില്ല തന്നെ.

"സോദരന്മാരെ, എനിക്കു് അനുമതി ലഭിച്ചു. നിങ്ങളെന്നോടു യാത്രപറഞ്ഞാലും നിങ്ങളേവരേയും അഭിവാദ്യം ചെയ്തുകൊണ്ടു ഞാനിതാ പോകുന്നു."

(ഗീതാഞ്ജലി 93)

അനുബന്ധം.

# മഹാകവി വള്ളത്തോൾ

## (അനുസ്മരണം)

### മലയാള ടാഗോർ.

മഹാകവിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുവാൻ ന്യൂഡൽഹിയിൽ ചേർന്ന സംഗീത നാടക അക്കാഡമിയിൽ വച്ചു ശ്രീമതി കുട്ടിമാളുഅമ്മ അഭിപ്രായപ്പെട്ടു, വള്ളത്തോൾ ലോകമഹാകവികളിലൊരാളാണെന്നു്! പരേതനുമായി ദീർഘകാല പരിചയം സമ്പാദിച്ചിട്ടുള്ള ആ മഹതി സ്വഭാഷാഭിമാനപ്രമത്തകൊണ്ടോ അവിചാരിതമായിട്ടോ അങ്ങനെ തട്ടിവിട്ടതായിരിക്കയില്ല.

പക്ഷേ എല്ലാവരും ആ അഭിപ്രായത്തോടു യോജിക്കുമോ? ഷേക്‌സ്പീയർ, ഡാന്റി, ഗേഥേ, വിക്ടർഹ്യൂഗോ, ടോൾസ്റ്റോയി, കാളിദാസൻ തുടങ്ങിയുള്ള വിശ്വമഹാകവികളുടെ ഗണത്തിൽ സ്ഥാനം പിടിക്കത്തക്ക കവിയെ പ്രസവിക്കാനുള്ള പ്രാഗത്ഭ്യം നമ്മുടെ കൊച്ചുകൈരളീദേവിക്കുണ്ടോ എന്നു സംശയിക്കുന്നവരായിരിക്കില്ലേ അധികവും! ഇന്നോളമുണ്ടായിട്ടുള്ള ഭാരതീയ കവികളിൽ, കാളിദാസനുമാത്രമേ വിശ്വമഹാകവിപ്പട്ടം സർവ്വസമ്മതമായി നൽകപ്പെട്ടിട്ടുള്ളല്ലോ. അതുകൊണ്ടു നമുക്കിങ്ങനെ പ്രസ്താവിക്കാം:

ആധുനികയുഗത്തിലെ ഭാരതീയ പ്രമുഖകവിയായ ടാഗോറിനെ നിർത്തുന്ന ത്രാസിൽ തന്നെ വള്ളത്തോളിനേയും നിർത്താം. മലയാള്ളടാഗോർ എന്നൊരു നാമധേയം കുന്നംകുളത്തുകാർ വള്ളത്തോളിനു പണ്ടേ കൊടുത്തിട്ടുമുണ്ടല്ലോ.

## ത്രിമൂർത്തികൾ.

വള്ളത്തോളിൻെറ ഖണ്ഡകാവ്യങ്ങളിൽവെച്ച് കൂടുതൽ പ്രചരിച്ചിട്ടുള്ളതു് "മഗ്ദലേനമറിയമാണ്". സഹസ്രക്കണക്കിൽ അതിൻെറ പ്രതികൾ മലയാളികൾ വാങ്ങി മനപ്പാഠമാക്കിയിട്ടുണ്ട്. അതിൽ നിന്നു രണ്ടു നാലു് ഈരടികളെങ്കിലും ആലപിക്കാത്ത കേരളീയർ കാണുകയില്ല. അത്രമാത്രം ആ കവിതയുടെ ശൈലീകൌശല്യവും രചനാ ചാതുര്യവും ഭാവനാ സൌന്ദര്യവും ജനഹൃദയങ്ങളെ ഹഠാദാകർഷിച്ചിട്ടുണ്ട്.

സുന്ദരകാവ്യങ്ങളായ കൊച്ചുസീതയ്ക്കോ ശിഷ്യനും മകനുമോ ബധിരവിലാപത്തിനോ ബന്ധനസ്ഥനായ അഭിരുദ്ധനോ, ബാപ്പൂജിക്കോ, ഗണപതിയ്ക്കോ, ശൃംഗാരരസപ്രധാന കൃതിയായ വിലാസലതികയ്ക്കു പോലുമോ പാപിഷ്ഠയായ മറിയത്തിൻെറ പശ്ചാത്താപകഥയെ തോല്പിക്കാൻ സാധിച്ചിട്ടില്ല.

മഗ്ദലേനാമറിയം ഖണ്ഡകാവ്യരചനയ്ക്കു ഉത്തേജനം നൽകിയതു ഒരു സിനിമയും, ആഹ്വാനം ചെയ്തതു പുലിക്കോട്ടിൽ ഉട്ടൂപ്പ ശെമ്മാശനുമായിരുന്നു. അന്നു വള്ളത്തോൾ ആത്മപോഷിണിയുടെ പത്രാധിപരും കെ. രാമകൃഷ്ണപിള്ളയുടെ ചരമാനന്തരം വള്ളത്തോളിനെ ആയിരുന്നു ശെമ്മാശ്ശൻ പത്രാധിപരാക്കിയതു്. എ

ൻെറ ചിരന്തന സുഹൃത്തായിരുന്ന ശെമ്മാശ്ശൻ സ്വദേശാഭിമാനിയുടെ പത്രാധിപത്യകാലത്തേതുപോലെ തന്നെ വള്ളത്തോളിൻെറ കാലത്തും എന്നെക്കൊണ്ടു പോഷിണിയിൽ ലേഖനമെഴുതിച്ചിരുന്നു. അങ്ങനെ വള്ളത്തോളും ഞാനുമായി ലേഖനദ്വാരാപരിചിതരായിത്തീന്നു. മഗ്ദലനാമറിയം ഖണ്ഡകാവ്യം പുറത്തായ ഉടനെ തന്നെ ഒരു പ്രതി എനിക്കും ലഭിച്ചു.–"കേരളീയ കത്തോലിക്കൻ" എന്ന പേരിൽ ചവറയിൽ നിന്നു പുറപ്പെട്ടുകൊണ്ടിരുന്ന മാസികയിൽ അജ്ഞാതനാമാവായി, മഗ്ദലനമറിയം കാവ്യത്തെ വിമർശിച്ചുകൊണ്ടു മൂന്നു നാലു ലേഖനങ്ങൾ ഞാനെഴുതി പ്രസിദ്ധപ്പെടുത്തി. പിന്നീട് അതൊന്നുകൂടി പരിഷ്ക്കരിച്ച് സ്വന്തം പേരിൽ ഭാഷാപോഷിണി മാസികയിലും പ്രകാശനംചെയ്തു. ഒടുവിൽ "വിമർശനവിഹാരം" എന്ന പേരിൽ പുസ്തകമായിട്ടിറക്കി. ആയിടെ പ്രസ്തുത ഗ്രന്ഥം സാഹിത്യ മണ്ഡലങ്ങളിൽ വലിയ കോളിളക്കം ഉളവാക്കാതിരുന്നില്ല.

മഹാകവികളിൽ തെററ് ആരോപിച്ചു കാണുവാനുള്ള സഹിഷ്ണുതയോ അഭിവാഞ്ഛയോ അധികമാർക്കുമുണ്ടായിരുന്നില്ല. മഗ്ദലേനാ നിരൂപണം വിപുലപ്പെടുത്തി ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നീ കവികളെ ത്രിമൂത്തികളായി സങ്കല്പിച്ച അവരുടെ കൃതികളെ ആത്മ വിവേചനം ചെയ്തു രചിച്ച കൃതിയാണു വിമർശനവിഹാരം. ആദ്യമായി ഈ മൂന്നു കവികളെയും ത്രിമൂത്തിസംജ്ഞനൽകി ബഹുമാനിച്ചതു ഞാനാണ്. നാല്പതോളം വർഷങ്ങൾക്കു മുമ്പുമാണതു്. പിന്നീടു പലരും അതേററു പാടിയിട്ടുമുണ്ടു്.

## ഞങ്ങളുടെ കൂടിക്കാഴ്ച

മഹാകവി ചങ്ങനാശേരിയിൽ വന്നപ്പോളാണു് ആദ്യമായി ഞങ്ങൾ തമ്മിൽ കണ്ടതു്. അന്നു ഞാൻ സെൻറു് ബെർക്കുമെൻസ് കോളേജിലെ മലയാളം ലക്ചറർ ആയിരുന്നു. 'പൂവും കായും' എന്ന പുസ്തകത്തിൻെറ ഒന്നാം വാല്യത്തിൽ ഇതേപ്പററി ഞാനെഴുതിയിട്ടുള്ളതുകൊണ്ടു് ഇവിടെ വിസ്തരിക്കുന്നില്ല.

## കൈരളിയുടെ തൃക്കണ്ണ്

മഹാകവിയുടെ സപ്തതിപൂർത്തി സംബന്ധിച്ചു് ഞാനെഴുതിയ ഉപഹാരലേഖനത്തിലാണു് വള്ളത്തോളിന്നു് ഈ പേരു ഞാൻ സങ്കല്പിച്ചെഴുതിയതു്. മഹാകവിയുടെ ചരമം കഴിഞ്ഞ ഉടനെ മാർച്ചു് 14-ാം തീയതിയിലെ കോട്ടയം പത്രങ്ങളിൽ ഞാനെഴുതിയ ലേഖനങ്ങളിൽ "ഭാരതദീപ"മെന്നാണു് വള്ളത്തോളിനെ വിളിച്ചതു്. ടാഗോർ എങ്ങനെ അണയാത്ത ദീപമായി ഭാരതമാകെ പ്രോജ്ജ്വലിച്ചുകൊണ്ടിരിക്കുന്നുവോ, ടാഗോർ കൃതികൾ എങ്ങിനെ വിവിധ ഭാഷകൾക്കു് ഉത്തേജനം നൽകിക്കൊണ്ടിരിക്കുന്നുവോ അങ്ങനെ വള്ളത്തോളും ഭാരതമാകെ പ്രോജ്ജ്വലിക്കുകയും വിവിധ ഭാരതീയ ഭാഷകളെ ഉത്തേജിപ്പിക്കുകയും ചെയ്യുമെന്നു് അഭിപ്രായപ്പെടാം.

## നിരൂപണ സാഹിത്യം

വഞ്ചിയൂർ വച്ചുകൂടിയ സമസ്തകേരള സാഹിത്യപരിഷത്തിൻെറ നാലാമത്തെ വാർഷികസമ്മേളനത്തിൽ

"നിരൂപണസാഹിത്യം" എന്നൊരു പ്രബന്ധം ഞാനെഴുതി വായിച്ചു. അതു മുഴുവനും വാർഷിക റിപ്പോർട്ടിൽ പരിഷൽ ഭാരവാഹികൾ അച്ചടിച്ചിട്ടുമുണ്ടു്. അക്കാലത്തു പുസ്തകങ്ങളുടെ ഖണ്ഡനമണ്ഡനങ്ങളല്ലാതെ കവികളെ നിഷ്പക്ഷമായി വിമർശിച്ചു് നിരൂപണം ചെയ്യുന്ന സമ്പ്രദായം നടപ്പിലുണ്ടായിരുന്നില്ല. പി. കെ നാരായണപിള്ള, കെ. രാമകൃഷ്ണപിള്ള തുടങ്ങിയുള്ള പണ്ഡിതന്മാർ ഈ രീതിയെയാണു ആവലംബിച്ചിരുന്നതു്. വ്യക്തിപരമായ വിദ്വേഷത്തെയോ, മൈത്രിയെയോ ആസ്പദമാക്കാതെ, ഗ്രന്ഥനിരൂപണം ചെയ്യുന്ന പഴക്കം 40 വർഷങ്ങൾക്കു മുമ്പു് ഭാഷാസാഹിത്യത്തിൽ നിലവിലുണ്ടായിരുന്നതായി എനിക്കറിവില്ല. എങ്കിലും വിമർശനസാഹിത്യകാരന്മാരുടെ പട്ടികയിൽ ഇന്നത്തെ യുവസാഹിത്യകാരന്മാർ ഇയ്യുള്ളവരെ ചേർത്തു കാണുന്നില്ല. പി. കെ. നാരായണപിള്ളയും ഞാനും എഡ്യൂക്കേഷൻ അഡൈ്വസറി ബോർഡിൽ സഹപ്രവർത്തകന്മാരും രാമകൃഷ്ണപിള്ളയുടെ സ്വദേശാഭിമാനിയുടെയും കേരളന്റെയും പോഷിണിയുടേയും ഒരു സ്ഥിരം ലേഖകനുമായിരുന്നു. പരസ്പരം കണ്ടിട്ടുപോലുമില്ലായിരുന്ന വള്ളത്തോളിന്റെ കൃതികളെ ഞാൻ നിരൂപണം ചെയ്തതു കവിയോടുള്ള മൈത്രിയോ വിദ്വേഷമോ കൊണ്ടായിരുന്നില്ല. എന്റെ നിരൂപണങ്ങളിൽ ചിലതെല്ലാം അദ്ദേഹം സ്വീകരിച്ചതായി പിന്നീടുള്ള മഗ്ദലേനപതിപ്പുകൾ സാക്ഷ്യം വഹിക്കുന്നുമുണ്ടു്. ഒരു കാര്യം എടുത്തു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. മഗ്ദലനമറിയത്തിന്റെ സാർവത്രികമായ പ്രചാരത്തിൽ എന്റെ നിരൂപണം ഒട്ടുവളരെ സഹായകമായിട്ടുണ്ടു്. ആ കൃതിയുടെ അകൃത്രിമമായ സൗകര്യത്തെ പ്രകീർത്തിക്കുന്നതിൽ

ണൊന്നൊട്ടും തന്നെ ലോപം കാണിച്ചിട്ടില്ലെന്നുള്ളതു വെറും സത്യമാണ്. പരേതനായ ശങ്കരപ്പിള്ളയും ആയുഷ്മാനായ പി. അനന്തൻ പിള്ളയും ഈ വസ്തുത പരസ്യമായി പ്രസ്താവിച്ചിട്ടുണ്ട്. വിമർശന-വിഹാര സാഹിത്യഗ്രന്ഥങ്ങളുടെ അവതാരികകളിൽ. കഥാകാലക്ഷേപ ചക്രവർത്തി ആയുഷ്മൻ കൈമാപ്പറമ്പനും മഗ്ദലേനമറിയം ഖണ്ഡകാവ്യത്തെ ആസ്പദമാക്കി നിരവധി പ്രസംഗങ്ങൾ ചെയ്തിട്ടുള്ള കാര്യവും പ്രസ്താവ്യമാണു്.

നിരൂപണസാഹിത്യമെന്ന കൃതി മദ്രാസ് സർവകലാശാല, വിദ്വാൻ പരീക്ഷയ്ക്കു ടെക്സ്റ്റുബുക്കായി ദീർഘനാൾ അംഗീകരിച്ചിരുന്നു. ഇപ്പോൾ അതിൻെറ മൂന്നാമത്തെ പതിപ്പ് പ്രസ്സിലുണ്ടു. ഇന്നു് പരേതന്മാരായ ത്രിമൂർത്തികളുടെ ചിത്രങ്ങൾ കവർ പേജിൽ ഒന്നിച്ചുചേർത്ത് അടുത്തമാസത്തിൽ ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുന്നതാണു്.– ഇങ്ങനെ ഒരു കൃതി രചിക്കുവാൻ മഹാകവിയുടെ മഗ്ദലനമറിയമാണ് അവസരം നൽകിയതു്. അതുകൊണ്ടു് ഇവിടെ ഇത്രയും പ്രസ്താവിച്ചു എന്നേ ഉള്ളു.

## കേരളകലാമണ്ഡലം

മഹാകാവ്യങ്ങളും ഖണ്ഡകാവ്യങ്ങളും ഒട്ടുവളരെ രചിച്ചുകഴിഞ്ഞു. ഗദ്യവിവർത്തനങ്ങളും പദ്യവിവർത്തനങ്ങളും ചെയ്തു തൻെറ വ്യക്തിമുദ്രപതിയാത്ത വിഷയമോ ഗദ്യപദ്യശാഖകളോ അവശേഷിച്ചിട്ടില്ല, ഇനിയും കഥകളിയുടെ വശ്യശക്തിയും സമസ്തകേരളീയരേയും അറിയിക്കേണ്ടിയിരിക്കുന്നു. പോരാ, ഭാരതീയരേയും അറിയിക്കണം. അതും പോരാ, ലോകമാകെ കേരളീയ കലാസൗഭഗത ആസ്വദിക്കണം. അങ്ങനെ കേരളത്തിൻെറയും കൈ

രളിയുടേയും പേരു പുകഴ്ത്തപ്പെടണം.—അതിനു വേണ്ടിയാണു മഹാകവി കേരളകലാമണ്ഡലം സ്ഥാപിച്ചതും, ചെറുതുരുത്തിയിൽ താമസമാക്കിയതും. കലാമണ്ഡലം മാനേജിംഗ് ബോർഡിൽ ദീർഘകാലം ഞാനൊരു മെമ്പറായിരുന്നതുകൊണ്ട് വള്ളത്തോളിന്റെ ആശയ ഗതിവിഗതികൾ നേരിട്ടു ഗ്രഹിക്കുവാനുള്ള സന്ദർഭങ്ങൾ സുലഭമായിരുന്നു—മഹാകവിയുടെ ജന്മദിനാഘോഷങ്ങളിലും ബോർഡു മീററിംഗുകളിലും സാധാരണമായി ഞാൻ സംബന്ധിക്കാറുണ്ട്.

## മഹാകവിയുടെ മഹാമനസ്ക്കത.

ഒരിക്കൽ മഹാകവിയും ഞാനും കൂടി പെൺകുട്ടികളുടെ നൃത്തപരിശീലനാലയം സന്ദർശിച്ചു മടങ്ങുകയായിരുന്നു. ഞങ്ങൾ കാറിൽ കയറി കാർ സ്റ്റാർട്ടു ചെയ്യുന്നതിനു മുമ്പ് അനന്യശരണയായ ഒരു യുവതി ഗദ്ഗദപൂർവം മഹാകവിയോടടുത്തു.

"ഗുരുദേവാ, ഈ എഴുത്തൊന്നു വായിക്കണേ!"

എന്നു പറഞ്ഞുകൊണ്ട് ഒരു കത്തു് കൊടുത്തു, മഹാകവി വാത്സല്യപൂർവം അതു വാങ്ങി കണ്ണട എടുത്തു മാററിയശേഷം ശ്രദ്ധാപൂർവം വായിച്ചു. അനന്തരം എന്റെ കൈയ്യിൽ തന്നു. ഞാൻ വായിച്ചു തീർന്നപ്പോൾ അദ്ദേഹം പെൺകുട്ടിയോടിങ്ങനെ പറഞ്ഞു.

"ഇക്കാര്യം തീരുമാനിക്കേണ്ടതു ഫാദർ മററമാണ്"

ഉടനെ യുവതി ദയനീയമായി എന്റെ നേരെ തിരിഞ്ഞു. ഞാൻ പറഞ്ഞു:

കുഞ്ഞിന്റെ സങ്കട നിവൃത്തി ഗുരുദേവൻ തന്നെ വരുത്തിത്തരുമെന്നു വിശ്വസിച്ചുകൊള്ളുക."

ആ ബാലികയുടെ നേത്രങ്ങളിലൂടെ കൃതജ്ഞതാനിർഭരമായ അശ്രുകണങ്ങൾ പൊടിയുന്നതു കണ്ടുകൊണ്ടു ഞങ്ങൾ സ്ഥലം വിട്ടു. വള്ളത്തോളിന്റെ സന്മനസ്സിനുപാത്രമായ ആ കുട്ടി ഇന്നു സുപ്രസിദ്ധയായ ഒരു നൃത്തകലാവിദഗ്ദ്ധയാണു്. കലാമണ്ഡലത്തിലെ അന്തേവാസികൾ മഹാകവിയെ ഗുരുദേവനെന്നാണു വിളിച്ചുവരുന്നതു്. ശാന്തിനികേതനവാസികൾ ടാഗോറിനെ എന്നപോലെ.

## സ്വഭാവ ചർച്ച

വള്ളത്തോൾ മഹാകവി മാത്രമല്ലാ, ഒരു മഹാനുമായിരുന്നു. ദൈവവിശ്വാസം, ഹൃദയവിശാലത, ഉദ്ദേശശുദ്ധി, അനഹങ്കാരം, പരഗുണൈകതല്പരത, ഭൂതാനുകമ്പ എന്നീ ഗുണങ്ങൾ അതിപുഷ്കലമായി അദ്ദേഹത്തിൽ ശോഭിച്ചിരുന്നു. ആലുവായിലും എറണാകുളത്തും ഞങ്ങൾ രണ്ടാളും ഒരുമിച്ചു താമസിച്ചിട്ടുണ്ടു്, ചെറുതുരുത്തിയിൽവച്ചുള്ള ദീർഘസമാഗമങ്ങൾക്കു പുറമേ. അതുകൊണ്ടു് എനിക്കു സാക്ഷ്യംവഹിക്കുവാൻ കഴിയും സ്മൃത്യ പുരുഷന്റെ സ്വഭാവഗുണങ്ങളെപ്പററി. ആശ്രിതവാത്സല്യവും കുടുംബാംഗങ്ങളോടുള്ള മമതയും മഹാകവിക്കു സദാ ഉണ്ടായിരുന്നു. ഒന്നു രണ്ടായിരുന്നില്ല ആ കുടുംബശൃംഖലയിലെ ഗ്രന്ഥിപരമ്പര. ആ കണ്ണികളിലെ ഒന്നു രണ്ടു് കമ്മ്യൂണിസ്റ്റു് വലയത്തിൽ കുടുങ്ങിപ്പോയതിൽ മഹാകവിക്കു കുണ്ഠിതമുണ്ടായിരുന്നു എന്നാണു് എനിക്കു് അറിയുവാൻ കഴിഞ്ഞിട്ടുള്ളതു്.

## മഹാകവി കമ്മ്യൂണിസ്റ്റോ?

റഷ്യയിൽ നിന്നു മടങ്ങിയെത്തിയ ഉടനെ ഞങ്ങൾ തമ്മിൽകണ്ടു. അദ്ദേഹമിങ്ങനെ പറഞ്ഞു:—

ഫാദറെ പേനയ്ക്കു് ഇത്ര വളരെ മൂല്യമുണ്ടെന്നു റഷ്യയിൽ ചെന്നപ്പോഴേ ഞാൻ ഗ്രഹിച്ചുള്ളു! തൂലികാകാരന്മാരെ ബഹുമാനിക്കാൻ സോവ്യറ്റുകാർ എന്തെന്തു ചെയ്കയില്ല!

മഹാകവിയുടെ റഷ്യൻ പ്രേമവും കമ്മ്യൂണിസ്റ്റു പ്രണയവും ഈ വാക്കുകളുടെ അർത്ഥം ഗ്രഹിച്ചാൽ മനസ്സിലാകും.

## അമേരിക്കൻ യാത്ര.

റഷ്യൻ പര്യടനശേഷം, അമേരിക്കയ്ക്കും ഒന്നുപോകണമെന്നു വള്ളത്തോളിനു താല്പര്യമുണ്ടായിരുന്നു. ഇളയപുത്രൻ ബാലചന്ദ്രനും, ഞാനുംകൂടി ഒരുമിച്ചുവേണം യാത്ര ചെയ്യാനെന്നും അതിനുള്ള ചെലവു് അമേരിക്ക വഹിക്കണമെന്നുമായിരുന്നു ഉദ്ദേശം. ഈ കാര്യനിർവഹണത്തിനുള്ള എഴുത്തുകുത്തുകൾ ഞാൻ ചെയ്യണമെന്നും ഒന്നു രണ്ടു തവണ എന്നോടു പറയുകയുണ്ടായി. പക്ഷെ, മഹാകവി ഒരു കമ്മ്യൂണിസ്റ്റനുഭാവിയാണെന്നു ചില കേന്ദ്രങ്ങളിലൊരു ധാരണ എങ്ങനെയോ പരന്നുപോയതുകൊണ്ടു് മഹാകവിയുടെ അഭിലാഷം സഫലമായില്ല.

## പ്രതിമാസ്ഥാപനം.

മഹാകവിയുടെ ഒരു പൂർണ്ണ കായപ്രതിമ കലാമണ്ഡലാങ്കണത്തിൽ സ്ഥാപിക്കണമെന്നൊരഭിപ്രായം

ശ്രീ. കോളാടി രാമൻ മേനോൻ തുടങ്ങി ചിലർക്കുണ്ടായിരുന്നു. ഈ വിവരം മഹാകവി ഗ്രഹിച്ചപ്പോൾ, തന്റെ ആയുഷ്ക്കാലത്തു അതു അനുചിതമാണെന്നും സ്വകാലശേഷമുള്ള കാര്യങ്ങൾക്കു് അഭിപ്രായം പറയാൻ തനിയ്ക്കു അവകാശമില്ലയെന്നും പറയുകയുണ്ടായി. അങ്ങിനെ അക്കാര്യം അന്നുതീർന്നു. ഇന്നു് ഭാവിതലമുറയെ ഉദ്ദേശിച്ചതു് നടപ്പാക്കുന്നതു ആശാസ്യമായിരിക്കുമെന്നുതോന്നുന്നു. കേരളത്തിന്റെ ആഗോളപ്രശസ്തിയ്ക്കു കേരളകലാമണ്ഡലം ബീജാവാപംചെയ്തു എന്നുപോലും പറയാവുന്നതാണു്. ആ സ്ഥാപിതിക്കു തജ്ജനയിതാവായ കവിസാർവ്വഭൗമന്റെ പ്രതിമ കലാമണ്ഡലത്തിന്റെ മുഖമണ്ഡപത്തിൽ തന്നെ അചിരേണ സ്ഥാപിച്ചുകാണാനിടയാകുമെന്നുതന്നെ പ്രതീക്ഷിക്കാം.

എന്റെ കാർമ്മകളെഴുതി അയക്കാൻ ലഭിച്ച ക്ഷണമനുസരിച്ച ഏതാണ്ടെല്ലാം ഒരിരുപ്പിൽ കുറിച്ചു. രണ്ടു വ്യാഴവട്ടത്തിലധികമുണ്ടു് ഞങ്ങളുടെ പരിചയകാലം— പലതും അറിയാം. പലതും എഴുതാം. അതെല്ലാം അടുക്കിനും വെടുപ്പിനും എഴുതാൻ സമയവും സൗകര്യവും ഇപ്പോളില്ല-ഏപ്രിൽ 25-ാം നു-യ്ക്കു മുമ്പു് ഈ ലേഖനം അയച്ചിരിക്കണമെന്നാണു് നിർദ്ദേശം. അതിനാൽ മഹാകവിയുടെ ധർമ്മദാരങ്ങൾക്കും പുത്രന്മാർ അഞ്ചുപേർക്കും പുത്രിമാർ മൂന്നുപേർക്കും ജാമാതാക്കൾക്കും എന്റെ ഹാർദ്ദാനുശോചനങ്ങൾ രേഖപ്പെടുത്തിക്കൊണ്ടു് നിറുത്തുന്നു.

---

"ഈ ലേഖനം, ശ്രീ. എൻ. വി. കൃഷ്ണവാര്യരുടെ പ്രത്യേകതാൽപര്യപ്രകാരം മാതൃഭൂമി സ്പെഷ്യലിലേയ്ക്കു 17-3-58-ൽ എഴുതിയതാണു്."

# സാഹിത്യതിലകൻ

## സി. കെ. മററത്തിൻെറ കൃതികൾ.

---

നസ്രേത്തിലെ യോഗി (ജീവചരിത്രം) 1914
മനുഷ്യജന്മം (വേദാന്തം) 1915
3) ഫ്രഡറിക്കു ഒസ്സാനാം (ജീവചരിത്രം) 1919 (3 Editions)
4) പരിത്യാഗപരമകാഷ്ഠ (മുക്തിമാർഗ്ഗം) 1920 2 ,,
5) ക്രിസ്തുഭഗവാൻ (ശാസ്ത്രീയാവലോകനം 1920 3 ,,
6) മഹാപിതാ (സചിത്രകഥ) 1923 4 ,,
7) തടവുകാരായ സ്നേഹിതന്മാർ (തത്വം) 1923 1 ,,
8) സന്മാർഗ്ഗികഫലം (ജീവചരിത്രം) 1928 1 ,,
9) വിമർശനവിഹാരം (കവിതാ ചർച്ച) 1928 3 ,,
10) ഒരു വഞ്ചിയോ പലവഞ്ചിയോ? (തർക്കം) 1929 2 ,,
1) നിരൂപണസാഹിത്യം(പുസ്തകവിമർശനം 1930 3 ,,
12) ഉപന്യാസപ്രകാശിക (പ്രബന്ധങ്ങൾ) 1935 2 ,,
13) സ്മരണാകിരണങ്ങൾ (ആത്മകഥ) 1940 2 ,,
14) പൂജ്യപാദർ (ജീവചരിത്രം) 1941 1 ,,
5) ചരിത്രചർച്ച (ചരിത്രം) 1942 1 ,,
) ചിത്രവേദി (ചെറുകഥകൾ) 1948 2 ,,
) പൂവും കായും—ഒന്നാം വാല്യം 1951 2 ,,
8) പൂവും കായും—രണ്ടാം വാല്യം 1952 1 ,,
9) പൂവും കായും—മൂന്നാം വാല്യം 1952 1 ,,
0) ഗുരുഗീത (സാന്മാർഗ്ഗിക പാഠകൾ) 1953 2 ,,
1) സാഹിത്യസുധ (സാഹിത്യലേഖനങ്ങൾ) 1953 2 ,,
22) കരയുന്നമതിൽ (സഞ്ചാരസാഹിത്യം) 1955 1 ,;

23) കവികുലഗുരുകാളിദാസൻ (ബാലസാഹിത്യം)
1956-(ഗവൺമെൻറു പ്രസിദ്ധീകരണം)

24) പുതിയനിയമം (വിവർത്തനം) 1955 1 ,,

25) അർണ്ണോസ്പാതിരി (ജീവചരിത്രവും
കൃതികളും) 1957 1 ,,

26) ഇരുളും വെളിച്ചവും (നാടകങ്ങൾ) 1957 1 ,,

27) കാളിദാസമഹാകവിയും 6 കൃതികളും അച്ചടിയിൽ

28) മിണ്ടാപ്പൂതം (നാടകസമാഹാരം) ,,

സ്മരണകിരണങ്ങൾ മൂന്നാം പതിപ്പ് ,,

ചരിത്രചർച്ച രണ്ടാം പതിപ്പ് ,,

പരിത്യാഗപരമകാഷ്ഠ മൂന്നാം പതിപ്പ് ,,

പൂവും കായും രണ്ടാം വാല്യം രണ്ടാംപതിപ്പ് ,,

പൂവും കായും മൂന്നാം വാല്യം രണ്ടാംപതിപ്പ് ,,

വിമർശനവിഹാരം നാലാംപതിപ്പ് ,,

സി. കെ. മററം, 1958 മാർച്ച് കുറവിലങ്ങാട്.

C. K. Mattam Kuravilangad P. O.

N. B. ഈ പുസ്തകങ്ങളിൽ അധികവും ഗ്രന്ഥശാലക
യ്ക്കും സ്കൂളുകളിലേയ്ക്കും അംഗീകരിച്ചിട്ടുണ്ട്.
നിരൂപണസാഹിത്യം മദ്രാസിലെ വിദ്വാൻ
ക്ഷയ്ക്കും—വിമർശനവിഹാരം പഴയ ഹയർ
ക്ഷയ്ക്കും ഉപന്യാസപ്രവേശിക ഫോർത്തുഫോ
യ്ക്കും നിർദ്ദേശിച്ചിരുന്നു.

# ക്ഷപണസാഹിത്യം



ത്രിമൂർത്തികൾ

ഗ്രന്ഥകർത്താ →
44—ാം വയസ്സ്

272
287